## നിയമനിർമ്മാണകാര്യം

(1) 2014-ലെ കേരള മത്സ്യവിത്ത് ബിൽ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിൽ ഏകദേശം നാല് ലക്ഷത്തിലധികം ഹെക്ടർ ഉൾനാടൻ ജലാശയങ്ങൾ

ഉണ്ടെങ്കിലും മത്സ്യക്കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നത് ഇതിൽ 25 ശതമാനത്തിൽ താഴെ മാത്രമാണ് കേരളത്തിലെ ജലകൃഷി പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാതിരിക്കുന്നതിന്റെ പ്രധാന കാരണം ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നുള്ളതാണ്. കേരളത്തിലെ ഹാച്ചറികളിലെ നിലവിലെ മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനശേഷി ഏകദേശം 2.5 കോടിയാണ്. ചെമ്മീൻ കുഞ്ഞുങ്ങൾ അഞ്ച് കോടിയുമാണ്. ഈ മേഖലയ്ക്ക് നിലവിൽ ഏകദേശം 10.5 കോടി ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെയും 12 കോടിയോളം ചെമ്മീൻ കുഞ്ഞുങ്ങളെയും ആവശ്യമുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റാൻ അന്യസംസ്ഥാന ഹാച്ചറികളെയാണ് സമീപിക്കുന്നത്. എന്നാൽ അപ്രകാരം ലഭിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനവും ഫലപ്രദമല്ല. ആയതിനാൽ മത്സ്യക്കുഞ്ഞുങ്ങളുടെ ഉത്പാദനവും വിപണനവും നിയന്ത്രിക്കുന്നതിനും അതിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും നിയമപരമായ സംരക്ഷണം നൽകുന്നതിനും ആവശ്യമായ ഒരു ആക്ട് കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. നിലവിൽ കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചറും ആക്ടിൽ മത്സ്യവിത്തുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകൾ ഉണ്ടെങ്കിലും നിലവിലെ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഈ വിഷയം

സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളായ ഒൻപതും പത്തും വകുപ്പുകൾ ഇപ്പോഴത്തെ ആവശ്യത്തിന് പര്യാപ്തമല്ല. അതുകൊണ്ട് നിലവിലുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ പര്യാപ്തമല്ലാത്തതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരാൻ കാരണം. നിലവിലെ ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ടിൽ മത്സ്യവിത്തുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഇതോടുകൂടി ഇല്ലാതാകും. മത്സ്യവിത്ത് ഉത്പാദനത്തിനും വിതരണത്തിനും സംരക്ഷണത്തിനും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി ഒരു പ്രത്യേക സമഗ്ര വിത്ത് നിയമം കൊണ്ടുവന്നാൽ മാത്രമേ ഈ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ ഇല്ലാതാക്കി കാര്യങ്ങൾ ഉദ്ദേശിക്കുന്ന ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുകയുള്ളൂവെന്ന് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ആന്ധ്രാപ്രദേശ്, ആസാം തുടങ്ങിയ സംസ്ഥാനങ്ങൾ ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. ആയതിനാൽ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിൽ ഈ വിഷയം സംബന്ധിച്ച് ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളായ ഒൻപതും പത്തും വകുപ്പുകൾ പ്രസ്തുത ആക്ടിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഒരു സമഗ്ര മത്സ്യവിത്ത് നിയമം കൊണ്ടുവരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2014-ലെ കേരള ഫിഷ് സീഡ് ഓർഡിനൻസ് ബഹുമാനപ്പെട്ട ഗവർണർ 2014 ഫെബ്രുവരി 13-ാം തീയതി

വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓർഡിനൻസ് ജൂലൈ 9-ാം തീയതി ആരംഭിച്ച് ജൂലൈ 17-ാം തീയതി അവസാനിച്ച അസംബ്ലി സമ്മേളനത്തിൽ ആക്ടായി പാസ്സാക്കാൻ സാധിക്കാത്തതിനാൽ 2014-ലെ മത്സ്യവിത്ത് ഓർഡിനൻസ് ബഹുമാനപ്പെട്ട ഗവർണർ 2014 ജൂലൈ മാസം 20-ാം തീയതി വിളംബരപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾക്കനുസൃതമായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രസ്തുത ഓർഡിനൻസിന് പകരം ആക്ട് കൊണ്ടുവരുന്നതിലേക്കായി കേരള മത്സ്യവിത്ത് ബിൽ 2014 തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബിൽ പ്രകാരം സംസ്ഥാനതലത്തിൽ ഒരു മത്സ്യവിത്ത് കേന്ദ്രം സർക്കാർ വിജ്ഞാപനം വഴി കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്. മത്സ്യവിത്ത് ഉത്പാദനവും വിതരണവും ഗുണമേന്മയും സംബന്ധിച്ച് സർക്കാരിലേക്ക് ശുപാർശ ചെയ്യുക, മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുക, സീഡ് സർട്ടിഫിക്കേഷൻ നൽകുക, ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ ചെയ്യുക തുടങ്ങിയവയ്ക്കാണ് പ്രസ്തുത സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിൽ സർക്കാർ നാമനിർദ്ദേശം നൽകുന്ന ഒരാളെ ചെയർമാനായും ഡയറക്ടർ ഓഫ് ഫിഷറീസിനെയും അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടറെയും സർക്കാർ നാമനിർദ്ദേശം

ചെയ്യുന്ന വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യമുള്ള നാലുപേരെയും അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സെന്റർ പ്രവർത്തിക്കുന്നതിന് ഫിഷറീസിലെ ഒരു ഉദ്യോഗസ്ഥൻ സെക്രട്ടറിയായുള്ള ഒരു ഓഫീസ് സംവിധാനമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന് പുറമെ സംസ്ഥാനത്തെ എല്ലാ ജില്ലകളും ഉൾപ്പെട്ട് വരത്തക്ക തരത്തിൽ റീജിയണൽ ഫിഷ് സീഡ് സെന്ററുകൾ കൂടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. റീജിയണൽ സെന്ററുകൾക്കാണ് ലൈസൻസ് നൽകുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളത്. രജിസ്ട്രേഷനുവേണ്ടിയും ലൈസൻസിന് വേണ്ടിയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്നതിന് റീജിയണൽ സെന്ററുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ റീജിയണൽ തലത്തിൽ ഫിഷറീസ് ലബോറട്ടറികൾ രൂപീകരിക്കുന്നതിനും നിലവിലുള്ള ഏതെങ്കിലും സീഡ് ലബോറട്ടറിയെ ഫിഷ് സീഡ് ലബോറട്ടറിയായി പ്രഖ്യാപിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം വഴി നിയമിക്കുന്ന മത്സ്യവിത്ത് സൂക്ഷ്മ പരിശോധകരെയാണ് ഫിഷ് സീഡ് പരിശോധനയ്ക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ മത്സ്യവിത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യവിത്ത്

ഇൻസ്പെക്ടർമാർക്ക് ഹാച്ചറികളിലും മത്സ്യവിത്ത് ഫാമുകളിലും പ്രവേശിച്ച് സാമ്പിളുകൾ സ്വരൂപിക്കുന്നതിനും മറ്റും അധികാരം നൽകിയിട്ടുണ്ട്. ഈ ബിൽ നിയമമാക്കുന്നതിന് എല്ലാ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുകയാണ്. 2014-ലെ മത്സ്യവിത്ത് ഓർഡിനൻസ് ആക്ട് ആക്കുന്നതിനുള്ള 2014-ലെ കേരള മത്സ്യവിത്ത് ബിൽ അവതരിപ്പിക്കുന്നു.

ഇതോടൊപ്പംതന്നെ, മത്സ്യ ജൈവവൈവിദ്ധ്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. 400-ൽപ്പരം സമുദ്ര മത്സ്യ ഇനങ്ങൾ, 15 ഓളം ഓരുജല മത്സ്യങ്ങൾ, ഏകദേശം 225-ൽപ്പരം ശുദ്ധജല മത്സ്യ ഇനങ്ങൾ എന്നിവയാണ് കേരളത്തിന്റെ സമ്പത്ത്. എന്നിരുന്നാലും സമീപ കാലങ്ങളിൽ നടത്തിയ ഗവേഷണ ഫലങ്ങൾ സൂചിപ്പിക്കുന്നത് കേരളത്തിന്റെ മത്സ്യ ജൈവ വൈവിദ്ധ്യത്തിൽ വൻ ശോഷണം നേരിട്ടുവരുന്നു എന്നതാണ്. കേരള തീരത്ത് സമ്പൽ സമൃദ്ധമായിരുന്ന ആവോലി, ആയിരംപല്ലി, വിവിധയിനം ഏട്ട മത്സ്യങ്ങൾ, സ്രാവ്, തിരണ്ടി, മുള്ളൻ, പരവ എന്നിവയുടെ സമ്പത്തിൽ വൻ ശോഷണം കഴിഞ്ഞ 20 വർഷമായി നേരിട്ടുവരുന്നു. ഇവയിൽ ആയിരംപല്ലി, വെള്ള ആവോലി, ചിലയിനം സ്രാവുകൾ, പരവ എന്നിവ തിരോധാനത്തിന്റെ വക്കിലാണ്.

കായൽപ്പരപ്പുകളിൽ നിന്നും വാണിജ്യ പ്രാധാന്യമുള്ള തിരുത, പൂമീൻ,

കാളാഞ്ചി, കണമ്പ്, കറുപ്പ്, വാഴ്മീൻ, ആറ്റുകൊഞ്ച് എന്നിവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സൂചനകൾ ലഭ്യമാണ്. കൂടാതെ വിവിധയിനം കൂരി, കരിമീൻ, കൊഴുവ, നച്ചിക്ക, പൂളാൻ തുടങ്ങിയ മത്സ്യ ഇനങ്ങൾ വളരെ വിരളമായി മാത്രമേ ലഭിക്കാറുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതൊന്നും ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു.

<u>ശ്രീ. കെ. ബാബു:</u> സർ, ഞാൻ നിർത്തുകയാണ്, രണ്ട് മിനിട്ടുകൂടി. 225 ശുദ്ധജല മത്സ്യങ്ങളിൽ 12 ഇനം കേരളത്തിന്റെ നദികളിൽ മാത്രം കാണുന്നവയാണ്. കേരളത്തിന്റെ നദികളിൽ സർവ്വ സാധാരണമായി കണ്ടിരുന്ന കുയിൽ, മഞ്ഞക്കൂരി, കാരി, മൂശി, കല്ലേമുട്ടി, ആറ്റുവാള, പൂളാൻ, തുളി, ചെങ്കണിയാൻ, കൊറുവാപരൽ, മുരശ്ശ്, വാഴക്കാവരയൻ, വയമ്പ്, വിവിധയിനം പരലുകൾ, വിവിധ തരം ഈൽ മത്സ്യങ്ങൾ, ആറ്ററഞ്ഞിൽ എന്നിവ ആശങ്കാജനകമാം വിധം വംശനാശ ഭീഷണി നേരിട്ടുവരുന്നു.

അമിതവും, അശാസ്ത്രീയമായതുമായ മത്സ്യബന്ധനങ്ങൾ, ജലമലിനീകരണം, അനിയന്ത്രിതമായ ചെറുമത്സ്യങ്ങളുടെ ചൂഷണം, ആവാസ വ്യവസ്ഥയുടെ നശീകരണം, മറുനാടൻ മത്സ്യങ്ങളുടെ അധിനിവേശം, കാലാവസ്ഥാ വ്യതിയാനം

എന്നീ കാരണങ്ങളാണ് മത്സ്യ ജൈവവൈവിദ്ധ്യ സമ്പത്തിന്റെ ശോഷണത്തിനും വംശനാശത്തിനും ഭീഷണിക്കുള്ള പ്രധാന കാരണങ്ങൾ. അതുകൊണ്ട് നമ്മുടെ തനതായ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള അധികാരം 12(2) വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ, ഇതുമായി ബന്ധപ്പെട്ട ശിക്ഷ സംബന്ധിച്ചുള്ള വ്യവസ്ഥകളും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം അങ്ങ്

സൂചിപ്പിച്ചതുപോലെ ബില്ലിലുണ്ട്. 2014-ലെ മത്സ്യവിത്ത് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Smt. K. K. Lathika : Sir, I move that -

"This House resolves to disapprove The Kerala Fish Seed Ordinance, 2014 (Ordinance No. 13 of 2014)."

ബഹുമാന്യനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു അവതരിപ്പിച്ച ബില്ലിൽ നാല് ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് ഉൾനാടൻ ജലാശയമുണ്ടെന്ന് പറയുന്നുണ്ട്. ഇതിൽ 25 ശതമാനം മാത്രമാണ് നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നത് എന്നാണ് പറഞ്ഞത്. ഈ നാല് ലക്ഷം ഹെക്ടർ സ്ഥലമെന്നു പറയുന്നത് ഇനി എത്രനാൾ കേരളത്തിലുണ്ടാകും. ഉൾനാടൻ

ജലാശയങ്ങളെക്കുറിച്ചും അതിലെ മത്സ്യവിത്തിനെകുറിച്ചുമൊക്കെ ചർച്ച ചെയ്യുമ്പോൾ ഉൾനാടൻ ജലാശയത്തെകുറിച്ച് വളരെ ഗൗരവമായിത്തന്നെ ചർച്ച ചെയ്യേണ്ടതുണ്ട്. എന്റെ നാട്ടിലെ കാവിലുംപാറ മലയോരത്ത് പുഴതന്നെ ഇല്ലാതാകുന്ന തരത്തിൽ പാറഖനനം നടക്കുകയാണ്. ഇത് പുഴയിലെ മത്സ്യക്കുഞ്ഞുങ്ങളെ മാത്രമല്ല, നമ്മുടെ ആവാസ വ്യവസ്ഥയെത്തന്നെ ഇല്ലാതാക്കുന്ന അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അവതരിപ്പിച്ച സബ്മിഷനിൽ ഉന്നയിച്ചതുപോലെ വലിയ കുന്നുകളും, മലകളും, പുഴകളുമൊക്കെ നശിപ്പിക്കുന്ന അവസ്ഥയാണുള്ളത്. ഈ സർക്കാർ അതിനാവശ്യമായ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയാണ്. നീർത്തട സംരക്ഷണ നിയമം കഴിഞ്ഞ സഭ പാസ്സാക്കിയതാണ്. ആ നിയമത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഒരു നിയമത്തിന് ഈ സഭ വന്നതിനുശേഷം നിയമനിർമ്മാണം നടത്താൻ തയ്യാറായതാണ്. അതിന്റെ ഭാഗമായിട്ടുതന്നെ നിലവിൽ നിൽക്കുന്ന നീർത്തടങ്ങൾ... ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രമേയം അവതരിപ്പിക്കുമ്പോൾ ഓരുജലത്തിലും ശുദ്ധജലത്തിലുമുള്ള മത്സ്യങ്ങളെക്കുറിച്ച പറഞ്ഞു. മത്സ്യവിത്തുകൾ ഏറ്റവും ഫലപ്രദമായി നമ്മുടെ പ്രാദേശിക സർക്കാരുകൾ.....

ശ്രീ. മാത്യു. റ്റി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. സഭാനടപടിക്രമങ്ങൾ നടത്തണമെങ്കിൽ 10 ശതമാനം ക്വാറം വേണം. ഇപ്പോൾ സഭയിൽ ആവശ്യമായ ക്വാറമുണ്ടോ എന്ന് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം. ഭരണപക്ഷത്ത് ആകെ രണ്ടോ മൂന്നോ ആളുകളാണ് ഇരിക്കുന്നത്.

മി. ചെയർമാൻ: ആവശ്യത്തിനുള്ള ക്വാറം ഇപ്പോൾ സഭയിലില്ല. മറ്റുള്ളവർ സഭയുടെ പരിസരത്തുണ്ട്. ഞാൻ റൂളിംഗ് പറഞ്ഞിട്ടില്ല.

ശ്രീ. സി. ദിവാകരൻ: സർ, സഭയിൽ ആവശ്യത്തിനുള്ള ക്വാറമില്ല. സഭ നിർത്തിവയ്ക്കണം.

മി. ചെയർമാൻ: ഇപ്പോൾ 17 അംഗങ്ങളുണ്ട്. ക്വാറം തികഞ്ഞു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച സമയത്ത് സഭയിൽ ക്വാറമില്ലായിരുന്നു. അത് ബഹുമാനപ്പെട്ട ചെയർ എണ്ണിപ്പറഞ്ഞതാണ്. കുറഞ്ഞപക്ഷം ഇത് ആവർത്തിക്കരുത് എന്നെങ്കിലും അങ്ങ് പറയേണ്ടിയിരിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഇതിലെന്താണിത്ര പറയാനുള്ളത്. ഇവിടെ ബന്ധപ്പെട്ട മന്ത്രിമാരുണ്ട്. പിന്നെന്താണ് പ്രശ്നം. മനുഷ്യന് ഭക്ഷണം കഴിക്കണ്ടേ?

നിങ്ങൾ നേരത്തെ ഭക്ഷണം കഴിച്ച് ഇവിടെ വന്നിരുന്നു. ബാക്കിയാർക്കും ഭക്ഷണം കഴിക്കണ്ടേ. ഇതൊക്കെ വളരെ XXX ആണ്.

ശ്രീ. മാത്യൂ റ്റി. തോമസ്: സർ, മെമ്പർമാർ സഭയിൽ ഇരിക്കണമെന്നു പറയുന്നതും ക്വാറം ചോദിക്കുന്നതും XXX ആണെന്ന് ഗവൺമെന്റ് ചീഫ് വിപ്പ് പറയാൻ പാടുണ്ടോ. അങ്ങ് അതെങ്കിലും രേഖയിൽനിന്ന് നീക്കിത്തരണം.

മി. ചെയർമാൻ: അത് രേഖയിൽനിന്ന് നീക്കം ചെയ്യാം. ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യൂ ടി. തോമസ് ഈ വിഷയം ഉന്നയിക്കുന്ന സമയത്ത് ആവശ്യമായ ക്വാറം ഉണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ ക്വാറം ഉണ്ട്. നമുക്കൊരു സൗഹാർദ്ദ നിലയിൽ സഭ മുന്നോട്ടു കൊണ്ടുപോകാം.

ശ്രീമതി കെ. കെ. ലതിക: സർ, കുറച്ചുകാലം കഴിഞ്ഞാൽ നമുക്ക് ഈ ബില്ലിന്റെ ആവശ്യം വരില്ല. കാരണം നമ്മുടെ ഉൾനാടൻ ജലാശയങ്ങളും പ്രകൃതിയുടെ ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന തരത്തിലും, അതിഭയങ്കരമായ രീതിയിൽ പ്രകൃതിയുടെ ഘടനതന്നെ മാറ്റുന്ന രൂപത്തിലും ഒരു ഭാഗത്ത് വലിയ തോതിൽ പാറഖനനം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ പ്രദേശത്തെ കാര്യങ്ങൾ വച്ചുകൊണ്ടുതന്നെ എനിക്കത് പറയാൻ സാധിക്കും. കുറ്റ്യാടി പുഴയുടെ ഉത്ഭവ സ്ഥാനംപോലും ഇല്ലാതാകുന്ന തരത്തിലുള്ള ഖനനമാണ് കാവിലുംപാറ മലയോരത്ത്

നടന്നുകൊണ്ടിരിക്കുന്നത്. വട്ടിപ്പന ക്വാറിയുടെ ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിന് അവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് തയ്യാറാകാതിരുന്നപ്പോൾ ലൈസൻസ് കൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിക്ക് സർക്കാർ നൽകുകയുണ്ടായി. നമ്മളെന്തിനാണ് ആളുകളെ വഞ്ചിക്കുകയും കണ്ണിൽ പൊടിയിടുകയും ചെയ്യുന്ന തരത്തിലുള്ള നിയമങ്ങൾ പാസ്സാക്കുന്നത്; നാടിനേയും നിയമങ്ങളേയും സംരക്ഷിക്കേണ്ടവർ തന്നെ അതിന്റെ ഘാതകരായി മാറുന്ന സ്ഥിതിയാണ് ഇന്ന് നമ്മുടെ കേരളത്തിൽ നിലനിൽക്കുന്നത്.

ഉൾനാടൻ ജലാശയങ്ങളെ സംരക്ഷിച്ചാൽ മാത്രമേ നമുക്കവിടെ മത്സ്യകുഞ്ഞുങ്ങളെ വളർത്താൻ കഴിയുകയുള്ളൂ. നാല് ലക്ഷം ഹെക്ടർ ജലാശയമെന്നു പറയുന്നതിന്റെ 25 ശതമാനത്തിലാണ് നമ്മൾ ഇപ്പോൾ കൃഷി നടത്തുന്നതെന്നാണ് പറയുന്നത്. ജലാശയങ്ങളുടെ വിസ്തൃതി ഇല്ലാതാക്കുകയും, ഹാച്ചറികളുടെ എണ്ണം കുറയ്ക്കുന്ന രൂപത്തിലേയ്ക്കുമുള്ള ഇടപെടലുകളാണ് ഇന്ന് നമ്മുടെ സമൂഹത്തിലുള്ളത്. വലിയ കൈയ്യേറ്റം തന്നെയാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എന്റെ നാട്ടിലെ 400 ഹെക്ടറോളം വരുന്ന ചൊവ്വാപുഴയിൽ വലിയ കൈയ്യേറ്റം നടക്കുകയാണ്. നാൽപ്പതിലധികം മത്സ്യയിനങ്ങളുള്ള പുഴയാണിത്. ഒരുഭാഗത്ത് കൈയ്യേറ്റവും

മറുഭാഗത്ത് വലിയ തോതിലുള്ള മലിനീകരണ പ്രവർത്തനങ്ങളും നടക്കുന്നതിന്റെ ഭാഗമായി ഈ പുഴ നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷിയിടങ്ങളിലെ കീടനാശിനി പ്രയോഗംകൊണ്ടും അമിതമായ പ്ലാസ്റ്റിക്കിന്റെ ഉപയോഗംകൊണ്ടും നമ്മുടെ ജലാശയങ്ങൾ വലിയ രൂപത്തിൽ മലിനമായിക്കൊണ്ടിരിക്കുകയാണ്. ഇവിടെനിന്ന് ലഭിക്കുന്ന മത്സ്യങ്ങൾ കഴിക്കുന്നതുതന്നെ.... ചൊവ്വാപുഴയുടെ തീരത്ത് വസിക്കുന്ന ആളുകൾക്ക് വലിയ രൂപത്തിൽ ക്യാൻസർ രോഗം വന്നുകൊണ്ടിരിക്കുകയാണ്. ഇത് പഠനം നടത്തി കണ്ടെത്തിയതൊന്നുമല്ലെങ്കിലും ആളുകൾക്ക് ഇതുസംബന്ധിച്ച് വലിയ ഭീതിയുണ്ട്. കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനിയുടെ ഭാഗമായിട്ടോ, അല്ലെങ്കിൽ പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായിട്ടുള്ള ഉപയോഗത്തിന്റെ ഭാഗമായിട്ടാണോ ഇതെന്ന് അറിയില്ല. വലിയ തോതിൽ നമ്മുടെ ഭൂമിയേയും മണ്ണിനേയും മനുഷ്യനേയും ഈ കൈയ്യേറ്റങ്ങൾ ബാധിക്കുകയാണ്. ഇത് തടയാനാവശ്യമായ ഇടപെടൽ നടത്തണം.

അതുപോലെത്തന്നെയാണ് പുഴയിലും ജലാശയങ്ങളിലും മീൻ പിടിക്കുന്നതിനായി ചെയ്യുന്ന പ്രവൃത്തികൾ. തോട്ട പൊട്ടിച്ച് മീൻ പിടിക്കുന്ന പ്രവണതയുണ്ട്. അങ്ങനെ ചെയ്തുകഴിഞ്ഞാൽ കിട്ടുന്ന മീനിന്റെ എത്രയോ അധികം മീനുകൾ നഷ്ടപ്പെടുന്നു. ഇത് നിരോധിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായി തടയാൻ

കഴിയുന്ന വിധത്തിലുള്ള എന്തെങ്കിലും ഇടപെടൽ നമുക്ക് നടത്താൻ കഴിയുന്നുണ്ടോ? അതുപോലെ ഞങ്ങളുടെ നാട്ടിലൊക്കെ നഞ്ച് കലക്കി മീൻ പിടിക്കുന്ന ഏർപ്പാട് കാണുന്നുണ്ട്. അങ്ങനെ ചെയ്യുമ്പോഴും കിട്ടുന്നതിലധികം മത്സ്യം നശിച്ചുപോകുന്ന അവസ്ഥയാണുണ്ടാകുന്നത്. 450-ഓളം വിവിധ തരത്തിലുള്ള മത്സ്യസമ്പത്ത് നമുക്കുണ്ടെങ്കിലും അശാസ്ത്രീയമായ മത്സ്യബന്ധനം മൂലം അതിന്റെ വലിയ ശതമാനം ഇനി ഭൂമുഖത്തുനിന്നുതന്നെ ഇല്ലാതാകുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ പോവുകയാണ്. നമ്മൾ പാരമ്പര്യമായി ഉപയോഗിക്കുന്ന ഈട്ടു വയ്ക്കുക എന്ന രീതിയിൽ ഇല്ലി പോലുള്ള സാധനങ്ങളൊക്കെ കൂട്ടിവച്ച് അതിൽ പ്രജനനം നടത്തി അവയെ ഒന്നിച്ച് എടുത്തുകൊണ്ടുപോകുന്ന ഒരു അവസ്ഥ ഉണ്ടാവുകയാണ്. ഇത്തരം കാര്യങ്ങൾ നിരോധിക്കൽ മാത്രമല്ല.....

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് മത്സ്യബന്ധനം വഴി നമ്മുടെ കായലുകളിലും അതുപോലെ ജലാശയങ്ങളിലും മത്സ്യങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ചാണ്. ഈ അടുത്ത കാലത്ത് വേമ്പനാട്ട് കായലിൽ തന്നെ പെലാജിക് നെറ്റ് ഉപയോഗിച്ച് മൽസ്യബന്ധനം നടക്കുന്നതായി വാർത്ത വന്നു. അടക്കംകൊല്ലി വല എന്നാണ്

അതിൻെറ പേര് തന്നെ. ഒരു തവണതന്നെ 300 ഓളം കരിമീൻ പിടിക്കാൻ പറ്റുമെന്നാണ് പറയപ്പെടുന്നത്. ഇപ്പോൾ അത് ഉണ്ടാക്കിയിരിക്കുന്ന ആഘാതം........ ATREE നടത്തിയ ഒരു പഠനത്തിൽ പറയുന്നത് 42 ഇനം മൽസ്യങ്ങൾ ഉണ്ടായിരുന്ന വേമ്പനാട്ട് കായലിൽ ഇത്തരം മത്സ്യബന്ധനത്തിന്റെ ഫലമായി 31 ഇനങ്ങളായി ചുരുങ്ങിയിരിക്കുന്നു എന്നാണ്. മൽസ്യബന്ധനത്തിന് വേണ്ടി ഉപയോഗിക്കുന്ന പ്രാകൃതമായ രീതി വളരെ അപകടാവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. പ്രജനനം വരെ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയിലേക്ക് എത്തുന്നു എന്ന കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

<u>ശ്രീമതി കെ. കെ. ലതിക:</u> സർ, ആ കാര്യങ്ങളാണ് ഞാൻ പറയുന്നത്. കാരണം നമ്മുടെ സമൂഹത്തിൽ ഇപ്പോൾ സമ്പത്തുണ്ടാക്കാൻ, എല്ലാം നഷ്ടപ്പെടുന്ന, ബാക്കിയൊന്നും വയ്ക്കാതെ കൊണ്ടു പോകുന്ന ഒരു രീതി, ആ രീതി താൽക്കാലികമായ ലാഭം മാത്രം, മനുഷ്യന് തൽക്കാലം ലാഭമുണ്ടായാൽ മാത്രം മതി. ആ ലാഭത്തിനുവേണ്ടിയുള്ള പ്രവർത്തനം വലിയ തോതിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ഏറ്റവും ശക്തമായ രീതിയിലുള്ള ഇടപെടലിന് ഈ നിയമത്തിൽ ഒരു വ്യവസ്ഥയും കാണുന്നില്ല. ഈ

നിയമത്തിലെവിടെയും അത്തരമൊരു പ്രവർത്തനം ഇല്ലാതാക്കാൻ വേണ്ടിയുള്ളതൊന്നും കാണുന്നില്ല. ഈ നിയമത്തെക്കാൾ വലിയ നിയമമായ നീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നു. ആ നീർത്തട സംരക്ഷണ നിയമത്തെ നമ്മൾ ഇല്ലാതാക്കി. നമ്മുടെ സമൂഹത്തിൻെറ പാരിസ്ഥിതികാവസ്ഥയെ അട്ടിമറിക്കുന്ന രീതിയിലുള്ള സംവിധാനങ്ങൾക്ക് സർക്കാർ തന്നെ കൂട്ടുനിൽക്കുന്ന അവസ്ഥ. ഞാൻ പറഞ്ഞില്ലേ, കുറ്റ്യാടിപ്പുഴ തന്നെ ഇല്ലാതാകുന്ന ഒരവസ്ഥ എന്നു പറഞ്ഞാൽ എന്താണ്? അത്തരമൊരു അവസ്ഥക്ക് കാവലാളാകേണ്ട ജനപ്രതിനിധികൾ അല്ലെങ്കിൽ ഇതിനൊക്കെ കാവലാളാകേണ്ട നമ്മുടെ ഭരണ സംവിധാനം.... ആ ഭരണസംവിധാനം തന്നെ ഇതിന് കാവലാളാകേണ്ട അവസ്ഥയല്ല, ഇതിന് കൊലയാളിയാകുന്ന അവസ്ഥയാണ് നമ്മൾ നേരിടുന്നത്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ രണ്ടത്താണി സൂചിപ്പിച്ചത് പോലെ ഇന്നിപ്പോൾ മൊത്തം, താൽക്കാലികമായ ലാഭത്തിനു വേണ്ടി ചെറിയ കുഞ്ഞുങ്ങളെ, കായലിൽ മാത്രമല്ല കടലിലും ഈ പ്രക്രിയതന്നെയാണ് നടന്നുകൊണ്ടിരിക്കുകയാണ്. മത്സ്യ കുഞ്ഞുങ്ങളെയും, മുട്ടയേയും എല്ലാം ഒരുമിച്ച് കോരിക്കൊണ്ടുപോകുകയാണ്, അവർക്ക് വേണ്ട വലിയ മത്സ്യത്തെ മാത്രം എടുത്തിട്ട് ബാക്കിയുള്ള മത്സ്യത്തെ പുറം

തള്ളുകയാണ്. അങ്ങനെ പുറം തള്ളുമ്പോൾ നമ്മുടെ ആവാസ വ്യവസ്ഥയും, നമ്മുടെ വലിയ സമ്പത്തുമാണ് നഷ്ടപ്പെടുന്നത് എന്നുള്ളതല്ല. താൽക്കാലികമായ ഒരു ലാഭത്തിനുവേണ്ടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇത് വളരെ ഗൗരവമായി കാണുകയും അതൊക്കെ തടയുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും വേണം. ഇന്ന് സമൂഹത്തിൽ തടയുന്നതിന് ആവശ്യമായ പ്രവർത്തനം നടക്കുന്നത് എങ്ങനെയാണ്? അതൊക്കെ പണം വാങ്ങാനുള്ള ഏജൻസിയാണ്, നമ്മുടെ പോലീസിനെപ്പോലെ, ഇരകളുടെ ഭാഗത്തല്ലാതെ വേട്ടക്കാരന്റെ ഭാഗത്ത് നിൽക്കുകയാണ് നമ്മുടെ പോലീസ് സംവിധാനം. ഏത് സംവിധാനം ഉണ്ടാക്കിയാലും അവയൊക്കെ ഇതിനെ നശിപ്പിക്കാൻ എങ്ങനെയാണ് അതിന് കൂട്ടുനിൽക്കാൻ കഴിയുക, അതിൽനിന്ന് എന്ത് സമ്പത്താണ് നമുക്ക് കിട്ടുക എന്നുള്ളതല്ലാതെ മറ്റൊരു ചിന്ത നമ്മുടെ സമൂഹത്തിൽ പുതിയ ആഗോളവൽക്കരണത്തിന്റെ കാലത്തില്ല. അതിശക്തമായിട്ടുള്ള ഇടപടലുകളും പ്രവർത്തനവും തീർച്ചയായും ഉണ്ടായേ മതിയാകൂ. ബഹുമാന്യനായ മന്ത്രി കുറേ മൽസ്യങ്ങളുടെ പേര് പറഞ്ഞു. നമ്മുടെ നാട്ടിൽ സാധാരണയായി കിട്ടുന്ന കരിമീനും, ചെമ്മീനും, ചെമ്പല്ലി, വാള, മുഴ, കട്ട എന്നൊക്കെ പറയുന്ന ധാരാളം

മൽസ്യങ്ങൾ ഉണ്ട്. അവയൊന്നും ഇപ്പോൾ കാണാനേ കിട്ടുന്നില്ല. ഹാച്ചറിയിൽ മൽസ്യക്കുഞ്ഞുങ്ങളെ ഉണ്ടാക്കുമ്പോൾ വനവൽക്കരണം പോലയാണ്. വനവൽക്കരണത്തിന് എല്ലാകാലത്തും ആർക്കും വേണ്ടാത്ത കുറേ മരങ്ങൾ, ആ പ്രദേശത്തിന് ആവശ്യമില്ലാത്ത മരങ്ങൾ, ഇതൊക്കെ ഇങ്ങനെ നടന്നു പോകണം. കുറേ മനുഷ്യർക്ക് ജീവിച്ച് പോകാനുള്ള സംവിധാനം എന്നല്ലാതെ....... എന്താണ് നമ്മുടെ നാടിന് വേണ്ടത് അത് ശരിയായ രൂപത്തിൽ കൊടുക്കാനുള്ള ഒരു സംവിധാനം വേണം. നമ്മുടെ നാട്ടിൽ കിട്ടുന്ന ഏറ്റവും നല്ല രുചികരമായ മൽസ്യങ്ങൾ, നമ്മുടെ നാട്ടിൽ സംരക്ഷിക്കപ്പെടേണ്ട പുഴയും ജനങ്ങൾ സംരക്ഷിക്കുന്ന മൽസ്യങ്ങൾ, ഇത്തരം കാര്യങ്ങൾക്ക് വേണ്ടിയുള്ള സംവിധാനങ്ങൾ, അവ നാട്ടിൽ കിട്ടുന്നതിനും, അവ സംരക്ഷിക്കപ്പെടാനുമുള്ള സംവിധാനങ്ങൾ വേണം. മത്സ്യക്കുഞ്ഞുങ്ങൾ ഓരോ വർഷവും കൊടുക്കാനുള്ള, വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതുപോലെ 10 ലക്ഷം വൃക്ഷത്തൈകൾ കൊടുത്തു എന്നു പറഞ്ഞിട്ട് എത്ര ലക്ഷം തൈകൾ നാട്ടിൽ ശേഷിക്കുക എന്ന് നോക്കുന്ന അവസ്ഥയുണ്ടല്ലോ? പലപ്പോഴും കൊടുക്കുന്നതിൽ എത്ര ശേഷിക്കുന്നു എന്നു നോക്കുന്നതിനാവശ്യമായ ഒരു സംവിധാനം ഇല്ല. നമ്മൾ കൊടുക്കുന്നത് നിലനിൽക്കുന്നുവോ എന്ന്

നോക്കുന്ന ഒരു സംവിധാനം ഒരുക്കണം. പഴയകാലത്ത് നമുക്ക് നാട്ടിൽ കല്ലുമ്മേക്കായ, മുരു തുടങ്ങിയ പുഴയോരത്തുനിന്ന് കിട്ടുന്ന ഭക്ഷ്യവസ്തുക്കൾ ഉണ്ടായിരുന്നു മൽസ്യം പോലെ ഉപയോഗിക്കുന്നവ. അത്തരം ഭക്ഷ്യവസ്തുക്കളുടേയും എണ്ണത്തിൽ കുറവ് വരികയാണ്, അവയും നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇവയുടെ കൂടെ വളർച്ചക്കാവശ്യമായ പ്രവർത്തനങ്ങൾ ഗൗരവമായി നടത്തണം. പുഴയിൽ മ മത്സ്യങ്ങൾ കുറയുന്നു, അതിന് കുറേ കാരണങ്ങൾ ഉണ്ട്. മണൽ വാരുന്നതിന് ഇത്ര മണലേ വാരാവൂ എന്നുണ്ട്, പക്ഷേ വാരുന്നത് എത്രയോ ഇരട്ടി. മത്സ്യ ത്തിന്റെ പ്രജനനം നടക്കുന്നതിന് കണ്ടൽക്കാടുകൾ വേണം, തണൽ വേണം ആ ഒരു ആവാസ വ്യവസ്ഥ വേണം പല സ്ഥലത്തും പുഴയോരം മണൽ വാരൽ കാരണം തകർന്നു. അതിന്റെ ഫലമായി അവിടെ വലിയ പാറക്കല്ല് കൊണ്ട് കെട്ടുകയാണ്, മത്സ്യങ്ങൾക്ക് പ്രജനനത്തിന് ശേഷിയില്ലാത്ത വിധത്തിൽ ആവാസവ്യവസ്ഥ വലിയ രീതിയിൽ തകിടം മറിയുകയാണ്. ആ തകിടം മറിയൽ നേരത്തേ സൂചിപ്പിച്ചതുപോല മൽസ്യത്തിന്റെ എണ്ണം കുറയുവാനും, വൈവിധ്യത്തിൽ കുറവു വരാനും കാരണമാകുന്നു. അത് നമ്മൾ മാറ്റേണ്ടതായിട്ടുണ്ട്. കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കാൻ ആവശ്യമായ

നടപടികൾ സ്വീകരിക്കണം. പുഴയിൽ നിന്ന് മണൽ എത്രമാത്രമാണോ എടുക്കാൻ പറ്റുന്നത് അത്രമാത്രം എടുക്കാൻ ആവശ്യമായ പ്രവർത്തനം നടത്തണം. ഇതൊക്കെ നേരത്തേ സൂചിപ്പിച്ചതുപോലെ, പോലീസ് സംവിധാനം പോലെ എങ്ങനെയാണ് ഇവയൊക്കെ അട്ടിമറിക്കാൻ പറ്റുന്നത്, നമ്മുടെ നാട്ടിലെ നിയമങ്ങളൊക്കെ എങ്ങനെയാണ് അട്ടിമറിക്കുന്നത്. നമ്മൾ മറ്റുള്ള സംസ്ഥാനങ്ങളിൽ പോയാൽ....... നൈനിറ്റാളിലെ തടാകങ്ങളിൽ മത്സ്യങ്ങളെ പോറ്റുകയാണ്. മത്സ്യത്തിന് ഭക്ഷണം മാത്രമല്ല, അതിനാവശ്യമായ വായു അടക്കം അവർ ഓരോ സമയത്തും പമ്പ് ചെയ്ത് കൊടുക്കുകയാണ്. നമുക്ക് ആ രീതിയിൽ ഒരു സംവിധാനവുമില്ല. നമുക്കിവിടെ ത്രിതല പഞ്ചായത്ത് സംവിധാനമുണ്ട്. അവിടെ വാർഡുകൾ, കുടുംബശ്രീ സംവിധാനങ്ങൾ, വലിയ ജനകീയ സംവിധാനങ്ങൾ ഉണ്ട്. ചിലപ്പോൾ ഒരു ഓർഡർ കൊണ്ട് നടത്തുവാൻ പറ്റുന്ന സംവിധാനമായിരിക്കും ഇത്. ഈ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട്, നേരത്തേയുള്ള സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന ചില സംവിധാനങ്ങൾ, ആ സംവിധാനങ്ങളൊക്കെ ഇന്ന് എടുത്തു മാറ്റപ്പെടുന്ന സ്ഥിതിയാണ്. ഒരു നെല്ലും, ഒരു മീനും അതുപോലെയുള്ള സംവിധാനങ്ങൾ,

അലങ്കാര മത്സ്യകൃഷിക്ക് വേണ്ടി ആലുവയിലുള്ള സംവിധാനം ഫലപ്രദമായ രൂപത്തിലാണുള്ളത്. ഇന്ന് നമ്മുടെ നാട്ടിൽ അലങ്കാര മത്സ്യം അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ കൊണ്ടുവന്ന് വിൽക്കുകയാണ്. നമ്മുടെ വീടുകളിൽ അലങ്കാര മത്സ്യകൃഷി ഉണ്ട്, അവർക്ക് ആവശ്യത്തിന് കുഞ്ഞുങ്ങളെ കൊടുക്കാൻ വേണ്ടി നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നില്ല. അതിനൊക്കെ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. നമുക്ക് എന്തൊക്കെ കൃഷി ഇവിടെ നടത്താൻ പറ്റുമെന്നും, അതൊന്നും വലിയ രൂപത്തിൽ സമ്പത്ത് കുന്നുകൂട്ടുന്ന എന്നായിരിക്കുകയില്ല, എന്നാലും നമ്മുടെ ആവാസവ്യവസ്ഥയിൽ നമ്മുടെ ഭൂമിയേയും മണ്ണിനേയും നിലനിർത്താൻ കഴിയുന്ന രൂപത്തിലേക്ക് ഈ സംവിധാനങ്ങളെ കൊണ്ടു പോകാൻ കഴിയുന്ന രീതിയിലേക്കാണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ദൗർഭാഗ്യവശാൽ നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ നിയമങ്ങളും തനിക്ക് എന്ത് കിട്ടും എന്നുള്ള രൂപത്തിലേക്ക് ഇതിന്റെ ഉദ്യോഗസ്ഥ സംവിധാനങ്ങൾ മാറുന്നു, മറ്റ് സംവിധാനങ്ങളും മാറുന്നതിന്റെ ഭാഗമായി നിലവിലുള്ള ഏറ്റവും ശക്തമായ നമ്മുടെ ത്രിതല പഞ്ചായത്ത്, മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഇവിടുത്തെ ത്രിതല പഞ്ചായത്ത് ഏറ്റവും ശക്തമായാണ്

നിൽക്കുന്നത്. അതുകൊണ്ട് കാര്യങ്ങളൊക്കെ നടപ്പിലാക്കാം, നേരത്തേ നല്ല രീതിയിൽ ഫണ്ട് നൽകി ആ ഫണ്ട് നല്ലരീതിയിൽ വിനിയോഗിച്ചു. ഉൽപ്പാദന മേഖലയിൽ ഇത് ഉൾപ്പെടുന്നതുകൊണ്ട് തന്നെ, ഇന്നിപ്പോൾ ഉൽപ്പാദന മേഖലയ്ക്ക് നിബന്ധന ഒന്നും ഇല്ല. നേരത്തേ 33 ശതമാനം ഉൽപ്പാദന മേഖലയ്ക്ക് വേണമായിരുന്നു. അങ്ങനെ വേണ്ടതിൽ കൃഷിയും, മത്സ്യക്കൃഷികൂടി അതിൽ വരുന്നതാണ്. ഇതൊക്കെ ഫലപ്രദമായി പല പഞ്ചായത്തുകളിലും ആലോചിക്കുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. ഇന്ന് അതിൽ നിന്ന് വളരെ പിന്നോട്ടുപോകുന്ന ഒരവസ്ഥയിൽ നിയമം പാസ്സാക്കുമ്പോൾ തന്നെ ആ നിയമത്തെ എത്രത്തോളം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരവസ്ഥയാണ് ഉള്ളത്. അതുകൊണ്ട് ഏറ്റവും ശക്തമായ നിലയിലേക്ക് പ്രവർത്തനങ്ങൾ കൊണ്ടുപോകണമെന്നാണ് ഞാൻ ഈ നിരാകരണപ്രമേയത്തിൽ അവതരിപ്പിക്കുന്നത്.

ശ്രീ. ജി.എസ്. ജയലാൽ: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പത് വ്യവസ്ഥയിലും ഭക്ഷ്യ സുരക്ഷയിലും മത്സ്യ

മേഖല വഹിക്കുന്ന പങ്ക് നിസ്തുലമാണ്. അടിസ്ഥാനപരമായി പ്രകൃതി ദത്തമായ ജല വിഭവസമ്പത്തുകളെ ആശ്രയിച്ച് നിൽക്കുന്ന ഒരു സാമൂഹിക സാമ്പത്തിക മേഖലയാണ് മത്സ്യമേഖല. നമ്മുടെ സംസ്ഥാനത്ത് 2013-2014 വർഷം 4,706 കോടി രൂപയുടെ കയറ്റുമതി നടത്തിയ ഈ മേഖല ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണെന്നാണ് വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ നടന്ന ചർച്ചയിലും മന്ത്രി ബിൽ അവതരിപ്പിച്ചപ്പോഴെല്ലാം അതിവിടെ ചൂണ്ടിക്കാട്ടിയിരുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സമൂഹത്തിൽ ഉയർന്നു വരുന്ന പല വിഷയങ്ങളും നമ്മുടെ സമ്പത്ത് ആശങ്കാജനകമായി കുറഞ്ഞുവരുന്ന ഒരവസ്ഥയാണ് സൂചിപ്പിക്കുന്നത്. ഇവിടെ ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതുപോലെ വേമ്പനാട് കായലുമായി ബന്ധപ്പെട്ട വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. വേമ്പനാട്ട് കായലിൽ നിന്നും കരിമീനും കൊഞ്ചും മറയുന്നുവെന്നത് പൊതുവാർത്തകളായി സ്ഥാനം പിടിച്ചിരിക്കുകയാണ്. വേമ്പനാട്ട് കായലിൽ നിന്നും നിരോധിത വല ഉപയോഗിച്ച് മത്സ്യക്കൊള്ള നടക്കുന്നു. വിത്തിന്റെ ബിൽ ചർച്ച ചെയ്യുമ്പോൾ ഇത്തരം കാര്യങ്ങൾ ഗൗരവതരമായി ചർച്ച ചെയ്യണം. അതുപോലെ മീനുള്ള സ്ഥലങ്ങളിൽ ആവാസ വ്യവസ്ഥ മാറുന്നു. മത്തിയും അയലയുമെല്ലാം വാസ കേന്ദ്രം മാറ്റുകയും അവയുടെ ലഭ്യതകുറഞ്ഞു വരികയും ചെയ്യുന്നു.

കാലാവസ്ഥാവ്യതിയാനംമൂലം മലയാളികളുടെ ഇഷ്ട മത്സ്യങ്ങൾ അറബിക്കടൽ വിടുന്നു. കടലിൽ ചെറിയ വലകൾ ഉപയോഗിച്ച് ചെറു മത്സ്യങ്ങളെ പിടിച്ച് വളത്തിനു വേണ്ടിയും തീറ്റയ്ക്ക് വേണ്ടിയും കൊണ്ടുപോകുന്ന വൻ മത്സ്യക്കുരുതിയാണ് നടക്കുന്നത്, വളം നിർമ്മാണത്തിനായി കടലിൽ നിന്നും ടൺകണക്കിന് മത്സ്യക്കുഞ്ഞുങ്ങളെ കടത്തുന്നു. ഇത്തരം വിഷയങ്ങൾ പഠിക്കുന്നതിനുള്ള മത്സ്യ മേഖലയിലെ ഗവേഷണ രംഗം ദുർബലമാണ് എന്ന വസ്തുതയാണ് നമുക്ക് ചൂണ്ടിക്കാട്ടാൻ കഴിയുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ കാർഷികമേഖലയിൽ മത്സ്യകൃഷിക്ക് വളരെ വിപുലമായ സാധ്യത നിലവിലുണ്ട്. സമുദ്രാതിർത്തി 590 കി.മി., 44 നദികൾ, 52 കായലുകൾ, 53 ജലസംഭരണികൾ, ഏതാണ്ട് 852 ചിറകൾ, 24,000 ഹെക്ടറിൽ അധികം വിസ്തൃതിയുള്ള 45,000-ൽ അധികം കുളങ്ങൾ, 46,000-ൽ അധികം ഹെക്ടർ വിസ്തൃതിയുള്ള കൃഷിപ്പാടങ്ങൾ തുടങ്ങി ശുദ്ധജല ഓരുജല ഉൾനാടൻ ജല ശേഖരങ്ങൾ ഉണ്ട്. അതിൽ 25 ശതമാനത്തിൽ താഴെ മാത്രമാണ് നമുക്ക് മത്സ്യകൃഷിക്കായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നത്. ഏകദേശം 12 ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾ തീരദേശ ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നുണ്ട്. ഈ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ അവരുടെ ജീവിതം

ഇന്ന് വളരെ ദുരിതത്തിലും പ്രതിസന്ധിയിലുമാണ്. ആദിവാസി സമൂഹത്തെക്കാൾ വളരെ ദുരിതപൂർണ്ണമായിട്ടുള്ള ജീവിതനിലവാരമാണ് മത്സ്യത്തൊഴിലാളികളുടേത്, അവർ ഇന്ന് കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുന്നു. നമ്മൾ ഈ ബില്ല് ചർച്ചചെയ്യുമ്പോൾ മത്സ്യ സമ്പത്തിന്റെ കുറവ് അവരുടെ ജീവിത നിലവാരത്തെയും കുടുംബ വരുമാനത്തെയും വല്ലാതെ ബാധിക്കുന്ന അവസ്ഥയിലാണ്. ജലാശയങ്ങളുടെ വ്യാപകമായ നശീകരണം, ദുരുപയോഗം, ജലജന്യ പ്രകൃതി വിഭവങ്ങളുടെ അമിതവും അനിയന്ത്രിതവുമായ ചൂഷണം ഇവ കാരണം ഏറ്റവും കൂടുതൽ നഷ്ടം സംഭവിക്കുന്നത് ഈ മേഖലയ്ക്കാണ്. മത്സ്യ സമ്പത്തിന്റെ നാശവും കുറവുംമൂലം മത്സ്യലഭ്യതയുടെ കുറവ് മാത്രമല്ല മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന തൊഴിലവസരങ്ങൾ അവരുടെ കുടുംബ വരുമാനവും ജീവിത നിലവാരവും തകർച്ചയെ അഭിമുഖീകരിക്കുന്നു. അങ്ങനെ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെത്തന്നെ തകിടംമറിക്കുന്ന ഒരു വിഷയമായി മത്സ്യമേഖലയിലെ പ്രശ്നം മാറുകയാണ്. കേരളത്തിലെ കഴിഞ്ഞ 3 വർഷത്തെ കണക്ക് എടുത്ത് പരിശോധിക്കുമ്പോൾ ശരാശരി നാലേമുക്കാൽ ലക്ഷം ടണ്ണിലധികം മത്സ്യം നമ്മൾ പൊതുമാർക്കറ്റിലൂടെ വിറ്റഴിക്കുന്നുവെങ്കിൽ അതിൽ രണ്ടര ലക്ഷം ടൺ മത്സ്യം മാത്രമാണ് കേരളത്തിന്റെ വിഹിതമായി കണക്കാക്കിയിട്ടുള്ളത്. പ്രതിവർഷം രണ്ട്

ലക്ഷം ടണ്ണിലധികം മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇങ്ങനെയുള്ളപ്പോഴും നമ്മുടെ സമുദ്രാതിർത്തിയിലേയക്ക് മത്സ്യത്തിന്റെ ലഭ്യത കുറയുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലഭ്യമായ കണക്കനുസരിച്ച് 2009-2010 -ൽ 5.7 ലക്ഷം മെട്രിക് ടണ്ണ് ആയിയിരുന്നത് 2013-14-ൽ 5.22 ലക്ഷം മെട്രിക് ടണ്ണായി മത്സ്യത്തിന്റെ ലഭ്യത കുറഞ്ഞു. നേരത്തെ പറഞ്ഞതുപോലെ ആവാസവ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ, നമ്മുടെ തീരം വിടുന്ന മത്സ്യത്തിന്റെ കണക്കുകൾ ഇതെല്ലാം വല്ലാത്ത ആശങ്കയാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നേരത്തെ മന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോൾ പറഞ്ഞതുപോലെ ആവശ്യത്തിനുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത ഒരവസ്ഥയാണ്. 25 ശതമാനത്തിന് താഴെയാണ് സാധ്യത വിനിയോഗിക്കുന്നതെന്ന് പറയുമ്പോഴും രണ്ട് തലത്തിലുള്ള മത്സ്യ വിത്തുക്കൾ 20 കോടിയോളം നമ്മൾ ഉപയോഗിക്കുമ്പോൾ അതിൽ ഏഴ് കോടിയോളം മാത്രമാണ് നമുക്ക് ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. ചെമ്മീൻ ആയാലും മറ്റ് ഓരു ജലമുൾപ്പടെയുള്ള 13 കോടിയോളം വിത്തുകൾ അന്യ സംസ്ഥാനത്ത് നിന്നും വരുന്നതായാണ് കണക്കാക്കിയിട്ടുള്ളത്. അത് യഥാർത്ഥത്തിൽ ഗുണനിലവാര പരിശോധനയോ അല്ലെങ്കിൽ അതിന്റെ രോഗവിമുക്തമായ വിത്താണ് എന്ന് ഉറപ്പ്

വരുത്തുവാനുള്ള സംവിധാനം നമുക്ക് ഫലപ്രദമായി ഇല്ലായെന്നുള്ളതും ഒരു പ്രശ്നമാണ്. അതുപോലെ നമ്മൾ ഈ വിത്തുകൾ പുറത്ത് നിന്ന് കൊണ്ടുവന്ന് ഉപയോഗിക്കുമ്പോൾ അത് എവിടെയാണോ നിക്ഷേപിക്കുന്നത് ആ സ്ഥലത്തിന് അനുഗുണമായ വിത്താണോയെന്നൊരു പരിശോധനയും പലപ്പോഴും നടത്താറില്ല. ഈ വിത്ത് നമ്മൾ നിക്ഷേപിക്കുന്ന സ്ഥലം അറിഞ്ഞുകൊണ്ട് ആ സ്ഥലത്തെ ആവാസ വ്യവസ്ഥയും ഈ വിത്ത് ഉൽപ്പാദിപ്പിച്ച് നിക്ഷേപിക്കുമ്പോൾ ആ നിക്ഷേപിക്കുന്ന സ്ഥലത്തെ ആവാസ വ്യവസ്ഥയും കൂടി മനസ്സിലാക്കിയുള്ള വിത്തുകളല്ലായെങ്കിൽ പലപ്പോഴും പല പ്രോജക്ട്കളും............. ഇപ്പോൾ മുല്ലപ്പെരിയാർ ഡാമിൽ വിത്ത് നിക്ഷേപിക്കാനായി പോയപ്പോൾ ഫോറസ്റ്റ്കാർ അനുവാദം നൽകിയില്ല. അതിന്റെ കാരണം അവിടത്തെ ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട് നമ്മൾ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾ അവിടത്തെ മത്സ്യ പ്രജനനത്തിനുതന്നെ ബുദ്ധിമുട്ട് വരുമെന്നുള്ളതിനാൽ പ്രയോജനകരമാക്കാൻ കഴിയില്ല. അങ്ങനെയുള്ള വിഷയങ്ങൾ ഉണ്ടാകാതെ ശാസ്ത്രീയമായ രീതിയിൽ തന്നെ നടപ്പിലാക്കണം. അല്ലെങ്കിൽ അത് ഗുണത്തെക്കാളേറെ ദോഷമായിരിക്കും സംഭവിക്കുക അത് നാം മനസ്സിലാക്കണം. പരമ്പരാഗതമായി മത്സ്യ ബന്ധനം നടത്തുന്ന നമ്മുടെ മത്സ്യത്തൊഴിലാളികളുടെ പ്രത്യേകതകൾ അതൊക്കെയാണ്.

ഇത്തരത്തിലുള്ള പരമ്പരാഗതമായ ശൈലിയെല്ലാം നിലനിർത്തിക്കൊണ്ട് തന്നെ ആവാസ വ്യവസ്ഥയെയൊന്നും ബാധിക്കാത്ത തരത്തിൽ അതു തൊഴിലാളികളുടെ പ്രശ്നമായാലും മത്സ്യക്കുഞ്ഞുങ്ങളുടെ പ്രശ്നമായാലും ഈ സാധ്യതയെല്ലാം നിലനിർത്തിക്കൊണ്ട് പോകാൻ നാം പരിശ്രമിക്കണം. പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന നമ്മുടെ മത്സ്യത്തൊഴിലാളികൾ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കേരളത്തിന്റെ തനത് മത്സ്യബന്ധന രീതി ഏവരെയും ആകർഷിക്കുന്നതും സാമ്പത്തിക സാധ്യത മുൻനിർത്തിയുള്ളതുമായിരുന്നു. പക്ഷേ വികലമായ നയങ്ങളും പഠനവിധേയമല്ലാത്ത നിയമ നിയന്ത്രണങ്ങളും ഈ രണ്ട് മേഖലയേയും നിർജീവമാക്കി. മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കവർന്നെടുക്കുന്ന വ്യാജ മത്സ്യത്തൊഴിലാളികൾ, തീരദേശം കൈപിടിയിലൊതുക്കുന്ന ടൂറിസം, റിയൽ എസ്റ്റേറ്റ് മാഫിയാ പ്രവർത്തനങ്ങൾ, നേരത്തെ സൂചിപ്പിച്ചതുപോലെ ഉൾനാടൻ ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് കഴിയാത്ത തരത്തിലുള്ള പ്രവർത്തനങ്ങൾ, സി.ആർ.ഇസഡ്. പോലെ വിട്ടുവീഴ്ചയില്ലാത്ത നിയന്ത്രണങ്ങൾ, മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് തുടങ്ങി ഈ മേഖലയിലെ ഇത്തരം വെല്ലുവിളികൾ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന വെല്ലുവിളികളായി മാറുകയാണ്. നമ്മുടെ സമുദ്ര ഉൾനാടൻ മത്സ്യ കൃഷി

മേഖല ഇത്തരത്തിൽ മുരടിച്ച് നിൽക്കുമ്പോൾ തന്നെ ഇൻഡ്യയുടെ ആഴക്കടൽ മത്സ്യ പുറംകടൽ സമ്പത്ത് വിദേശകുത്തകകൾക്ക് കൂറ്റൻ ട്രോളറുകൾ ഉപയോഗിച്ച് കൊള്ളയടിക്കാനുള്ള അനുവാദം മാറിമാറി വരുന്ന കേന്ദ്രസർക്കാരുകൾ യഥേഷ്ടം നൽകുന്നത് നമ്മുടെ പരമ്പരാഗത തൊഴിലാളികളെ അതുപോലെ ഈ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വല്ലാതെ തടസ്സം സൃഷ്ടിക്കുകയാണ്. കൂടാതെ അശാസ്ത്രീയമായ രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി ഇതെല്ലാം ഇവിടെ സൂചിപ്പിച്ചതാണ്. ഇത് വളരെ രൂക്ഷമായ രീതിയിൽ നമ്മുടെ മത്സ്യ സമ്പത്തിനെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ആവാസ വ്യസസ്ഥപോലും തകിടം മറിയുന്ന വളരെ ഭീകരമായ സ്ഥിതിവിശേഷമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ തടയണകൾ പോലും നമ്മുടെ മത്സ്യ സമ്പത്തിന്റെ ദേശാടനത്തെ ബാധിക്കുന്ന തരത്തിലുള്ളതാണെന്നാണ് റിപ്പോർട്ടുകൾ. പരമ്പരാഗതമായ ശൈലിയെ മറന്നുകൊണ്ടുള്ള നിയമ നിർമ്മാണങ്ങളും നിർദ്ദേശങ്ങളുമൊക്കെ നമ്മുടെ മത്സ്യ മേഖലയിലെ മുമ്പോട്ടുള്ള പോക്കിന് വല്ലാത്ത തടസ്സമാണ് സൃഷ്ടിക്കുന്നത്. നമ്മുടെ സമുദ്രാതിർത്തിയിലെയും ഉൾനാടൻ മത്സ്യബന്ധന മേഖലയിലേയും മത്സ്യത്തിന്റെ ലഭ്യതയും വരുമാനവും കുറഞ്ഞുവെന്ന് മാത്രമല്ല, ഗുണമേന്മയുള്ള വിവിധയിനം മത്സ്യങ്ങൾ ജലാശയങ്ങളിൽ നിന്നും

അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിദത്തമായി ലഭിച്ചുകൊണ്ടിരിക്കുന്നതും പ്രകൃതി കനിഞ്ഞ് നൽകുന്നതുമായ ഇത്തരം മത്സ്യ സമ്പത്ത് നശിച്ച് കഴിഞ്ഞാൽ ഹാച്ചറികൾ സ്ഥാപിച്ച് സംരക്ഷിച്ച് മാത്രം മത്സ്യം ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ അത് പൂർണ്ണമായും ഫലപ്രദമാകില്ല. അതുകൊണ്ട് ഇത്തരം ഘടകങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള നിയമ നിർമ്മാണവും നടപടികളും മാത്രമാണ് നമുക്ക് ഈ സംസ്ഥാനത്തിന് ആശ്രയമായി വരാൻ പോകുന്നത്. നമുക്ക് നിലവിലുള്ള മത്സ്യ സംമ്പത്തും അനുബന്ധ മേഖലകളും സംരക്ഷിക്കുന്നതിന് പ്രാധാന്യം നൽകണം. ഈ നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യവിത്ത് നിയമം കൊണ്ടുവരാൻ തയ്യാറായ മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. ഇത് വളരെ നേരത്തെ കൊണ്ടുവരേണ്ട ഒന്നായിരുന്നു. ഇപ്പോഴെങ്കിലും ഇത് കൊണ്ടുവരാനും, നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുമുള്ള

നിയമമാണ് ഇവിടെ പാസ്സാക്കാൻ ആലോചിക്കുന്നത്. മത്സ്യവിത്ത് ഉൽപ്പാദനം, വിതരണം, കയറ്റുമതി തുടങ്ങിയവയുടെ ഗുണനിലവാരത്തെ നിയന്ത്രിക്കുന്ന സംവിധാനത്തിന് മാത്രമുള്ളതാണ് ഈ നിയമം. ഈ നിയമം ഫലപ്രദമായി നടപ്പിലാകണമെങ്കിൽ മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുന്ന ഹാച്ചറികളുടെ പ്രവർത്തനം കാര്യക്ഷമമമായി മുന്നോട്ടുകൊണ്ടുപോകണം. ഇന്ന് കേരളത്തിൽ വിരലിലെണ്ണാവുന്ന ഹാച്ചറികൾ മാത്രമേയുള്ളൂ. അവിടെ കരിമീൻ, കണമ്പ്, ചെമ്മീന്റെ ചില ഇനങ്ങൾ എന്നിവയൊഴിച്ചുള്ള നാടൻ മത്സ്യങ്ങളുടെ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംവിധാനം നമുക്കില്ല. അങ്ങനെയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം സ്വാഭാവികമായും നമ്മുടെ ജലാശയങ്ങളിൽ മാത്രമേ നടക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ഈ നിയമം നടപ്പാക്കുമ്പോൾ നമ്മുടെ നാടൻ മത്സ്യവിഭവങ്ങളുടെ വിത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഹാച്ചറികൾ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അത് സ്വകാര്യ മേഖലയിലാകാം, മത്സ്യഫെഡിന്റെ കൈവശമുള്ളതാകാം. ഇപ്പോൾത്തന്നെ നമുക്ക് വിവിധ മത്സ്യ ഏജൻസികളുണ്ട്. അവരുടെ കൈവശമുള്ള............... കായംകുളത്തും പൊയ്യയിലും അഴീക്കോട്ടും മലബാറിലുമുണ്ട്. നമ്മുടെ കൈവശമുള്ള ഹാച്ചറികളിൽ അന്യംനിന്നുപോയ അല്ലെങ്കിൽ അന്യംനിൽക്കാൻ സാധ്യതയുള്ള മത്സ്യകുഞ്ഞുങ്ങളെ

ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ കായലുകളിലും കുളങ്ങളിലുമൊക്കെ കണ്ടുകൊണ്ടിരുന്ന കരിമീൻ, കണമ്പ്, തിരുത, പള്ളത്തി, ബ്രാൽ, കാരി, കൂരി, കാളാഞ്ചി, പൂമീൻ, ഞണ്ട്, ഞവണിക്ക, കല്ലുമ്മേക്ക, വിവിധതരം ഷെൽ ഫിഷുകൾ എന്നിവയൊക്കെ അന്യംനിന്നുപോകുകയാണ്. സാധാരണ ബ്രാലിനേയും മറ്റുമൊക്കെ ചൂണ്ടയിട്ട് പിടിക്കാൻ ഇരയായി ഉപയോഗിക്കുന്ന ഒരുതരം പൂഞ്ഞാട്ടിയുണ്ട്. അത് ഇപ്പോൾ കാണാനില്ല. കേരളത്തിൽ എക്സ്പോർട്ട് വാല്യൂവുള്ള ഒരു അലങ്കാര മത്സ്യമാണ് മിസ് കേരള. അത് അനിയന്ത്രിതമായി പിടിച്ച് കിട്ടുന്ന വിലയ്ക്ക് പുറത്തുകൊടുക്കുന്നതുകൊണ്ട് അതും അന്യനിന്നുപോകാൻ പോകുകയാണ്. ഈ നിയമം മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനോടൊപ്പം നമ്മുടെ നാടൻ മീനിന്റെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനും....... അതിനും സാങ്കേതിക ബുദ്ധിമുട്ടാണ്. നമ്മുടെ ഹാച്ചറികളിൽ ചെമ്മീൻ കുഞ്ഞുങ്ങളെ ഉണ്ടാക്കുന്നത് എങ്ങനെയാണ്? ബോട്ടുകാർക്ക് ആഴക്കടലിൽനിന്ന് കിട്ടുന്ന മുട്ടചെമ്മീനിനെ പ്രിസർവ് ചെയ്ത് ഇവർക്ക് കൊടുക്കുകയാണ്. അതാണ് ഹാച്ചറികളിലിട്ട് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നത്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ചില മത്സ്യങ്ങൾ വേരറ്റ്

പോകുന്നുവെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. എന്നാൽ വേരറ്റുപോയിയെന്ന് പറയുന്ന ചില മത്സ്യങ്ങൾ കേരളത്തിൽ കണ്ടെത്തുകയും ചെയ്തു. ഈയടുത്ത കാലത്ത് പുഴക്കുരി മത്സ്യം തൃശ്ശൂർ കരുവന്നൂർ പുഴയിൽനിന്ന് ഒന്നരനൂറ്റാണ്ടുമുമ്പ് അപ്രത്യക്ഷമായിയെന്ന് പറയുന്ന ഒരു മത്സ്യമാണ്. 1865-ൽ ബ്രിട്ടീഷുകാരനായ ഫ്രെയ്സ്ഡേയാണ് അത് കണ്ടെത്തിയത്. 2004-ൽ സ്റ്റീവ് ഗ്രാൻഡ് അത് ഭൂമുഖത്തുതന്നെ ഇപ്പോഴില്ലായെന്ന് പ്രഖ്യാപിച്ചു. എന്നാൽ ചവറ കോളേജിലെ പ്രൊഫ. മാത്യൂസ് പ്ലാമൂട്ടിൽ, അത് കണ്ടെത്തുകയും കേരളത്തിന് സംഭാവനയായി നൽകുകയും ചെയ്തു. റിസർച്ച് നടത്തിയാൽ നഷ്ടപ്പെട്ടുവെന്ന് പറയുന്ന പല മത്സ്യങ്ങളും ഇവിടെ ഇപ്പോഴുമുണ്ടെന്ന് നമുക്ക് കണ്ടെത്താൻ കഴിയുമെന്ന് ഇതുവഴി ബോധ്യപ്പെടുകയാണ്. അതിനുള്ള അവസരമുണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അതിന് നമുക്ക് സ്കോപ്പുണ്ട്. ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് ഇതിൽ വലിയ പങ്ക് വഹിക്കാൻ സാധിക്കും. അവർ ഇപ്പോൾ ഒരുപാട് സ്കീംസുണ്ടാക്കുന്നുണ്ട്. അന്യംനിന്ന് പോകുന്ന മത്സ്യങ്ങൾ കണ്ടെത്താനുള്ള ഗവേഷണമുണ്ടായിരുന്നില്ല. തീർച്ചയായും KUFOS-നെ ഉപയോഗിച്ച് അങ്ങ് പറഞ്ഞതുപോലെ അന്യംനിന്ന് പോകുന്നുവെന്ന് നാം കണ്ടെത്തുന്ന

മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് നമുക്ക് പോകാൻ കഴിയും. ഇത് മത്സ്യക്കുഞ്ഞുങ്ങളുടെ ക്വാളിറ്റി നിശ്ചയിക്കാനുള്ളതാണ്. നമ്മൾ കഴിക്കുന്ന മത്സ്യങ്ങളുടെ സ്ഥിതി എന്താണ്? പലപ്പോഴും നാം മാർക്കറ്റിൽപ്പോയാൽ കാണുന്നത് തിളങ്ങുന്ന മത്സ്യങ്ങളെയാണ്. ഒരു ഈച്ചപോലും അതിന്റെയടുത്ത് പോകുകയില്ല. അത് വാങ്ങരുത്. എന്തുകൊണ്ടെന്നാൽ അതിൽ അമോണിയയും മറ്റ് സാധനങ്ങളുമൊക്കെ ചേർത്ത് വരുന്നതാണ്. മത്സ്യം വാങ്ങാൻ പോകുമ്പോൾ മത്സ്യത്തിൽ ഈച്ചയുണ്ടെങ്കിൽ അത് ഫ്രഷായിരിക്കും. ഈച്ച ഫ്രഷ് മീനിൽ മാത്രമേ വരികയുള്ളൂ. സോളമൻ രാജാവിനെ പരീക്ഷിക്കാൻ രണ്ട് പൂക്കൾ കൊടുത്തു. ആർട്ടിഫിഷ്യൽ പൂവും, യഥാർത്ഥ പൂവും. ഉടൻതന്നെ എന്റെ കൊട്ടാരത്തിലെ വാതിലുകളും ജനലുകളുമൊക്കെ തുറന്നിടൂവെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ വണ്ടുകൾവന്ന് യഥാർത്ഥ പൂവിൽനിന്നും തേൻ കുടിച്ചു. അതാണ് യഥാർത്ഥ പൂവെന്ന് അദ്ദേഹം പറഞ്ഞു. അതുപോലെ ഇപ്പോൾ ഏതാണെന്ന് അറിയണമെങ്കിൽ ഈച്ച വന്നിരിക്കേണ്ട സ്ഥിതിയിലേയ്ക്ക് നമ്മൾ എത്തിയിരിക്കുകയാണ്. കാരണം മുഴുവനും പുറത്തുനിന്നാണ് വരുന്നത്. ഇതൊക്കെ ഫ്രീസറിലിട്ട് അമോണിയയൊക്കെ അടിച്ച് വരുന്ന രീതിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ നിയമത്തിൽ അതിന് സ്കോപ്പില്ല. നമുക്ക് അതിന് പ്രായോഗിക ബുദ്ധിമുട്ടുമുണ്ട്. ഫുഡ് സേഫ്റ്റിക്കാർ ഇത്

എങ്ങനെ അറിയും? ഇതുവരെ അതിനൊരു സ്റ്റാൻഡേർഡ് നമ്മൾ ഫിക്സ് ചെയ്തിട്ടില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഹാച്ചറികൾ നമുക്ക് ധാരാളമുണ്ടെന്ന് അങ്ങ് പ്രസംഗത്തിനിടയിൽ പറഞ്ഞു. ആ ഹാച്ചറികളിൽ കൊഞ്ച്, ചെമ്മീൻ തുടങ്ങിയ മത്സ്യവിത്തുകളാണുള്ളതെങ്കിലും ഉൾനാടൻ ശുദ്ധജലാശയങ്ങളിൽ, പുഞ്ചക്കോളിൽ, കായൽനിലങ്ങളിൽ നിന്നൊക്കെ വളർന്നുവരുന്ന ധാരാളം മത്സ്യസമ്പത്ത് നമുക്കുണ്ട്. ഉദാഹരണത്തിന് വരാൽ, മുഷി, കാരി, വാള തുടങ്ങിയ നാടൻ വിത്തുകളെ സംരക്ഷിക്കാൻ ഇന്ന് നമുക്ക് യാതൊരു പദ്ധതിയുമില്ല. കടലിൽ ട്രോളിംഗ് നിരോധനം നടത്തുന്ന അതേസമയത്ത്, അതായത് ജൂൺ മാസത്തിൽ ശുദ്ധജലാശയങ്ങളിലെല്ലാം അതിനെ തടസ്സപ്പെടുത്തുന്ന നിലയിൽ മീൻ പിടിക്കുന്ന സ്ഥിതി ഇന്നും തുടരുകയാണ്. മൊത്തമായും വിത്ത് നശിപ്പിക്കുകയാണ്. അതിനെ തടസ്സപ്പെടുത്താൻ നിയമ സംവിധാനങ്ങളൊന്നുമില്ല. ഉൾനാടൻ ശുദ്ധജലാശയങ്ങളിലും കായൽനിലങ്ങളിലും പുഞ്ചക്കോളിലും ഉൾപ്പെടെയുള്ള നാടൻ വിത്തുകളെ സംരക്ഷിക്കാനുള്ള പദ്ധതികൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതല്ലേ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഇപ്പോൾത്തന്നെ കേരള ഫിഷറീസ് റെഗുലേഷൻ ആക്ടുണ്ട്. ആ ആക്ടിൽ ഏറ്റംകെട്ട് പാടില്ല. ഏറ്റംകേറുമ്പോൾ

പിടിക്കാൻ പാടില്ലായെന്നാണ്. അതിന് ഇപ്പോൾത്തന്നെ നിയന്ത്രണമുണ്ട്. പെലാജിക് വലയും ഒടക്കൊല്ലി വലയും ഉപയോഗിക്കാൻ പാടില്ല. അതുപോലെതന്നെ ഇത്ര വലിപ്പമുള്ള കണ്ണികൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്നും നിയന്ത്രണമുണ്ട്. അത് നമ്മൾ ഇംപ്ലിമെന്റ് ചെയ്യുന്നതിലാണ് പ്രശ്നമുള്ളത്. എന്തുകൊണ്ടാണ് അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയാത്തത്? നമ്മുടെ ഫിഷർമെന്റിന്റെ റെസിസ്റ്റൻസുകൊണ്ടാണ്. അവർക്ക് മത്സ്യം കിട്ടാതെ വരുമ്പോൾ കിട്ടുന്നതിനെ പിടിക്കുകയാണ് ചെയ്യുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് വളരെ കറക്ടാണ്. ഫിഷറീസ് റെഗുലേഷൻ ആക്ട് പ്രകാരം ഇതിന് നിയന്ത്രണമുണ്ടെങ്കിലും ഫലപ്രദമായി വെള്ളത്തിന്റെ അടിയിൽ കെട്ടുന്ന വലയുടെ കണ്ണിയുടെ സൈസോ ഏറ്റത്തിൽ കെട്ടുന്നതോ ഒന്നും പരിശോധിക്കാൻ നമുക്ക് സംവിധാനങ്ങളില്ല. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ഊന്നിവല (കുറ്റിവല) സമ്പൂർണ്ണമായി നിരോധിക്കാതെ മത്സ്യസമ്പത്ത് സംരക്ഷിക്കാൻ സാധിക്കില്ല എന്ന വസ്തുത അംഗീകരിക്കാൻ തയ്യാറാണോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, അതെനിക്ക് അംഗീകരിക്കാൻ സാധ്യമല്ല. ട്രെഡീഷണൽ ഫിഷർമാനെ വിശ്വാസത്തിലെടുക്കാൻ നമുക്ക് കഴിയില്ല. അത് അവരുടെ ജീവിതമാർഗ്ഗമാണ്. അതൊരിക്കലും നമുക്ക് അംഗീകരിക്കാൻ കഴിയാത്തത്, അത് ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണ്. ട്രോളിംഗ് നിരോധനം വരുന്നതിനുമുമ്പ് ഇവിടെ സൃഷ്ടിച്ചെടുത്ത നിയന്ത്രണങ്ങൾ കടൽത്തീരത്തും കായൽതീരത്തുമൊക്കെ ഉണ്ടായിരുന്നു. പക്ഷ, ഇന്ന് മത്സ്യ സമ്പത്ത് ശോഷിച്ചതോടുകൂടി കിട്ടുന്നതൊക്കെ പിടിക്കുക എന്നുള്ള രീതിയിലേയ്ക്ക് നമ്മുടെ സാധാരണക്കാർ മാറിയിരിക്കുകയാണ്. അതുകൊണ്ട് അവരെ അത് പറഞ്ഞ് ബോധ്യപ്പെടുത്തണം. നിയമവിരുദ്ധമായ, ലൈസൻസില്ലാത്ത കുറേ ഊന്നിവലകളുണ്ട്. അവയെ നിയന്ത്രിക്കണം. നമ്മുടെ കൊച്ചി രാജ്യത്തൊക്കെ ഭൂമിക്ക് പകരം പട്ടയമാണ്. ആ പട്ടയമാണ് പെൺമക്കളെ കല്യാണം കഴിച്ചുവിടുമ്പോൾ കൊടുക്കുന്നത്. അങ്ങനെയുള്ള ഒരു റൈറ്റ് കിട്ടിയതുകൊണ്ട് ഒരു നിയന്ത്രണം കൊണ്ടുവരുമ്പോൾ അവരുടെകൂടി അംഗീകാരം ഇല്ലെങ്കിൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകും.

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ഞാൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം മുട്ടിക്കുന്ന കാര്യമല്ല പറഞ്ഞത്. സാധാരണഗതിയിൽ ഡിസംബർ

മാസം തുടങ്ങി കഴിഞ്ഞാൽ ഉൾനാടൻ ജലാശയങ്ങളിൽ സുലഭമായി മത്സ്യം കിട്ടുകയും, ചെമ്മീൻ കിട്ടുകയും അതുകൊണ്ടുമാത്രം ഒരു വലിയ വരുമാനമുണ്ടാകുമായിരുന്നു. ഇന്ന് അങ്ങനെയൊരു സംവിധാനം ഇല്ല. ഈ കുറ്റിവലകൾ അല്ലെങ്കിൽ ഊന്നിവലകൾ ഉണക്കുന്ന സ്ഥലത്തുപോയി പരിശോധിക്കുകയാണെങ്കിൽ തോർത്തിന്റെ അഴിപോലുള്ള അഴിയാണ് ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. പൊളിക്കാൻ പറ്റാത്ത ചെമ്മീൻ കുഞ്ഞുങ്ങളെ സ്ക്രേപ് ചെയ്ത് അവിടെ കുന കൂട്ടി ഇട്ടിരിക്കുന്നത് കാണാൻ സാധിക്കും. അതുകൊണ്ട് ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തും ചെമ്മീൻ സമ്പത്തും പൂർണ്ണമായി നിന്നിരിക്കുകയാണ്. ഇനിയെങ്കിലും ഒരു റെഗുലേഷൻ കൊണ്ടുവന്ന് ഇത് മാറ്റിയില്ലെങ്കിൽ ഒരിക്കലും അവർക്ക് തിരിച്ച് വരുമാനത്തിലേക്ക് ചെന്നെത്താൻ സാധിക്കില്ല. പ്രായോഗികമായ ബുദ്ധിമുട്ട് എല്ലാവർക്കുമുണ്ട്. അതിന് ഒരു മുൻകൈ പ്രവർത്തനം എല്ലാവരും എടുക്കേണ്ടതല്ലേയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഇവിടെ രാഷ്ട്രീയപാർട്ടി സംഘടനകളും സ്വതന്ത്ര സംഘടനകളുമുണ്ട്. അവരെക്കൂടി വിളിച്ചുകൂട്ടി സെമിനാറിലൂടെയും തീരദേശത്തെ പ്രവർത്തനത്തിൽക്കൂടിയും അവരെ പറഞ്ഞ് ബോധ്യപ്പെടുത്തണം. അല്ലെങ്കിൽ പെട്ടെന്ന് കടൽപോലെ വികാരങ്ങൾ ആളിക്കത്തുകയും താഴുകയും

ചെയ്യുന്ന സമൂഹമാണ്. അതുകൊണ്ട് അവരെക്കൂടി വിശ്വാസ്യതയിൽ എടുക്കാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഇപ്പോൾ ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽ നിന്നുമാണ് ചെമ്മീൻ കുഞ്ഞുങ്ങൾ വരുന്നത്. ഇവയെ പരിശോധിക്കാൻ ലബോറട്ടറികൾ വളരെ കുറവാണ്. പറവൂർ, കുമ്പളങ്ങ എന്നീ സ്ഥലങ്ങളിലാണ് ലാബുകളുള്ളത്. അത് ചില പ്രദേശങ്ങളിൽ മാത്രമേയുള്ളൂ. അപ്പോൾ കൂടുതൽ ലാബ് വേണ്ടി വരും. ആ ലാബിലേക്കുള്ള കോമ്പിറ്റന്റായ ഉദ്യോഗസ്ഥന്മാരെയും വേണ്ടിവരും. ഈ ബില്ലിലെ ആറാം വകുപ്പിലാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ചുമതല പറഞ്ഞിട്ടുള്ളത്. മത്സ്യത്തീറ്റ ഉണ്ടാക്കുന്ന ഫാക്ടറി കേരളത്തിലുണ്ടോ? അത് വളരെ ചുരുങ്ങിയ സ്ഥലങ്ങളിലാണുള്ളത്. ചെമ്മീന്റെ തോടിൽനിന്നും തീറ്റ ഉണ്ടാക്കാൻ കഴിയും. അതുപോലെ നാം ഭക്ഷിക്കാത്ത ചില മത്സ്യങ്ങളുണ്ട്. വല കടിച്ചുകളയുന്ന ഒരു ഫിഷുണ്ട്. ജപ്പാനിലൊക്കെ അത് വില കൂടിയ മത്സ്യമാണ്. ഈ മത്സ്യം ഇവിടെയുള്ളവർ കഴിക്കാറില്ല. അങ്ങനെയുള്ള മത്സ്യം കിട്ടുമ്പോൾ റിഫൈൻ ചെയ്ത് മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ തീറ്റയാക്കി മാറ്റുന്ന രീതിയിലേയ്ക്ക് നമുക്ക് പോകാൻ കഴിയണം. അതുപോലെ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ വൈറസുമൂലം മുഴുവൻ നശിച്ചു പോകുകയാണ് ചെയ്യുന്നത്. മാത്രമല്ല, ഈ നിയമത്തിനകത്ത് ഒരു കാര്യംകൂടി ഉൾക്കൊള്ളാൻ

കഴിയുമോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കേണ്ടതാണ്. ഒരു ഹെക്ടറിൽ എത്ര ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഇടാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ.കെ. ലതിക പറഞ്ഞത് ശരിയാണ്. ഓക്സിജനൊക്കെ കൊടുക്കേണ്ടിവരും. ചെമ്മീൻ കുഞ്ഞുങ്ങളുടെ എണ്ണം ക്രമാതീതമായി കൂടുമ്പോൾ അതിന് വൈറസ് അടിച്ച് ചത്തുപോകുന്ന സ്ഥിതി ഉണ്ടാകുന്നു. അതുപോലെ മറ്റൊരിനമാണ് ഞണ്ട്. ഞണ്ടിനെ സിംഗപ്പൂരിലൊക്കെ അയച്ചാൽ എത്ര രൂപയാണ് ലഭിക്കുന്നത്. അപ്പോൾ ഞണ്ട് നമുക്ക് ഉണ്ടാക്കാൻ കഴിയും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : അങ്ങ് ഇവിടെ സൂചിപ്പിച്ചത് കേരളത്തിൽ മത്സ്യത്തിന്റെ ലഭ്യത കുറയുന്നുവെന്നാണ്. രാജ്യത്ത് മൂന്നാം സ്ഥാനത്താണെങ്കിലും 3.78 ലക്ഷം ടൺ മത്സ്യമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്. ഇതിന്റെ ലഭ്യത തമിഴ്നാട്ടിൽ കൂടുതലാണ്. കേരളത്തിനോട് തൊട്ടുകിടക്കുന്ന തമിഴ്നാട്ടിൽ മത്സ്യത്തിന്റെ ലഭ്യത കൂടുകയും കേരളത്തിൽ കുറയുകയും ചെയ്യുന്ന ഒരവസ്ഥ എന്തുകൊണ്ട് ഉണ്ടായിയെന്നുള്ളതിനെക്കുറിച്ചുള്ള ഒരു പ്രത്യേക പഠനം നമുക്കാവശ്യമല്ലേ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: തമിഴ്നാട്ടിലും ആന്ധ്രയിലും കൂടാൻ കാരണമുണ്ട്. വനാമി എന്നുപറയുന്ന ഒരു പുതിയ ചെമ്മീൻ കണ്ടുപിടിച്ചിട്ടുണ്ട്.

ഇന്ന് ഇവിടെ ഉല്പാദിപ്പിക്കുന്ന ചെമ്മീനിനേക്കാൾ നാലിരട്ടി വില വനാമി ചെമ്മിനിന് ലഭിക്കും. ഫിഷിംഗ് ബോട്ട് ഇറക്കുന്നതിലും ഒരു നിയന്ത്രണം ആവശ്യമാണ്. നമ്മുടെ ജലാശയങ്ങളിൽ ഇത് പരീക്ഷിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : വനാമി ചെമ്മീൻ അത്യുല്പാദന ശേഷിയുള്ളതാണ്. ആന്ധ്രയിലൊക്കെ ഇത് കൂടുതൽ ഉല്പാദിപ്പിക്കുന്നുണ്ട്. കേരളത്തിൽ വനാമി ചെമ്മീൻ ഉപയോഗിക്കുന്നതിനെതിരായി മത്സ്യകൃഷിക്കാർതന്നെ നിവേദനം തന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പരീക്ഷണാർത്ഥം ഇപ്പോൾ ഫിഷറീസ് സർവ്വകലാശാലയിലെ വൈപ്പിൻ ക്യാമ്പസ്സിൽ വനാമികൃഷി ചെയ്യുന്നുണ്ട്.

ശ്രീ. ഷിബു ബേബി ജോൺ : വനാമി ചെമ്മീനെ സംബന്ധിച്ചിടത്തോളം അത് ജനറ്റിക്കലി മോഡിഫൈഡാണ്. അത് ലോകമെമ്പാടും റീപ്ലേസ്മെന്റായി ഉപയോഗിച്ച്, എന്തുകൊണ്ട് അത് ഉപയോഗിക്കുന്നു എന്നുപറഞ്ഞാൽ ഡിസീസിന് റെസിസ്റ്റന്റായതുകൊണ്ടും അക്വാകൾച്ചറിന് പറ്റുന്നതുകൊണ്ടുമാണ് വനാമി ചെമ്മീൻ വന്നത്. അത് വ്യാപകമായും ആന്ധ്രയിലും തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും വന്നിട്ടുണ്ട്. കേരളത്തിലെ മത്സ്യകൃഷിക്കുള്ള പ്രശ്നം പരമ്പരാഗതമായി ചെമ്മീൻകെട്ടുകൾ എന്നുപറഞ്ഞാൽ വെള്ളം കയറ്റിയിറക്കി അതിനകത്ത്

ഉള്ളതുമാത്രം സ്വരൂപിക്കുന്ന ഒരു രീതിയായിരുന്നു. മാർച്ച് മാസം കഴിഞ്ഞാൽ നാട്ടുക്കാർക്കാണ് അതിനകത്തെ 50 ശതമാനം ഷെയർ എന്നുള്ളതാണ് നടന്നുകൊണ്ടിരുന്നത്. ഇപ്പോൾ വനാമി അടക്കമുള്ള ചെമ്മീൻകൃഷിയിലേക്ക് പോകണമെങ്കിൽ വലിയ മുതൽമുടക്കാവശ്യമാണ്. അങ്ങനെ മുതൽ മുടക്കി വനാമി കൃഷിചെയ്താൽ മാർച്ച് മാസമാകുമ്പോൾ ആളുകൾ കൊണ്ടുപോകുന്നു. അപ്പോൾ കർഷകർക്ക് ഇത് മുന്നോട്ടു കൊണ്ടുപോകാൻ പറ്റാത്ത അവസ്ഥ വരുന്നു. അതാണ് യഥാർത്ഥത്തിൽ കേരളത്തിൽ ഈ ചെമ്മീൻ കൃഷി പുരോഗമിക്കാനുള്ള തടസ്സമായി നിൽക്കുന്നത്. അല്ലാതെ വനാമി എന്ന ക്വാളിറ്റി കൊണ്ട് യാതൊരു വിധ പ്രശ്നവുമില്ല. ഇതിനാണ് ലോകത്ത് ഏറ്റവും അധികം ഡിമാന്റുള്ളത്. ഇന്ന് എല്ലാ ചെമ്മീനിനെയും റീപ്ലേസ് ചെയ്തിരിക്കുന്നത് ഈ ചെമ്മീനാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : പരമ്പരാഗതമായി കടലിൽ നിന്നും പാടത്ത് കയറുന്ന കുഞ്ഞുങ്ങൾ വലുതാകുന്നു. കടലിൽ വളരുമായിരുന്നെങ്കിൽ ഫിഷർമാന് അതിന്റെ ഷെയർ കിട്ടുമായിരുന്നു. കടലിൽ വളരുന്ന മത്സ്യങ്ങൾ കടലിലൂടെ വന്ന് കായലുകളിലും പാടശേഖരങ്ങളിലും വളരുമ്പോൾ അത് കടലിൽ ഉണ്ടാകുമായിരുന്നെങ്കിൽ അവന് എന്ത് കിട്ടുമായിരുന്നു. അതിന് ഒരു ഷെയറായിട്ടാണ് മാർച്ച് 31 കഴിയുമ്പോൾ അവിടെ sluice അടയ്ക്കലും വല

ആർക്കുവേണമെങ്കിലും വീശാം എന്നായിരുന്നു. ഇത് ഫിഷർമാന്റെ റൈറ്റായിരുന്നു. വനാമി ചെമ്മീൻ കൃഷി ചെയ്യുമ്പോൾ ഫിഷർമാന് ആ റൈറ്റ് പോകുകയാണ്. 12 മാസവും നമുക്ക് കൃഷി ചെയ്യാൻ കഴിയില്ല.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : അഷ്ടമുടി കായലും വേമ്പനാട്ടു കായലും മാത്രമെടുത്താൽ ഇന്ന് ഉല്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ നൂറിരട്ടി മത്സ്യം ഉല്പാദിപ്പിക്കാൻ സാധിക്കും. പക്ഷേ, അഷ്ടമുടിക്കായൽ പ്രൊട്ടക്റ്റ് ചെയ്യണം. ഈ കായൽ ഇപ്പോൾ ആളുകൾ കയ്യേറിക്കൊണ്ടിരിക്കുകയാണ്. കയ്യേറ്റം അവസാനിപ്പിച്ച് അഷ്ടമുടിക്കായലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കുറെ പണം ചെലവാക്കേണ്ടിവരും. അങ്ങനെ മത്സ്യ സമ്പത്ത് വൻതോതിൽ വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ ഉണ്ടാകും. അതുപോലെ ഇവിടെ ധാരാളം കുളങ്ങളുണ്ട്. അഷ്ടമുടിക്കായലിലുള്ള കൊച്ചുകൊച്ചു കുളങ്ങളെല്ലാം വൃത്തിയാക്കി ഹാക്ച്ചറി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചാൽ നമുക്ക് ആവശ്യംപോലെ മത്സ്യസമ്പത്ത് ലഭിക്കും. പക്ഷേ, അതിനുവേണ്ടി പൈസ മുടക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് ഒരു കോടി മുപ്പത്തഞ്ച് ലക്ഷം രൂപമാത്രമാണ്. ഈ തുക കൊണ്ടൊന്നും ഇത് നടപ്പിലാക്കാൻ സാധിക്കില്ല. അതിനുവേണ്ടി പണം മുടക്കി മത്സ്യ സമ്പത്ത് ഉണ്ടാക്കാൻ കഴിയണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അഷ്ടമുടിക്കായലിൽ കൊല്ലം വരെയുള്ള പ്രദേശങ്ങളിലെ ഇപ്പോഴുള്ള പ്രശ്നം ഹൗസ് ബോട്ടുകളിൽനിന്നുള്ള മലിനീകരണമാണ്. ഞാൻ ടൂറിസത്തെ അനുകൂലിക്കുന്ന ആളാണ്. പക്ഷെ അപ്പോഴും ഞാൻ പറയുന്നു ഹൗസ്ബോട്ടുകളിൽനിന്നുണ്ടാകുന്ന ഹ്യൂമൻ വേസ്റ്റുണ്ട് അത് എവിടെയെങ്കിലും ട്രീറ്റ് ചെയ്യണ്ടേ. പക്ഷെ പലപ്പോഴും അവർ കായലിൽ തട്ടുകയാണ് ചെയ്യുന്നത്. അതും നമ്മുടെ മത്സ്യ ശോഷണത്തെയും മത്സ്യത്തിന്റെ ക്വാളിറ്റിയെയും ബാധിക്കുന്നുണ്ട്. സ്വാഭാവികമായും ഇതെല്ലാം ഇന്റർലിങ്ക്ഡ് ആണ്. അതുകൊണ്ട് ഇത് ടൂറിസവുമായി ബന്ധപ്പെടുത്തി, ഫിഷറീസുമായി ബന്ധപ്പെടുത്തി നമ്മുടെ ജലാശയങ്ങളെ പൊല്യൂട്ട് ചെയ്യുന്ന സംവിധാനങ്ങൾ കുറച്ചെങ്കിൽ മാത്രമെ നമ്മുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയൂ. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഏതായാലും ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോൾ കൂടുതൽ സജഷൻസ് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഏതായാലുംശരി ഈ സമയത്തെങ്കിലും നിയന്ത്രിക്കാൻ കഴിയുന്ന, നമ്മുടെ മത്സ്യസമ്പത്തിനെ വളർത്തിയെടുക്കാൻ നമ്മുടെ ജലാശയങ്ങളിൽ കൂടുതൽ മത്സ്യം ഉത്പ്പാദിപ്പിക്കാൻ വേണ്ട ആവശ്യമായ ആധുനിക മത്സ്യവിത്തുകളെ, അതിന്റെ ക്വാളിറ്റിയും അതിന്റെ വരവിനെയും പോക്കിനെയും നിയന്ത്രിക്കുന്ന ഈ നിയമം തീർച്ചയായും നമ്മുടെ

സംസ്ഥാനത്തെ മത്സ്യകൃഷിയെ അല്ലെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളിയെ സഹായിക്കും എന്നുള്ളതുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ്കുമാർ അങ്ങേയ്ക്ക് 2014-ലെ കേരള മത്സ്യവിത്ത് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2014-ലെ കേരള മത്സ്യവിത്ത് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കെ.ബാബു ചില നിരീക്ഷണങ്ങളെക്കുറിച്ച് പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 4 ലക്ഷം ഹെക്ടർ ഉൾനാടൻ ജലാശയങ്ങളുണ്ട്. ഇതിൽ 25 ശതമാനത്തിൽ താഴെവരുന്ന പ്രദേശം മാത്രമാണ് മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്തുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഗുണനിലവാരമുള്ള മത്സ്യവിത്തിന്റെ ലഭ്യതക്കുറവാണ് മത്സ്യകൃഷിക്ക് ജലാശയങ്ങളെ ഉപയോഗിക്കുന്നതിനുള്ള പ്രധാന തടസ്സമെന്ന്

ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മത്സ്യവിത്തിന്റെ ലഭ്യതക്കുറവ് ഒരു പ്രധാന പ്രശ്നമായിരിക്കാം. പക്ഷെ അതിനെക്കാളൊക്കെ പ്രധാനപ്പെട്ട മറ്റൊരു പ്രശ്നമുണ്ട്- 'ചുമരുണ്ടെങ്കിലല്ലേ ചിത്രം വരയാക്കാൻ സാധിക്കൂ'. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ മത്സ്യക്കുഞ്ഞുങ്ങളെ തുറന്നുവിടാനും അവയ്ക്ക് വളരാനുമൊക്കെ അനുയോജ്യമായ ജലാശയങ്ങളുണ്ടെങ്കിൽ മാത്രമെ മത്സ്യവിത്തുകൊണ്ടുപോലും കാര്യമുള്ളൂ. ഈ ബില്ലിന്റെ ഏറ്റവും മുഖ്യമായ ദൗർബല്യം അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞ ആ ഒരു അപ്രോച്ചാണ്. മത്സ്യവിത്തിന്റെ മാത്രം പ്രശ്നത്തെ അടർത്തി മാറ്റിയെടുത്ത് ഒരു നിയമം ഉണ്ടാക്കുകയാണ്. ഈ വിത്ത് എവിടെയാണ് വിതയ്ക്കുന്നത്? ആ ഒരു ഭാഗം പരാമർശിക്കുന്നില്ല. 2010-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന Fisheries And Aquaculture Act ഒരു സമഗ്ര സമീപനമുള്ള ആക്ടാണ്. അതിൽനിന്നും വിത്തുമായി ബന്ധപ്പെട്ട ഭാഗം മാത്രം അടർത്തിയെടുത്ത് ഒരു പ്രത്യേക നിയമം ആക്കുകയാണ്. ഒരു നിയമം വരുന്നതിനെ എതിർത്തുകൊണ്ടല്ല ഞാൻ ഇത് പറയുന്നത്. ഇതിൽ പ്രായോഗികമായി വരുന്ന ഒരു പ്രശ്നം 2010-ലെ Fisheries And Aquaculture Act-ലെ ഒമ്പതാം വകുപ്പിൽ മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനുംവേണ്ടി ഒരൗദ്യോഗിക സംവിധാനം എങ്ങനെ

വേണമെന്നും അതിന്റെ ഘടന എങ്ങനെയാകണമെന്നുമുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനെ വികസിപ്പിക്കണമെങ്കിൽത്തന്നെ ആ ആക്ടിൽ വിത്തുൽപ്പാദനവുമായി ബന്ധപ്പെട്ട് പറയുന്ന ഭാഗത്തിൽ എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള അമെന്റ്മെന്റ് മാത്രം മതിയായിരുന്നു. ഇത് ഒരു പ്രത്യേക നിയമമായി വരുന്ന സമയത്ത് നേരത്തെ ഉണ്ടായിരുന്ന ഒരു നിയമത്തിന്റെ സമഗ്ര സ്വഭാവം ഇല്ലാതാവുകയാണ്. അതിന്റെ ഭാഗമായിട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. സാധാരണഗതിയിൽ അങ്ങനെയാണല്ലോ ചെയ്തുവരുന്നത്. ഓരോ നിയമങ്ങളെയും കാലാനുസൃതമായി കൂടുതൽ വികസിപ്പിച്ചെടുക്കുന്നതിനു പകരം പ്രത്യേക നിയമമായി എടുത്തിരിക്കുന്നു എന്നുള്ളതാണ്. സർക്കാരിന്റെ ആത്മാർത്ഥത സംബന്ധിച്ച് എനിക്ക് സംശയമുണ്ട്. ഒരു രാഷ്ട്രീയ വ്യഥാവ്യായമമാണ് യഥാർത്ഥത്തിൽ ഇവിടെയിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് എന്നൊരഭിപ്രായമാണ് എനിക്കുള്ളത്. വിത്തിന്റെ കാര്യത്തിൽ ഏറ്റവും വലിയ ബില്ലുതന്നെയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത്രയും പ്രധാനപ്പെട്ട നിയമനിർമ്മാണത്തിലേയ്ക്ക് പോകുമ്പോൾ അതിനാസ്പദമായി, ഉൾനാടൻ ജലാശയങ്ങൾ, മത്സ്യസമ്പത്ത്, വിത്തിന്റെ ലഭ്യത എന്നിവയെ സംബന്ധിച്ചൊക്കെ ഒരു സമഗ്ര പഠനം നടത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് അങ്ങനെയൊരു പഠനം നടത്താതിരുന്നത്?

ഇങ്ങനെയുള്ള ഒരു exercise-ന് മുതിരുമ്പോൾ അത്തരമൊരു പഠനം നടത്തേണ്ടതല്ലേ; അപ്പോൾ അത്തരത്തിലുള്ള യാതൊരു പഠനവും നടത്താത്തതുകൊണ്ടാണ് ഇതൊരു രാഷ്ട്രീയ വ്യഥാവ്യായാമമാണെന്ന് ഞാൻ പറഞ്ഞത്. നിങ്ങൾ ഗുണനിലവാരമുള്ള വിത്തുകൾ കൊണ്ടുവരുന്നു, അതിനുള്ള restrictions, എവിടെ നിന്ന് അത് ലഭ്യമാക്കും, എങ്ങനെയാണ് ഉൽപ്പാദനം വിതരണം, വിപണനം ഇവയൊക്കെ പറയുമ്പോൾ ഈ വിത്ത് എവിടെ വിതയ്ക്കും എന്നുള്ള പ്രശ്നം ഇതിന്റെ പശ്ചാത്തലമായി പറയേണ്ടതുണ്ട്. ഇവിടെ പലരും അക്കാര്യം പറഞ്ഞു. ജലാശയങ്ങളിൽ മാലിന്യം നിറഞ്ഞ് അവ നശിച്ചുപോകുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരഭിപ്രായം ഉണ്ടാകുമല്ലോ. അത് കേൾക്കാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളുള്ളത് വേമ്പനാട്ട് കായലിന് ചുറ്റുപാടുമുള്ള ആവാസ വ്യവസ്ഥയിലാണ്. യഥാർത്ഥത്തിൽ ഇപ്പോൾ അവയുടെ എണ്ണം വല്ലാതെ കുറഞ്ഞു. ഏതാണ്ട് ഏഴോളം പുഴകളും കായലുകളും വന്നുചേരുന്ന വലിയൊരു സംവിധാനമാണ് വേമ്പനാട്ട് കായൽ. അവിടെ പ്രധാനമായും ഫാക്ടറി മാലിന്യങ്ങൾ, രാസ മാലിന്യങ്ങൾ ട്രീറ്റ് ചെയ്യാതെ കായലിലേയ്ക്ക് ഒഴുക്കിവിടുന്നു. അത് പ്രതിരോധിക്കുന്നതിനുള്ള നടപടികളാണ്

പ്രധാനമായും മത്സ്യസമ്പത്ത് വർദ്ധിക്കാൻ വേണ്ടി ചെയ്യേണ്ടത്. അതിൽ ഗവൺമെന്റിന് നിലപാടില്ല. അതുപോലെതന്നെ ശബരിമലയിൽനിന്നും ഒഴുകിവരുന്ന മാലിന്യത്തിന്റെ പ്രശ്നവുമുണ്ട്. അതിൽ മനുഷ്യമാലിന്യം ഉൾപ്പെടെ എല്ലാം വരുന്നു. അപ്പർ കുട്ടനാട് മേഖലയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഏറ്റവും കൂടുതലുള്ളതായി പലപ്പോഴും റിപ്പോർട്ടുകൾ വരുന്നത് നമ്മൾ കാണുന്നുണ്ട്. അക്കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. അതുപോലെ ഹൗസ്ബോട്ടുകളുടെ കാര്യം ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ പറഞ്ഞു. ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് ശുദ്ധീകരിച്ച വെള്ളമേ ജലാശയങ്ങളിലേയ്ക്ക് ഒഴുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള ഇടപെടലുകൾ ഉണ്ടാകണമല്ലോ. ഇക്കാര്യങ്ങളിലൊന്നും നമുക്ക് പ്രാധാന്യം കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ജലാശയങ്ങളൊക്കെ നാശമായിക്കൊണ്ടിരിക്കുന്നതാണ് നമ്മുടെ മത്സ്യസമ്പത്തിനെ ഇല്ലാതാക്കുന്നത് എന്ന്. 'പെട്ടി മോഷണം പോയ ഒരാൾ താക്കോൽ എന്റെ കയ്യിലുണ്ട് ' എന്നുപറഞ്ഞ് ആശ്വസിക്കുന്നതുപോലെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ആശ്വസിക്കുന്നത്. കാരണം മന്ത്രി പറയുന്നത് നല്ല വിത്ത് നമ്മുടെ കയ്യിലുണ്ട് എന്നാണ്. എന്നാൽ ഇത് എവിടെ വിതയ്ക്കും. മത്സ്യസമ്പത്ത്

അഭിവൃദ്ധിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടാണ് ഈയൊരു സമീപനമെങ്കിൽ ഇതിനെയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു നിയമമാണ് കൊണ്ടുവരേണ്ടത് എന്നുള്ളൊരഭിപ്രായമാണ് എനിക്കുള്ളത്. പശ്ചിമഘട്ടത്തിലുണ്ടാകുന്ന നാശം നമ്മുടെ നദികളെയും നദികൾ ഒഴുകിയെത്തുന്ന കായലുകളെയും നദികളിൽനിന്നും ഒഴുകിയെത്തുന്ന എക്കൽമണ്ണിന്റെ ലഭ്യത കുറയുന്നു, ഏതാണ്ട് നദികളൊക്കെ മരിക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്ന കാര്യങ്ങളാണ്. അഷ്ടമുടിക്കായലിന്റെ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. മറ്റൊന്ന് ഗവൺമെന്റുതന്നെ നമ്മുടെ നദികളെ നശിപ്പിക്കുന്നു എന്നുള്ളതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് എന്നുപറഞ്ഞ് കോടികൾ ചെലവഴിച്ച് എല്ലാ പുഴകൾക്കും ഭിത്തി കെട്ടുകയാണ്. സർക്കാരാണ് അത് ചെയ്യുന്നത്. നമ്മുടെ സമൂഹത്തിന്റെ അറിവില്ലായ്മ കാരണം ഭിത്തികെട്ടുന്നതിനെ പലരും പ്രോത്സാഹിപ്പിക്കുന്നു. ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാരും കോൺട്രാക്ടർമാരും ചേർന്ന് കൊള്ളയടിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തിയാണ് നടക്കുന്നത്. യഥാർത്ഥത്തിൽ ഇതിന്റെ ഫലമായി നമ്മുടെ പുഴകളിൽ പലതും വാട്ടർ ടാങ്കായി മാറുകയാണ് ചെയ്യുന്നത്.

മി. ചെയർമാൻ: ഭിത്തി കെട്ടിക്കഴിഞ്ഞാൽ കനാൽ ആകുകയാണ് ചെയ്യുന്നത്.

പുഴ നശിക്കും.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: വാട്ടർ ടാങ്ക് എന്നുപറയുന്നില്ല, കനാലായി മാറുന്നു. ഇതിന്റെ ഭാഗമായി പുഴയും തീരവും ചുംബിച്ചുറങ്ങി എന്നുപറയുന്നത് കവി ഭാവന മാത്രമായി മാറുകയാണ്. അതല്ലാതെ ഇപ്പോൾ അതൊന്നും യാഥാർത്ഥ്യമാകുന്നില്ല. പരിമിതമായ അറിവ് വച്ച് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളത് പുഴയോരവും പുഴയും ചേർന്നുരുമ്മിക്കിടക്കുന്ന പ്രദേശത്താണ് ഏറ്റവും കൂടുതൽ ജൈവവൈവിദ്ധ്യത്തിന്റെ കലവറയുള്ളത് എന്നാണ്. അവിടെയാണ് സസ്യങ്ങളും മറ്റ് ജലജന്യജീവികളുമൊക്കെ വളരുന്നത്. അത് നമ്മുടെ ഗവൺമെന്റ് ഔദ്യോഗികമായി നശിപ്പിക്കുകയാണ്. ഗവൺമെന്റ് എന്നുപറയുമ്പോൾ ഞാനുദ്ദേശിക്കുന്നത് അങ്ങ് മന്ത്രിയായതിനുശേഷം എന്നല്ല, നമ്മുടെ സിസ്റ്റത്തിന്റെ ഭാഗം എന്നാണുദ്ദേശിച്ചത്. അവിടെയൊക്കെയാണ് നമ്മൾ മാറ്റം കൊണ്ടുവരേണ്ടത്. പക്ഷെ അക്കാര്യങ്ങളിലൊന്നും നമുക്ക് യാതൊരു ഉത്കണ്ഠയുമില്ല എന്നുള്ള കാര്യമാണ്. ശ്രീ. പി. കെ. ഗുരുദാസൻ സംസാരിച്ചപ്പോൾ, കുളങ്ങളിലും ചിറകളിലും ധാരാളം മത്സ്യങ്ങളെ വളർത്തിയെടുക്കാമെന്ന് പറഞ്ഞു. പക്ഷെ ഒരു കാര്യം, ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമായി പ്രർത്തിക്കുന്ന ആളുകളാണല്ലോ നമ്മളെല്ലാവരും.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ജൈവ വൈവിധ്യത്തിനുവേണ്ടിയുള്ള അങ്ങയുടെ നിലപാടിനോട് യോജിപ്പാണ്. പക്ഷേ പുഴ ഇടിഞ്ഞ് താഴേക്ക് വരുന്ന സമയത്ത് പുഴയുടെ ഓരം സംരക്ഷിക്കാനുള്ള പദ്ധതി വേണം. ആ പദ്ധതി നിറുത്തിവയ്ക്കാൻ പറ്റുമോ ?

<u>മി. ചെയർമാൻ</u>: പണ്ടുകാലത്ത് അവിടെ മുളയും ആറ്റുവഞ്ചിയും വച്ചു പിടിപ്പിക്കുമായിരുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> അതിനകത്തൊരു സമീപനമുണ്ടാകണം. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് സംരക്ഷണം കൊടുക്കേണ്ടതായിട്ട് വരും. കണ്ടലുകൾ വച്ചു പിടിപ്പിച്ചാൽ സംരക്ഷിക്കാനാകും. ഏതു കോൺക്രീറ്റ് നിർമ്മാണത്തേക്കാൾ നല്ലത് കണ്ടലുകൾ വച്ച് പിടിപ്പിച്ച് പുഴയോരം സംരക്ഷിക്കാനാകും. ഇപ്പറഞ്ഞതുപോലെ മുളയും കൈതയും വച്ച് പിടിപ്പിച്ചാലും സംരക്ഷിക്കാനാകും. എന്തുകൊണ്ട് ഒരു ബയോ ഫെൻസിംഗ് ആയിക്കൂടാ ? കണ്ടലുകൾ ഉപയോഗിച്ച് ജീവിത വ്യവസ്ഥയെ സംരക്ഷിക്കാനാകും.

<u>ശ്രീ. ഇ.കെ. വിജയൻ:</u> വർത്തമാനകാല കേരളത്തിന്റെ ഏറ്റവും അത്യാവശ്യമുള്ള ഒരു വിഷയം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ

ഗൗരവപൂർവ്വം സൂചിപ്പിക്കുകയുണ്ടായത്. ഞാൻ ജനിച്ചതിനുശേഷം എന്റെ ഒരു അറിവ് മനസ്സിലാക്കിയതു മുതൽ കടലിൽ കല്ലിടാൻ തുടങ്ങിയതാണ്. കല്ലൊന്നും പല സ്ഥലങ്ങളിലും കാണാറില്ല. നമ്മുടെ കാലാവസ്ഥയ്ക്കനുസരിച്ച്, അതിന് അനുയോജ്യമായ സംവിധാനം എന്താണെന്ന് ആലോചിക്കാതെ, വർഷാവർഷം കോൺട്രാക്ടർമാരെയും.... ഇപ്പോൾ ഒരു ലോഡിൽ ഒരു കല്ലാണുള്ളത്. അത് അവിടെ കൊണ്ടിടുന്നുണ്ട്. കോഴിക്കോട് മുതൽ തലശ്ശേരി വരെയുള്ള ഭാഗങ്ങൾ നോക്കിയാൽ ഇട്ട കല്ലുകളൊന്നും ഇതുവരെ കണ്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, അതിനനുസൃതമായൊരു സമീപനം അവിടെ വരേണ്ടതായുണ്ട്. നേരത്തെ പറഞ്ഞതുപോലെ, പുഴയോരങ്ങളിൽ കയ്തോല– അവിടങ്ങളിൽ അങ്ങനെയാണ് പറയാറുള്ളത്. അതാണ് അവിടെയൊക്ക വച്ചുപിടിപ്പിച്ചിട്ടുള്ളത്. അപ്പോൾ നമുക്ക് നഷ്ടപ്പെട്ടുപോയ കയ്ച്ചിൽ അല്ലെങ്കിൽ ബ്രാൽ, കട്ട, മുഴ തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനനം നടക്കുന്നത് ഈ മേഖലകളിലാണ്. അതിന്റെയടിസ്ഥാനത്തിലാണ് അതിന്റെ വംശ വർദ്ധനവുണ്ടായത്. ഇപ്പോഴത് ഇല്ല. പണ്ട് ക്ഷയരോഗത്തിനും ശരീരശോഷണമുൾപ്പെടെയുള്ള മറ്റ് അസുഖങ്ങൾക്കെതിരെ പ്രകൃതി വിഭവത്തിന്റെ മത്സ്യങ്ങളായിരുന്ന കയ്ച്ചിൽ അല്ലെങ്കിൽ ബ്രാൽ, വരാൽ, കട്ട, മുഴ എന്നീ മത്സ്യങ്ങളായിരുന്ന

ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇന്ന് നമുക്ക് ഈ മത്സ്യങ്ങളൊക്കെ നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. പുഴയോരങ്ങളെ അതേ രീതിയിൽ സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാകാതെ കോൺട്രാക്ടർമാരും എഞ്ചിനീയർമാരും തീരുമാനിക്കുന്ന മുറയ്ക്ക് അവയൊക്കെ തോടുകളാക്കി കനാലുകളാക്കി മാറ്റുന്നൊരു സംവിധാനം വന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത് വന്നിട്ടുള്ളത്. അതിന്റെ കൂടെ വിത്തും വളവും എന്ന് പറയുന്നതുപോലെ വിത്തും വെള്ളവും എന്ന നിലയ്ക്ക് ആലോചന നടത്തിയില്ലെങ്കിൽ ഇതൊരു ബിൽ മാത്രമായി രൂപപ്പെടുകയും നമ്മുടെ മത്സ്യസമ്പത്ത് നഷ്ടപ്പെടുകയും ചെയ്യുമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ വിലയിരുത്തലിനോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഈയൊരു സമീപനം നമ്മുടെ പുഴയോര സംരക്ഷണത്തിന് ആവശ്യമില്ലേ എന്നുകൂടി ചോദിക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ആ ആശയം തന്നെയാണ് ഞാൻ ഇവിടെ പറഞ്ഞുവന്നത്. അതായത് കടലിൽ കല്ലിടുന്നത് ഒരു ശൈലിയായിമാറിക്കഴിഞ്ഞു. ഇവിടെ ഏറ്റവും വലിയ തട്ടിപ്പ് നടക്കുന്നതിന്, കടലിൽ കല്ലിടുന്നതുപോലെ എന്നൊക്കെ പറഞ്ഞുതുടങ്ങിയത് നമ്മുടെ ഗവൺമെന്റുകൾ തന്നെ ഔദ്യോഗികമായി ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രവർത്തനത്തെ പരിഹസിച്ചുകൊണ്ടാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, കടലിൽ കല്ലിടുന്നതുപോലെ

എന്നുപറയുന്ന രീതിയെ ബഹുമാനപ്പെട്ട മെമ്പർ ചെറുതായി കാണരുത്. തീരപ്രദേശത്തെ ആളുകൾക്ക് ശക്തമായ കടലാക്രമണമുണ്ടാകുന്നതിനെപ്പറ്റി ബോധ്യമുണ്ട്. കാരണം കടലിൽ കല്ലിടുക എന്നത് തമാശയായി കാണേണ്ട പ്രയോഗമല്ല. കാരണം കഴിഞ്ഞ വർഷംപോലും ഞങ്ങളുടെ തീരപ്രദേശങ്ങളൊക്കെ കിലോമീറ്ററുകളോളംദൂരത്തിൽ കടൽ കയറുന്ന ഒരവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പി. ശ്രീരാമകൃഷ്ണന്റെ മണ്ഡലമായ പൊന്നാനിയിലും എന്റെ മണ്ഡലമായ താനൂരിലും ഉണ്ടായി. അവിടെയൊക്കെയുള്ള വീടുകൾ ഇതുകാരണം തകരുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ സംരക്ഷിക്കേണ്ട ഘട്ടത്തിൽ, അവിടെ ഇപ്പോൾ തൽക്കാലം എന്തെങ്കിലും ചെടികൾ വച്ചുപിടിപ്പിച്ച് വീടുകൾ സംരക്ഷിക്കാമെന്ന് പറയുന്നത് അസാധ്യമാകും. ആ ഘട്ടത്തിൽ, അത്തരം കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരാകുന്നൊരു ഘട്ടമുണ്ട്. ആ സാഹചര്യത്തിലാണ് കല്ല് ഉപയോഗിച്ചുകൊണ്ട് സംരക്ഷിക്കാൻ നിർബന്ധിതരാകുന്നത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. കടൽഭിത്തി പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് കടലോരങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ സാധിക്കില്ല. ഇവിടെ വരുന്നൊരു പ്രശ്നം ഒരു ഭാഗത്ത് കടലാക്രമണം

വരുമ്പോൾ അവിടെ കടൽഭിത്തി കെട്ടും. അപ്പോൾ തിരമാലകളുടെ തരംഗം അടുത്ത മേഖലകളിലേക്ക് പോകും. ശാസ്ത്രീയമായ പഠനമില്ലാത്തതും ആവശ്യത്തിന് പുലിമുട്ടുകളില്ലാത്തതുമാണ് കടലാക്രമണത്തിന് ബദലായി കടൽഭിത്തി നിർമ്മിക്കുമ്പോൾ കുഴപ്പമുണ്ടാകുന്നത്. അതുകൊണ്ട് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എവിടെയെല്ലാം പുലിമുട്ടുകൾ നിർമ്മിക്കണമെന്നുള്ള ഒരു ശാസ്ത്രീയപഠനത്തിനുശേഷം കടൽഭിത്തി നിർമ്മിക്കുക എന്നുള്ളതാണ് പരിഹാരമാർഗ്ഗം. മറിച്ച്, കടൽഭിത്തി തന്നെ വേണ്ടെന്ന് പറയുന്നത് എലിയെ പേടിച്ച് ഇല്ലം ചുടുന്നതുപോലെയാകും. അത് തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥയെ വലിയ തോതിൽ ബാധിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> സർ, ഞാൻ പറഞ്ഞ വിഷയം കടൽ ഭിത്തിയുമായി ബന്ധപ്പെട്ടല്ല, പുഴയോരവുമായി ബന്ധപ്പെട്ടതാണ്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നിടത്ത് കടൽഭിത്തി നിർമ്മിക്കേണ്ടി വരും. അതിനും പാരിസ്ഥിതികമായ പ്രശ്നങ്ങളുണ്ട്. അതും ചെയ്യേണ്ടി വരും. പക്ഷേ ഇവിടെ പെട്ടെന്ന് കടലാക്രമണം ഉണ്ടാകുമ്പോൾ ഉടനെ ആരെങ്കിലും ശിപാർശയായി വിളിച്ചുപറഞ്ഞാൽ അപ്പോൾ തന്നെ എസ്റ്റിമേറ്റും മറ്റ് പ്രവൃത്തികളുമില്ലാതെ

താൽക്കാലിക സംരക്ഷണത്തിനുവേണ്ടി കടലിലേക്ക് കല്ല് കൊണ്ടിടുന്നതിനെയാണ് കടലിൽ കല്ലിടുന്നതുപോലെയെന്ന് പറയുന്നത്. അതിന്റെ ഭാഗമായി വലിയ തട്ടിപ്പുകളാണ് എത്രയോ കാലമായി ഇവിടെ നടക്കുകയാണ്. അതിനെ നമ്മൾ കുറച്ചുകാണേണ്ടതില്ല. എന്നാൽ കുറച്ചുകൂടി ശാസ്ത്രീയമായി കടൽഭിത്തി കെട്ടാവുന്നതാണ്. ഗാബിയോൺ ബോക്സ് പോലുള്ള ടെക്നോളജിയൊക്കെ ഉപയോഗിച്ച് പുതുതായി ചെന്നൈ ഐ.ഐ.ടി.-യിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തികൾ നിർമ്മിച്ചിട്ടുണ്ട്. അത് എത്രത്തോളം സെയ്ഫാണെന്നും എത്രവർഷം നിൽക്കുമെന്നുള്ളതും അറിയില്ല. തൽക്കാലം ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടത്ത് അതിനെക്കുറിച്ച് ആലോചിക്കാം. എല്ലാ സ്ഥലങ്ങളിലേക്കും അത് വ്യാപിപ്പിക്കാൻ സാധിക്കില്ല. ഞാൻ പ്രസംഗിച്ചുവന്നത് അക്കാര്യമല്ല, ഇക്കാര്യം നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണനും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും സംസാരിച്ചപ്പോൾ അവർ ഇക്കാര്യം മനസ്സിലാക്കിയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ പറഞ്ഞത് പുഴയോരത്തെ സംബന്ധിച്ചാണ്. പുഴയോരത്ത് കണ്ടൽക്കാടുകളും ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെയുള്ള ബയോഫെൻസിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾവഴി സംരക്ഷിച്ച് നിർത്താനാകും. അതിനുള്ള ശ്രമവും സമീപനവും ആവശ്യമാണ്.

ഇപ്പോൾ അത്യാവശ്യം കല്ല് വച്ചുതന്നെ കെട്ടണമെങ്കിൽ പ്രകൃതിയിൽനിന്നും ലഭിക്കുന്ന കല്ലുകൾ സാധാരണഗതിയിൽ ചായ്ച്ച് വെച്ചുകെട്ടുന്ന രീതിയിൽ കടൽഭിത്തി കെട്ടിയാൽ അതിനകത്തുകൂടി മത്സ്യങ്ങൾക്ക് സഞ്ചരിക്കാനും മുട്ടയിടാനും സാധിക്കും. കോൺക്രീറ്റ് ഇട്ട് സിമെന്റ് വച്ച് കെട്ടേണ്ട ആവശ്യമില്ല. കരിങ്കല്ലിനുപകരം ചെങ്കല്ല് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കാം. അതിനെക്കുറിച്ച് ആരാണ് ചിന്തിക്കുന്നത്, അതിനെക്കുറിച്ച് ആരാണ് പഠനം നടത്തുന്നത്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, നദിയുടെ തീരം സംരക്ഷിക്കുന്നതിന് ബയോഫെൻസിംഗ് ടെക്നോളജി ആവശ്യമാണെന്നും എന്നാൽ കരിങ്കൽക്കെട്ട് ഒഴിവാക്കണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. എന്റെ മണ്ഡലമായ ആറന്മുളയിൽ കൂടിയാണ് അച്ചൻകോവിലാർ, പമ്പയാർ, മണിമലയാർ എന്നീ മൂന്ന് നദികളും ഒഴുകുന്നത്. ഇവയൊക്കെ മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്ന നദികളാണ്. തീരങ്ങൾ വല്ലാതെ ഇടിഞ്ഞ് വലിയ അപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളാണ് എന്റെ നിയോജമണ്ഡലത്തിൽപ്പെട്ട മിക്കവാറുമുള്ള എല്ലാ സ്ഥലങ്ങളും. ശ്രീ. രാജു എബ്രഹാമിന്റെ മണ്ഡലമായ റാന്നിയിലും ശ്രീ. അടൂർ പ്രകാശിന്റെ മണ്ഡലമായ കോന്നിയിലും ഇതുപോലുള്ള

പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവിടെ ബയോഫെൻസിംഗ് ടെക്നോളജി എന്ന് പറയുന്നത് അശാസ്ത്രീയമാണ്. അവിടെയൊന്നും ഈ ടെക്നോളജി നിലനിൽക്കില്ല. മാത്രമല്ല, തെങ്ങും മറ്റുവൃക്ഷങ്ങളുമൊക്കെ കടപുഴകി ഉള്ളിലേക്ക് നദി കയറുന്ന രീതിയാണ് അവിടെ നടക്കുന്നത്. അവിടത്തെ ഭയാനകമായ ഒരവസ്ഥ വന്നുകണ്ടാൽ മാത്രമേ കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ. അതുകൊണ്ട് ബയോഫെൻസിംഗ് ടെക്നോളജി എന്ന് പറയുന്നത്..... പരിസ്ഥിതിവാദികളൊക്കെ പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പറയും. ശ്രീ. ടി. എൻ. പ്രതാപൻ സഭയിൽ ഇല്ല. അവർക്ക് പറയാനുള്ള അവസരം കൊടുത്തുകൊണ്ട് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിവേണം കാര്യങ്ങൾ ചെയ്യാൻ എന്നുമാത്രമേ ഞാൻ സൂചിപ്പിക്കുന്നുള്ളൂ. അവിടെ സിമെന്റ് ഇട്ട് അല്ല കെട്ടുന്നത്, കല്ല് അടുക്കുകയാണ്. അല്ലാതെ കല്ലിൽ സിമെന്റ് പൂശി അത് ചെയ്യില്ല. പെബിൾ അടുക്കിയാണ് പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നത് എന്ന കാര്യം കൂടി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: സർ, എന്തായാലും ഒരു കാര്യം ശരിയാണ്. ഇതിനകത്തുള്ള ശാസ്ത്രീയത സംബന്ധിച്ചുള്ള തർക്കത്തിനല്ല ഞാൻ നിൽക്കുന്നത്. നമുക്ക് നമ്മുടെ പുഴയുടെ സ്വാഭാവികമായ ഒഴുക്ക് ശാന്തവും സ്വച്ഛന്തവുമായുള്ള

പ്രവാഹത്തിന് വിഘ്നംവരാത്ത, അതിന്റെ നൈസർഗികതയ്ക്ക് കോട്ടം തട്ടാത്ത നിലയിൽ അങ്ങനെ നിർത്താനാകം. ഈ നദികൾ പണ്ടുകാലത്ത് ഒഴുകിയതാണല്ലോ. പുഴകളെ നമ്മുടെ വരിധിക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നതിന്റെ ദുരന്തം നമ്മുടെ തലമുറകൾക്കുണ്ടാകും. അതുംകൂടി നമ്മൾ പരിഗണിക്കണം. എന്നാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടത്ത്, അവരുടെ ജീവിതവ്യവസ്ഥയെ സംരക്ഷിക്കണം. അല്ലാതെ ഈ ബിൽ ഉണ്ടാക്കിയും വിത്ത് ഉൽപ്പാദിപ്പിച്ചതുകൊണ്ടും മാത്രം മത്സ്യസമ്പത്ത് വളരില്ലെന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്. ചുമർ ഉണ്ടെങ്കിലേ ചിത്രം വരയാക്കാനാകൂ. അതുകൊണ്ട് നല്ല മത്സ്യസമ്പത്തിന് വളരാനാവശ്യമായ ജലാശയങ്ങൾ ഉണ്ടെങ്കിൽമാത്രമേ, അവ സംരക്ഷിക്കപ്പെട്ടാൽ മാത്രമേ ഇതുകൊണ്ട് കഴിയുകയുള്ളൂ. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രി മത്സ്യവിത്ത് ബിൽ കൊണ്ടുവന്ന് മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കുകയും വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുകയുമൊക്കെ ചെയ്താലും ഒരുകാര്യവുമില്ല. ഇവിടെ ഈ വിഷയം ഇവിടെ ചർച്ച ചെയ്യുമ്പോൾ സമഗ്രമായ നിലയിൽ ഈ ബിൽ പ്രശ്നങ്ങളെ കാണുന്നില്ല എന്നുപറയുന്നതിനുവേണ്ടിയാണ്. കുളങ്ങൾ, ചിറകൾ എന്നിവയെ സംബന്ധിച്ചാണെങ്കിൽ, എന്റെ മണ്ഡലമായ കോഴിക്കോട് നഗരത്തിലെ അനുഭവങ്ങൾ പറയാം. അവിടെയുള്ള എല്ലാ കുളങ്ങളും ചിറകളും ഉദാഹരണത്തിന്

മാനാഞ്ചിറയും കുറ്റിച്ചിറയും തളിക്കുളവും നീലിച്ചിറയും ഗരുഡൻകുളവും താമരകുളവും തൃശാലക്കുളം, ബിലാത്തിക്കുളം എന്നീ കുളങ്ങളൊക്കെ ഉണ്ടാക്കിയത് സാമൂതിരി രാജാവാണ്. ഇതൊക്കെ രാജഭരണത്തേക്കാൾ പരിഷ്കൃതമാണ് ജനാധിപത്യവ്യവസ്ഥ. അതിൽ ഒരു സംശയവുമില്ലല്ലോ? ഈ ജനാധിപത്യ വ്യവസ്ഥയിലുള്ള കുളങ്ങൾ നികത്തിയതല്ലാതെ പുതിയവയൊന്നും ഉണ്ടാക്കിയിട്ടില്ല. അതാണ് പ്രശ്നം. യഥാർത്ഥത്തിൽ അത് നമ്മളെല്ലാവരും ആലോചിക്കേണ്ട ഒരു കാര്യമാണ്. ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ ഉള്ള ജലാശയങ്ങളെ സംരക്ഷിക്കുക മാത്രമല്ല പുതിയവ സാധ്യമായ ഇടത്ത് നിർമ്മിക്കുക എന്നുള്ളത് നമ്മുടെ അജണ്ടയുടെ ഭാഗമായി മാറണം. എന്നെങ്കിലും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടോ? അവിടെ കണ്ടംകുളം എന്ന് പറയുന്ന വലിയ ജലാശയം നികത്തിയാണ് എത്രയോകാലം മുമ്പ് ഒരു മാൾ ഉണ്ടായത്. ഉള്ള ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യണമെന്നുള്ള ഒരു ബോധം ഇത്രയുംകാലം ആർക്കും ഉണ്ടായിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരിക്കുന്നത് കേരളത്തിലെ കായലുകളും പുഴകളും കുളങ്ങളും നദികളും അരുവികളുമെല്ലാം സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾക്കുള്ള ന്യൂനതകൾ പരിഹരിച്ച്, ഇന്നുള്ള നിയമങ്ങൾക്ക് ന്യൂനതയുണ്ട്. ആ ന്യൂനതകൾ പരിഹരിക്കാതെ, മത്സ്യവിത്ത് ബിൽ കൊണ്ടുവന്നതുകൊണ്ട് മാത്രം

കാര്യമില്ല. കാഴ്ചപ്പാടില്ലാത്ത ഒരു സർക്കാരിന്റെ പൊങ്ങച്ചമാണ് ഈ ബിൽ എന്നാണ് ഞാൻ പറഞ്ഞത്. ബില്ലിന്റെ ഉള്ളടക്കത്തിന്റെ ഉദ്ദേശത്തെ ചോദ്യം ചെയ്തുകൊണ്ടല്ല, സമഗ്രതയിൽ കാണാതെ ഇത് ഇഫക്ടീവ് ആകില്ല. മത്സ്യ സമ്പത്ത് വർദ്ധിക്കില്ല.

അതുപോലെ ജൈവവൈവിധ്യം നശിപ്പിക്കുന്ന ആഫ്രിക്കൻ മുഷി എന്ന വളരെ പ്രധാനപ്പെട്ട ഒരു ഭീകരൻ അടുത്ത കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. മാധ്യമങ്ങളിൽ അത് സംബന്ധിച്ച് ആർട്ടിക്കിളൊക്കെ വന്നിരുന്നു. ആഫ്രിക്കൻ മുഷി നീലഗിരിയുടെ ജൈവമേഖലയിലാണ് ആദ്യം കാണപ്പെട്ടതെന്നും പെരിയാറിലേയ്ക്ക് ഒഴുകി വന്നു എന്നുമാണ് പറയുന്നത്. ആഫ്രിക്കൻ മുഷി എവിടെനിന്നാണ് വരുന്നത്? ലാഭക്കൊതിയൻമാരായ ചില സ്വകാര്യ ഹാച്ചറികൾ നടത്തുന്നവർ ഏറ്റവും നല്ല ഫ്ളഷിയായിട്ടുള്ള മത്സ്യം കണ്ടുപിടിച്ച് ഇവിടെക്കൊണ്ടുവന്ന് പരിപാലിച്ചു. അവരുടെ സ്വകാര്യ ജലാശയങ്ങളിൽനിന്ന് പ്രകൃതിദത്തമായ പുഴകളിലേയ്ക്ക് കണക്കിവിറ്റിയുണ്ട്, അതിലൂടെയാണ് ഇത് ഒഴുകിവന്നത്. നാടിന്റെ താല്പര്യം പരിഗണിക്കാതെ എങ്ങനെയെങ്കിലും മത്സ്യം വിറ്റ് കാശാക്കുക എന്ന് മാത്രം ഉദ്ദേശിച്ച് ഇതുപോലെ മാരകമായ മത്സ്യവിത്ത് കൊണ്ടുവന്ന് ഇവിടെ പ്രജനനം

നടത്തി അതിനെ വളർത്തിയെടുത്തിട്ടുള്ള ആളുകൾ അവരുടെ ജലാശയങ്ങളോ ഹാച്ചറികളോ പ്രകൃതിദത്തമായ കായലുകളും പുഴകളുമായി ഒരു തരത്തിലും ബന്ധപ്പെടില്ലെന്ന് ഉറപ്പുവരുത്താനുള്ള നിയമം നമുക്കുണ്ടോ; അത് വേണ്ടതല്ലേ? ആഫ്രിക്കൻ മുഷി വലിയ മത്സ്യങ്ങളുൾപ്പെടെ എല്ലാ ജലജന്യജീവികളെയും തിന്ന് നശിപ്പിക്കും. സ്ലാട്ടർ ഹൗസിൽനിന്നുള്ള അവശിഷ്ടങ്ങളാണ് ആഫ്രിക്കൻ മുഷിക്ക് ഭക്ഷിക്കാനായി കൊടുക്കുന്നത്. യഥാർത്ഥത്തിൽ ഇത് നിരോധിക്കാൻ നിയമമുണ്ട്. എന്നാൽ നിരോധിക്കാനുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. മാണി സാറിനെ പോലൊരു അവതാരമാണ് ആഫ്രിക്കൻ മുഷി. ...........

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്, എല്ലാവരെക്കാളും സമയമെടുത്തു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> യു.ഡി.എഫ്-ലെ മന്ത്രിമാർക്ക് ബാറുകാരാണ് കൊടുക്കുന്നതെങ്കിൽ ഇവിടെ സ്ലാട്ടർ ഹൗസുകാരാണ് കൊടുക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്, അങ്ങ് വിഷയത്തിൽനിന്ന് വ്യതിചലിക്കുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ആഫ്രിക്കൻ മുഷി വളർത്തലിന് നിരോധനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നില്ല. മുഷി വളർത്തുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് കോഴക്കേസിലെ ക്വിക്ക് വെരിഫിക്കേഷൻ

പോലെയാണ്, നടപടിയെടുക്കുന്നില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ആഫ്രിക്കൻ മുഷി ഗവൺമെന്റ് നിരോധിച്ചിട്ടുള്ളതാണ്. അത് അറിയാതെയാണ് നിരോധിച്ചിട്ടില്ലെന്ന് പറയുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആഫ്രിക്കൻ മുഷി നിരോധിച്ചതാണ്, പക്ഷേ നിങ്ങൾ അതിനായി ഒരു നടപടിയും സ്വീകരിക്കുന്നില്ല എന്നാണ് പറഞ്ഞത്. കോഴക്കേസിലെ ക്വിക്ക് വെരിഫിക്കേഷൻ പോലുള്ള നിലപാടാണ് ആഫ്രിക്കൻ മുഷിയുടെ നിരോധനത്തിന്റെ കാര്യത്തിൽ നിങ്ങൾ സ്വീകരിക്കുന്നത് എന്നാണ് പറഞ്ഞത്. ആഫ്രിക്കൻ മുഷി നിങ്ങളുടെ ആരോപണവിധേയരായ ആളുകളെപോലെ ഒരു അവതാരമാണ് എന്നാണ് പറഞ്ഞത്. അതുകൊണ്ട് ആഫ്രിക്കൻ മുഷി വാഴുമ്പോൾ മേൽത്തരം മത്സ്യവിത്തുകൊണ്ട് എന്തുകാര്യമാണുള്ളത് എന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. മത്സ്യമേഖലയോടും മത്സ്യത്തൊഴിലാളികളോടുമുള്ള ഈ ഗവൺമെന്റിന്റെ സമീപനം ........

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മത്സ്യവിത്ത് വളർത്താനുള്ള കുളങ്ങളെക്കുറിച്ച് ഈ ബില്ലിൽ പറയുന്നില്ല എന്ന പരമാർശം

നടത്തിയതുകൊണ്ടാണ് പറയുന്നത്. ഈ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ സംസ്ഥാനത്ത് 4 ലക്ഷത്തോളം ഹെക്ടർ ഉൾനാടൻ ജലാശയങ്ങളുണ്ട്, ഇതിൽ 25 ശതമാനത്തിന് താഴെ വരുന്ന പ്രദേശത്ത് മാത്രമാണ് മത്സ്യകൃഷി നടത്തുന്നത്, ബാക്കി 75 ശതമാനം സ്ഥലത്ത് കൃഷി നടത്താൻ അനുയോജ്യമായ വിത്ത് ഉല്പാദിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യമെന്ന് പറയുമ്പോൾ കുളം ഉണ്ടായിട്ടേ വിത്ത് ആവശ്യമുള്ളൂ എന്ന രീതിയിൽ പരാമർശം നടത്തിയത് അങ്ങ് ഈ ബിൽ വായിക്കാത്തതുകൊണ്ടാണ് എന്നാണ് ഞാൻ മനസിലാക്കുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ ഈ ബിൽ നന്നായി വായിച്ചിട്ടാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ആമുഖപ്രസംഗത്തിൽ സൂചിപ്പിച്ചതും ബില്ലിന്റെ ഉദ്ദേശ കാരണങ്ങൾ എന്ന ഖണ്ഡികയിൽ പറഞ്ഞതുമായ കാര്യം 4 ലക്ഷം ഹെക്ടർ ജലാശയമുണ്ട്, അതിൽ 25 ശതമാനം മാത്രമേ മത്സ്യകൃഷിക്ക് ഉപയോഗിച്ചിട്ടുള്ളൂ, ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ അഭാവമാണ് ഇവിടെ മത്സ്യകൃഷി വളരാതിരിക്കാൻ കാരണം, അത് പരിഹരിക്കാനാണ് ഈ ബിൽ എന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇത് സമഗ്രമായല്ല നിങ്ങൾ സമീപിച്ചത്. കുറെ വിത്തുണ്ടായാൽ മാത്രം പോര, ഇത് എവിടെ വിതയ്ക്കും? ഇവിടെയുള്ള ജലാശയങ്ങളൊന്നും മത്സ്യം വളരാൻ അനുയോജ്യമല്ല, വിഷമയമാണ്.

ജലാശയങ്ങൾ വിഷമയമാക്കുന്നതിൽ കാലാകാലങ്ങളിലുള്ള നമ്മുടെ സമീപനങ്ങൾ കാരണമായിട്ടുണ്ടാകും. പുഴ വിത്ത് കിട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചു. ആ കാര്യങ്ങളെ സമഗ്രതയിൽ കാണാതെ മത്സ്യസമ്പത്ത് ടാങ്കിലിട്ട് വളർത്താൻ പറ്റില്ല എന്നാണ് പറഞ്ഞത്. 2010-ൽ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിൽ ഇതിനെക്കാൾ സമഗ്രമായ സമീപനമുണ്ടായിരുന്നു. അതിന്റെ 9-ാം വകുപ്പ് വേണമെങ്കിൽ കുറച്ചുകൂടി വികസിപ്പിക്കാം, അതിനുള്ള ഭേദഗതി മതിയായിരുന്നു, ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ലായിരുന്നു എന്നാണ് പറഞ്ഞത്. ഈ ഗവൺമെന്റിന് സമഗ്രമായ കാഴ്ചപ്പാടില്ലാതെ വ്യഥാവ്യായാമംപോലെ നിയമങ്ങൾ കൊണ്ടുവരുന്ന ഈ സമീപനത്തോട് യോജിപ്പില്ലാത്തതുകൊണ്ടാണ് ഞാനിതിനോട് വിയോജിച്ചതും എന്റെ ഭേദഗതി അവതരിപ്പിച്ചതും.

മി.ചെയർമാൻ: ശ്രീ. വി.റ്റി. ബൽറാം, സംസാരിക്കുന്നുണ്ടോ?

ശ്രീ. വി.റ്റി. ബൽറാം: സർ, ഇല്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഇവിടെ ഈ ബില്ലിന് പോരായ്മകളുണ്ടെന്ന് ചൂണ്ടിക്കാണിച്ചവരും ഇതുപോലൊരു നിയമം ആവശ്യമാണെന്ന സൂചനയാണ് നൽകിയത്. ഇത്

സംബന്ധിച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഒരു പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇതിനുവേണ്ടി പ്രത്യേകനിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ശ്രീ. എ. പ്രദീപ്കുമാർ ചൂണ്ടിക്കാണിച്ചതുപോലെ 2010-ലെ ഉൾനാടൻ ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ടിലെ ഒമ്പതാം വകുപ്പും 10-ാം വകുപ്പും മത്സ്യവിത്തിനെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ അതിന് പോരായ്മകളുണ്ട്. എന്നുമാത്രമല്ല, കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വിപുലമായ തോതിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണമായി, മത്സ്യസമൃദ്ധി പദ്ധതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ 750 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളികളാക്കാനാണ് ലക്ഷ്യമിട്ടത്. 918 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പങ്കാളികളായിട്ടുണ്ട്. മത്സ്യ ഉല്പാദനത്തെ സംബന്ധിച്ച് ഒന്നര ലക്ഷം ടണ്ണിൽനിന്ന് രണ്ടര ലക്ഷം ടണ്ണായിട്ട് ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻവേണ്ടിയാണ് മത്സ്യസമൃദ്ധി പദ്ധതി ആവിഷ്കരിച്ചത്. രണ്ടുവർഷത്തെ കണക്കനുസരിച്ച് മത്സ്യോല്പാദനത്തിന്റെ ടാർജറ്റ് 58275 ടൺ ആയിരുന്നു. എന്നാൽ 62541 ടൺ മത്സ്യോല്പാദനം നടത്തിയിട്ടുണ്ട്. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഉൾനാടൻ മത്സ്യകൃഷിക്കുള്ള സാധ്യതകൾ നമ്മൾ

പ്രയോജനപ്പെടുത്തിയിട്ടില്ല. അത് പ്രയോജനപ്പെടുത്താൻവേണ്ടി ശ്രമിക്കുമ്പോഴാണ് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. ഒന്നാമതായി നമുക്ക് ആവശ്യത്തിനുള്ള മത്സ്യവിത്ത് ഇല്ല. പലപ്പോഴും പുറത്തുനിന്നുള്ള മത്സ്യവിത്താണ് കൊണ്ടുവരുന്നത്. ആ മത്സ്യവിത്തിന്റെ ക്വാളിറ്റി ഉറപ്പുവരുത്താനുള്ള സംവിധാനമില്ല, അതിനാവശ്യമായ നിയമവുമില്ല. ഇവിടെ കൊണ്ടുവന്ന് ഉപയോഗിക്കുന്ന വിത്ത് പലപ്പോഴും വൈറസ് ബാധിക്കുന്നുവെന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എം.എൽ.എ. ചൂണ്ടിക്കാണിച്ചു. നേരത്തെ ക്വാളിറ്റി ഉറപ്പുവരുത്താൻ കഴിയാത്തതുകൊണ്ടുള്ള പ്രശ്നമാണ്. അങ്ങനെ വരുമ്പോൾ കൃഷിക്കാർ കഷ്ടത്തിലും നഷ്ടത്തിലുമാകും. അതിനെല്ലാം സമഗ്രമായ വിത്ത് നിയമം ആവശ്യമാണെന്ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2010-ലെ നിയമത്തിൽ വിത്തുമായി ബന്ധപ്പെട്ട പോരായ്മ പരിഹരിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം 52.75 കോടി രൂപ ഹാച്ചറികൾക്കായി അനുവദിച്ചിട്ടുണ്ട്. 8.35 കോടി രൂപയുടെ വിത്ത് അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യം വച്ചുകൊണ്ടാണ് ഇത് സാധിച്ചത്.

വിത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തതയാണ് ലക്ഷ്യം. അങ്ങനെ സ്വയം

പര്യാപ്തത കൈവരിക്കുന്നതിന് 6.5 കോടി മത്സ്യക്കുഞ്ഞുങ്ങളുടെ കുറവുണ്ടാകും. എന്നാൽപ്പോലും ഇപ്പോഴത്തെ ഡിമാന്റ് 10.5 കോടി മത്സ്യക്കുഞ്ഞുങ്ങളും 12 കോടി ചെമ്മീൻ കുഞ്ഞുങ്ങളുമാണ്. അതിൽ നിലവിലുള്ള കപ്പാസിറ്റി 2.5 കോടി മത്സ്യക്കുഞ്ഞുങ്ങളും 5.6 കോടി ചെമ്മീനുകളുമാണ്. വളരെയധികം കുറവുണ്ട്. മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുമ്പോൾ മത്സ്യവിത്തിന്റെ ക്വാളിറ്റി ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. അഥവാ മോശമായ ക്വാളിറ്റിയുള്ള മത്സ്യവിത്ത് കൊണ്ടുവന്നാൽ അതിനെതിരെ നടപടി സ്വീകരിക്കാൻ നിയമവുമില്ല. അത്തരം സാഹചര്യത്തിലാണ് ഇവിടെ മത്സ്യവിത്ത് നിയമം കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ നിയമം ആന്ധ്രാ പ്രദേശ്, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ നിലവിലുണ്ട്. ശ്രീ. എ. പ്രദീപ് കുമാർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ ഇത്തരത്തിലൊരു നിയമം കൊണ്ടുവരുന്നത് രാഷ്ട്രീയമായ താൽപ്പര്യങ്ങൾക്ക് വേണ്ടിയല്ല. അങ്ങനെ തെറ്റിദ്ധരിക്കേണ്ട. ആയിരക്കണക്കിന് ഏക്കർ സ്ഥലമുള്ള മലബാറിലെ കയ്പ്പാട് നിലങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി കഴിഞ്ഞ വർഷമാണ് ആരംഭിച്ചത്. ഉൾനാടൻ മത്സ്യ കൃഷി വ്യാപകമാക്കാൻ ഗവൺമെന്റ് വിവിധ ഏജൻസികൾ മുഖാന്തിരം നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ നടപടികൾ സ്വീകരിക്കുമ്പോൾ മത്സ്യവിത്തിന്റെ കുറവുണ്ട്. ഇറക്കുമതി ചെയ്യുന്ന മത്സ്യവിത്തിന്റെ ക്വാളിറ്റി

ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. അതുകൊണ്ട് സംസ്ഥാനത്തുതന്നെ മത്സ്യവിത്ത് ഉൽപ്പാദനം നടത്തുകയും ക്വാളിറ്റി ഉറപ്പുവരുത്തുകയും ചെയ്യണമെന്ന ലക്ഷ്യത്തോടെയാണ് മത്സ്യവിത്ത് നിയമം കൊണ്ടുവരുന്നത്. കൂടുതലായി ഞാൻ സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സൂചിപ്പിച്ച കാര്യങ്ങളും നാളെ സബ്ജക്റ്റ് കമ്മിറ്റിയിൽ മെമ്പർമാർ മുന്നോട്ട് വയ്ക്കുന്ന പ്രായോഗികമായ നിർദ്ദേശങ്ങളും സ്വീകരിക്കാനുള്ള തുറന്ന മനസ്സാണ് ഗവൺമെന്റിനുള്ളത്. സബ്ജക്റ്റ് കമ്മിറ്റി ലെവലിൽ വിശദമായി ചർച്ച ചെയ്യാം. അതിനുശേഷം വകുപ്പുതിരിച്ചുള്ള പരിഗണനയിലും ചർച്ച നടത്താം. ഈ ബിൽ മെച്ചപ്പെടുത്തുന്നതിനും കുറ്റമറ്റതാക്കുന്നതിനും സമഗ്രമായ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചാൽ അതും ഉൾക്കൊള്ളും. ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും നന്ദി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. കെ. ലതിക അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 1(എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ, അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. പ്രദീപ് കുമാർ, അവതരിപ്പിച്ച 2(ബി) ഭേദഗതി സഭ നിരാകരിച്ചു.

2014-ലെ കേരള മത്സ്യവിത്ത് ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്റ്റ് കമ്മിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) <u>2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ</u>

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ഷിബു ബേബി ജോൺ: സർ, 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷിബു ബേബി ജോൺ: സർ, സംസ്ഥാനത്ത് മാസങ്ങൾക്ക് മുമ്പ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചില സഹോദരിമാരുടെ പ്രതിഷേധവും സമരവും നടന്നു. ആ സംഭവമാണ് ഇത്തരത്തിലൊരു ഓർഡിനൻസ് ഇറക്കാനും അത് ബില്ലാക്കി മാറ്റാനും ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. സമരത്തെ തുടർന്ന് പ്രത്യേക

സ്ക്വാഡ് രൂപീകരിച്ച് കേരളത്തിലെ തുണിക്കടകളിൽ പരിശോധന നടത്തിയപ്പോൾ വ്യാപകമായ നിയമലംഘനമാണ് കണ്ടെത്തിയത്. ആ നിയമലംഘനം തടയാൻ പ്രധാനമായും തടസ്സം നിന്നത് 1960-ലെ ആക്ട് ആണ്. 1960-ന് ശേഷം കാലാനുസൃതമായിട്ടുള്ള ഒരു പരിഷ്കാരവും ആക്ടിൽ വന്നിട്ടില്ല. അതുകൊണ്ട് തന്നെ നിയമലംഘനം നടത്തുന്നവർക്ക് വളരെ തുച്ഛമായ ഫൈൻ മാത്രം കൊടുക്കേണ്ടിവരുന്ന അവസ്ഥയുണ്ടായിരുന്നു. ഗുരുതരമായ ലംഘനം നടത്തിയാൽ 50 രൂപയായിരുന്നു ഫൈൻ. തുടർച്ചയായി ഏഴാമത്തെ ദിവസം, ഞായറാഴ്ചകളിൽ കട തുറന്നാൽ നൽകേണ്ട ഫൈൻ കേവലം 250 രൂപയായിരുന്നു. അങ്ങനെ ഫൈനുകളുടെ അപര്യാപ്തതയാണ് നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ തടസ്സമായി നിന്നത്. മാത്രവുമല്ല, 1960-ൽ ഈ നിയമം വന്നപ്പോൾ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലം വ്യത്യസ്തമായിരുന്നു. അന്നുണ്ടായിരുന്ന ചെറുകിട കടകൾക്ക് പകരം 2014-ൽ നൂറുകണക്കിന് ആളുകൾ പണിയെടുക്കുന്ന വൻകിട സ്ഥാപനങ്ങളായി കേരളത്തിന്റെ ഈ രംഗം മാറി. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് സമഗ്രമായ നിയമഭേദഗതി ആവശ്യമാണെന്ന് കണ്ടുകൊണ്ടാണ് ഇങ്ങനെ ഒരു നിയമ ഭേദഗതി കൊണ്ടുവന്നത്. മെയ് മാസത്തിൽ ഉണ്ടായ പ്രക്ഷോഭത്തെ തുടർന്ന് ആയിരത്തിൽപ്പരം കടകളിൽ പ്രത്യേക

പരിശോധന നടത്തിയതിൽ ധാരാളം ക്രമക്കേടുകൾ കണ്ടു. ഇവർക്ക് തൊഴിൽ സുരക്ഷിതത്വമില്ല, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ പിടിച്ചുവയ്ക്കുന്നു, തൊഴിൽ ചെയ്തിറങ്ങിയാൽ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല, വിശ്രമിക്കാനുള്ള സൗകര്യങ്ങളില്ല തുടങ്ങിയ ഒട്ടനവധി കാര്യങ്ങളാണ് അന്വേഷണത്തിൽ പുറത്തുവന്നത്. ഇതെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് പ്രധാന ആക്ടിൽ ഭേദഗതി വരുത്തുകയും ലംഘനങ്ങൾ നടത്തുന്ന തിന്റെ ഫൈൻ 250 രൂപ എന്നുള്ളത് കുറഞ്ഞത് 5000 രൂപയാക്കുകയും റിപ്പീറ്റഡ് ഒഫൻസിന് 10,000 രൂപ വരെ ഫൈൻ ആക്കുകയും ചെയ്യുന്ന നിലയിലേയ്ക്കാണ് ഭേദഗതി വന്നിട്ടുള്ളത്. ആക്ട് കൂടാതെ റൂൾസുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട തീരുമാനങ്ങളും കൈക്കൊള്ളുന്നുണ്ട്. അതിൽ പ്രധാനം പല കടകളിലും ടോയ്ലെറ്റ് സംവിധാനമില്ലെന്നുള്ളതാണ്. അത് ഒരിടത്തും നിഷ്കർഷിച്ചിട്ടില്ല. അതുകൊണ്ട് ടോയ്ലെറ്റ് സംവിധാനം നിർബന്ധമാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്മോൾ/മീഡിയം/ലാർജ് എസ്റ്റാബ്ലിഷ്മെന്റ് എന്നുള്ള നിലയിൽ സ്ഥാപനങ്ങളെ മൂന്നായി വേർതിരിച്ചു. ഇത്രയും കാലം ഇത്തരത്തിലുള്ള വേർതിരിവ് ഇല്ലായിരുന്നു. പെൺകുട്ടികൾ കൂടുതൽ ജോലി ചെയ്യുന്നതുകൊണ്ട് ലാർജ് എസ്റ്റാബ്ലിഷ്മെന്റിന് ഹോസ്റ്റൽ സൗകര്യമടക്കം നിഷ്കർഷിച്ചുകൊണ്ടുള്ള നിയമഭേദഗതികൾ ഇതിനകത്ത് കൊണ്ടുവന്നിട്ടുണ്ട്. ഈ

സമരത്തിന് പ്രധാനമായും കാരണമായത് ഇരിക്കാനുള്ള അവകാശത്തിന് വേണ്ടിയാണ്. Shops and Commercial Establishment Act, 1960-ൽ ഇത് വിഭാവന ചെയ്യുന്നുണ്ട്. അതുകൊണ്ട് 4 മണിക്കൂർ ജോലിയെത്തുടർന്ന് ഒരു മണിക്കൂർ നിർബന്ധമായും റസ്റ്റ് കൊടുക്കണമെന്നാണ് ആക്ട് വിഭാവന ചെയ്യുന്നതെങ്കിലും അത് നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല, റസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനവുമില്ല. അതുകൊണ്ട് എസ്റ്റാബ്ലിഷ്മെന്റ് പലതായി വേർതിരിച്ച് റസ്റ്റ് റൂം നിർബന്ധമാക്കുന്നുണ്ട്.

മറ്റൊരു ഭേദഗതിയെന്നുപറയുന്നത്, വൻകിട സ്ഥാപനങ്ങളിൽ അനവധി ചെറുപ്പക്കാരികളായ സഹോദരിമാരാണ് ജോലി ചെയ്യുന്നത്. അവരുടെ പ്രസവത്തെത്തുടർന്ന് കുഞ്ഞുങ്ങൾക്ക് മുലയൂട്ടുന്നതിനുള്ള സൗകര്യം പോലുമില്ല എന്നുള്ളതുകൊണ്ട് വൻകിട സ്ഥാപനങ്ങളിലേക്ക് ക്രഷ് നിർബന്ധമാക്കുകയും ചെറുകിട സ്ഥാപനങ്ങളായിട്ടുള്ളവർ ഗ്രൂപ്പായിട്ട് ഒരു ക്രഷ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഇതിൽ വിഭാവന ചെയ്യുന്നുണ്ട്. പിന്നെ പ്രധാനമായും ഇവിടത്തെ ട്രേഡ് യൂണിയൻ സംഘടനകളൊക്കെ ആവശ്യപ്പെട്ടി രുന്നതും നമുക്ക് നടപ്പിലാക്കാൻ സാധിക്കുന്നതും ഐ.എൽ.ഒ. കൺവെൻഷന്റെ ഭാഗമായി

നിഷ്കർഷിച്ചിട്ടുള്ളതുമായ ഒരു കാര്യമാണ് തുണിത്തരങ്ങളടക്ക മിറക്കുന്ന വലിയ പെട്ടികൾ 55 കിലോയിൽക്കൂടുതൽ പാടില്ലായെന്നത്. അതുകൂടി ചേർത്തുള്ള ഒരു ഭേദഗതിയാണ് ഇതിൽ കൊണ്ടുവന്നിട്ടുള്ളത്. മുമ്പ് തുണിത്തരങ്ങളടക്കം ഇറക്കുന്ന പെട്ടികളെന്നു പറയുന്നത് 75 കിലോ ആയിരുന്നു. എന്തുകൊണ്ടും അനിവാര്യമായിട്ടുള്ള, കാലാകാലങ്ങളായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ വിട്ടുപോയ ഒരു കറക്ഷൻ നമ്മൾ ഇപ്പോൾ ചെയ്യുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ തൊഴിലാളി സമൂഹത്തിന് ഈ ബിൽ വളരെ പോസിറ്റീവായിത്തന്നെ മാറും എന്നുള്ളതാണ് ഗവൺമെന്റ് കാണുന്നത്. ആ ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി : Sir, I move that -“ This House resolves to disapprove The Kerala Shops and Commercial Establishments (Amendment) Ordinance, 2014 (Ordinance No.20 of 2014)” .

സർ, 2014-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും ബിൽ വീണ്ടും ഭേദഗതിക്ക് വിധേയമാകുകയാണ്. ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള പെട്ടിക്കടകൾ, ജ്വലറി, തുണിക്കടകൾ, മാളുകൾ, മറ്റ് സൂപ്പർമാർക്കറ്റുകൾ എന്നിവയിൽ ഉപജീവനത്തിനായി

എത്തുന്ന തൊഴിലാളികൾ അഭിമുഖീകരി ക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. വർണ്ണപ്പകിട്ടിൽ അന്ധാളിച്ചുനിൽക്കുന്ന ഗ്രാമീണരും ബന്ധപ്പെട്ടവരും അവരുടെ പ്രയാസങ്ങളോ ആവലാതികളോ നിലവിളികളോ കേൾക്കാറില്ല, ഗൗരവമായി കാണാറില്ല എന്നുവേണം പറയാൻ. ഇതിൽനിന്നുവേണം ഈ ബിൽ ഭേദഗതിയോടെ മുന്നോട്ട് വരുന്നതെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. തൊഴിലാളികളുടെ നിയമനം മുതൽ സർവ്വീസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത് തടഞ്ഞുവയ്ക്കുക, ആനുകൂല്യങ്ങൾക്ക് ക്രമീകരണമില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഇവർ അഭിമുഖീകരിക്കുന്നുണ്ട്. തികച്ചും പേടിയോടെ കഴിയുന്ന യുവജനങ്ങളുടെ ചിത്രം മനസ്സിൽ വരികയാണ്. ഉള്ള് കരയുകയും പുറത്ത് പുഞ്ചിരിക്കുകയും ചെയ്യുന്ന ഈ സഹോദരി/ സഹോദരന്മാരെ നമ്മൾ നേരത്തെ കാണാതെപോയത് വളരെ ദുഃഖകരമാണ്. ഇവരുടെ തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. തിടുക്കപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട ഒരു പ്രശ്നമല്ല ഇത്. ഉണ്ടായ സാഹചര്യം അറിയാത്തതുകൊണ്ടല്ല. ഗൗരവമായി ഈ ബില്ലിനെ സമീപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഇത് നടപ്പിലാക്കാൻ കഴിയണം. നിലവിലുള്ള നിയമങ്ങളും ചില്ലിട്ട് സൂക്ഷിക്കുന്ന തൊഴിലാളിവർഗ്ഗത്തെ ഉന്മൂലനം ചെയ്യുന്ന പഴയ സമ്പ്രദായത്തിൽനിന്നും നമുക്ക് ഒരുപടി മുന്നോട്ടുപോകാൻ

കഴിയണം. അതിന് നടപടികളാണ് നടത്തേണ്ടത്. എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിശ്രമം, എട്ട് മണിക്കൂർ വിനോദം എന്നത് ഈ പുതിയ തലമുറയുടെ സ്വപ്നം മാത്രമായി മാറിയിട്ടുണ്ട്. ഇതുകാരണം തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. തൊഴിലില്ലായ്മയുടെ വർദ്ധനവാണ് പഴയ സമ്പ്രദായത്തിലേയ്ക്ക്, എന്നുപറഞ്ഞാൽ അടിമകളെപ്പോലെ തൊഴിലാളികൾ ഇന്ന് ജോലി ചെയ്യേണ്ട അവസ്ഥ വന്നിട്ടുള്ളത്. ഇന്ന് രണ്ട് മൊബൈലും ഒരു സ്കൂട്ടറും കിട്ടിയാൽ എന്തുജോലിയും ചെയ്യാൻ തയ്യാറാകുന്ന യുവതി/യുവാക്കൾ വളർന്നുവരുന്നത് ഇതുകൊണ്ടാണ്. ഭേദഗതി വരുത്തിയാലും തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമമോ സുരക്ഷയോ ഉറപ്പുവരുത്താൻ കഴിയില്ല. മെച്ചപ്പെടുത്താൻ ഈ സർക്കാർ തയ്യാറാകുമോയെന്ന് ഞാൻ സംശയിക്കുന്നു. നിൽപ്പുസമരം കഴിഞ്ഞുവെന്ന് ഇവിടെ മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അത് മാറ്റാൻ കഴിഞ്ഞോയെന്ന് പറഞ്ഞില്ല. ഇവിടെ നിയമങ്ങൾ ഇല്ലാത്തതുകൊണ്ടല്ല, നടപ്പിലാക്കാൻ ബാധ്യതപ്പെട്ടവർ സൗകര്യപൂർവ്വം കണ്ണടയ്ക്കുന്നതുകൊണ്ടാണ്. തൊഴിലാളിസമൂഹത്തിന് ഗുണകരമായ പലതും നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് പല സർക്കാർ സ്ഥാപനങ്ങളിലും ഒഴിവുകൾ നികത്തുന്നില്ല എന്നുള്ളതുകൂടി നമ്മൾ മനസ്സിലാക്കണം. മുപ്പതിനായിരം തസ്തികകൾ അധികമാണെന്ന് പ്രഖ്യാപിക്കുന്ന സർക്കാരിന് എങ്ങനെ നീതി നടപ്പിലാക്കാൻ

കഴിയും. എല്ലാ രംഗത്തും അശാസ്ത്രീയ സമീപനമാണ് തുടർന്നുപോകുന്നത്. വേക്കൻസി തക്കസമയത്ത് റിപ്പോർട്ട് ചെയ്യുന്നില്ല. ഇതും ഈ ബില്ലുമായി എന്തുബന്ധമെന്ന് ചോദിച്ചാൽ, ചെറുകിട സ്ഥാപനങ്ങളിലൊക്കെ ഇത് ആവശ്യമാണ്. തൊഴിൽ നിയമ ഭേദഗതികൾ വരുന്നത് തൊഴിലുടമകളെ സഹായിക്കാനാകരുത്. 1948-ലെ മിനിമം വേജ് നിയമം, ഫാക്ടറീസ് നിയമം, 1961-ലെ അപ്രന്റീസ് നിയമം, കരാർ തൊഴിലാളി നിയമം, വ്യവസായ തർക്കനിയമം ഇതെല്ലാം ഇവിടെ നിലനിൽക്കുന്നുണ്ട്. എന്നിട്ടെന്താണ് സ്ഥിരം തൊഴിലാളികളെ പിരിച്ചുവിടുന്നതും ഒഴിവുകൾ നികത്താത്തതും കരാർ തൊഴിലാളികളെ നിശ്ചയിക്കുന്നതും. ഉടമകൾക്ക് ലാഭം ഇരട്ടിയാക്കാൻ മിനിമം കൂലിപോലും കൊടുക്കാതെ ഇവരെ പീഡിപ്പിക്കുകയാണ്. തൊഴിലാളികൾക്ക് സംഘടിക്കാനും കൂട്ടമായി വിലപേശാനുമുള്ള അവകാശംപോലും പൂർണ്ണമായും നിഷേധിക്കുന്ന കരുത്താണ് ഇവിടെ നടക്കുന്നത്. പുതിയ ഭേദഗതികൾ പലതും അംഗീകരിക്കാവുന്നതു തന്നെയാണ്. വിദേശ മൂലധന ശക്തികൾ യഥേഷ്ടം കടന്നുവരാനും ദേശീയ കുത്തകകളെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് സർക്കാർ ശ്രദ്ധിക്കുന്നത്. കേന്ദ്ര-കേരള ഗവണ്മെന്റുകളുടെ തൊഴിലാളി വിരുദ്ധ ചിന്തയാണ് എല്ലാ നിയമങ്ങളും നടപ്പിലാക്കാൻ മുമ്പേ നടക്കുന്നത്. നല്ല ദിവസം

വരുന്നുവെന്ന് പെരുമ്പറ അടിച്ചവർപോലും തൊഴിലാളി വർഗ്ഗത്തിന് ഇരുട്ട് സമ്മാനിക്കുകയാണ്. ഇത് ഗൗരവപൂർവ്വം നമ്മൾ മനസ്സിലാക്കണം. കുത്തകകൾക്ക് നല്ല ദിവസത്തിന് പരവതാനിയൊരുക്കുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ചെറുതായാലും വലുതായാലും തൊഴിലാളികളുടെ പ്രശ്നങ്ങൾ അവരുടെ ജീവിത പ്രയാസങ്ങൾ, അവരുടെ വേദനകൾ, സ്ത്രീകളുടെ സുരക്ഷിതത്വം നഷ്ടപ്പെടുന്ന അവസ്ഥ, ബാലവേല, കുട്ടികൾക്ക് നേരെയുള്ള ലൈംഗിക പീഡനങ്ങൾ എല്ലാം യഥേഷ്ടം വർദ്ധിച്ചുവരുന്നു. ഈ അവസ്ഥ യാണ് നമുക്ക് മാറ്റിയെടുക്കേണ്ടത്. മൊത്തത്തിൽ മനസ്സ് നന്നാവണം. സമ്പന്നരെ സഹായിക്കുന്ന നയമാണ് കൊടുംദുരിതം സമ്മാനിക്കുന്ന ഈ അവസ്ഥയിലേയ്ക്ക് പോകുന്നതും പ്രതീക്ഷ ഇല്ലാത്ത അവസ്ഥയുണ്ടാകുന്നതും. മാളുകളുടെ വരവോടെ ഈച്ചയാട്ടേണ്ട സ്ഥിതിവരുന്ന ചെറുകിട കച്ചവടക്കാരെ നമ്മൾ കാണാതെ പോകരുത്. നഗരം ഗ്രാമങ്ങളെ വിഴുങ്ങുന്ന അവസരത്തിൽ ആധുനിക കാലത്ത് വളരെ ഗൗരവമായി കക്ഷി രാഷ്ട്രീയ ഭേദമന്യേ ചെറുകിട കച്ചവടക്കാരുടെ പ്രശ്നങ്ങൾ പഠിക്കണം, പരിഹാരം കാണണം. 34-ാം വകുപ്പിൽ 1-ാം ഉപവകുപ്പിൽ 'ആരോഗ്യം' എന്ന വാക്കിനുശേഷം 'ശുചീകരണം' എന്ന വാക്ക് ചേർക്കേണ്ടതാണ്. അവിടെ 'ചികിത്സ' എന്നുകൂടി ചേർക്കണം. ഇത് എന്റെയൊരു ഭേദഗതിയാണ്. നാട്ടും നഗരവും ജീവിതം

ദുസ്സഹമായ തൊഴിലാളികളുടെ നിലവിളികൊണ്ട് മുഖരിതമാണ്. അനന്തപുരി സമരപുരിയായി മാറിയിരിക്കുകയാണ്. എപ്പോഴെങ്കിലും നിഷ്പക്ഷമായി പ്രശ്നങ്ങൾ പഠിക്കാനും ചർച്ച ചെയ്യാനും പരിഹാരം കാണാനും സർക്കാർ തയ്യാറായിട്ടുണ്ടോ? തൊഴിൽ സമരങ്ങളോട് ഈ സർക്കാരെടുക്കുന്ന നിലപാട് പരിശോധിക്കണം. കോടതിവിധി ഉണ്ടായിട്ടും സർക്കാർ പല പ്രശ്നങ്ങളിലും ഒത്തുകളിക്കുകയല്ലേ. ഡിസംബർ 5-ാം തീയതി ദേശീയ പ്രക്ഷോഭം വരുന്നു. എല്ലാ കേന്ദ്ര തൊഴിലാളി സംഘടനകളും വിവിധ വ്യവസായ കോർപ്പറേഷനു കളും/ഫെഡറേഷനുകളും യോജിച്ചുകൊണ്ട് ദേശീയ സമരം ആഹ്വാനം ചെയ്യുക യാണ്. തൊഴിലാളി വർഗ്ഗത്തിന്റെ പ്രതീക്ഷയാണത്. രാജ്യം ഭരിക്കുന്ന പാർട്ടിയുടെ പോഷകസംഘടനയായ ബി.എം.എസ്. ഇതിൽ അണിചേരുന്നു വെന്നുള്ളത് സ്വാഗതാർഹമാണ്. വിദേശമൂലധന ശക്തികൾക്ക് കടന്നുവരാനും ദേശീയ കുത്തകകളെ സഹായിക്കാനുമുള്ള നിലപാടിൽനിന്ന് ഗവൺമെന്റ് പിന്മാറണം. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതെപോയ ഈ ബിൽ തൊഴിലാളി വർഗ്ഗത്തിന് ഗുണകരമാകും എന്നു ഞാൻ പ്രത്യാശിക്കുന്നു. വലിയ സ്ഥാപന ഉടമ തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ

ഉദ്ദേശിക്കുന്നുണ്ടോ; സേവന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നുണ്ടോ? എങ്കിൽ ഇത് നല്ലതുതന്നെ. ഭരിക്കുന്ന സർക്കാരിന്റെ നയമാണ് പ്രശ്നം. തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്ന കാലത്ത് തൊഴിലുറപ്പു പദ്ധതിപോലും ത്രിശങ്കുവിൽ നിൽക്കുന്ന വർത്തമാനകാലത്ത് ചെറുകിട തൊഴിലാളികളെ സംരക്ഷിക്കേണ്ട ബാധ്യതയിൽനിന്ന് സർക്കാരിന് മുഖം തിരിക്കാനാവില്ല. 56 ശതമാനം കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാണ്. കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ നിറവ് പദ്ധതി വളരെ കാര്യക്ഷമമായി നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. ഇത് ആരെങ്കിലും പോഷിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ടോ? നഗരത്തിലും ഗ്രാമത്തിലും ജൂവലറി മാളുകൾ കാടുകയറി പന്തലിക്കുന്നു. ഇതിന് നിയന്ത്രണമേർപ്പെടുത്താൻ കഴിയുന്നുണ്ടോ? നമ്മുടെ യുവജനങ്ങൾക്ക് ഒരു അത്താണിയാണ് എങ്കിൽപ്പോലും പരസ്പരം സംസാരിക്കാനോ വിശ്രമിക്കാനോ കഴിയാതെ താമസ സൗകര്യംപോലും മോശമായ അവസ്ഥയിൽക്കൂടി ജീവിക്കേണ്ടി വരുന്നൊരു ഗതികേട് അതിനുമുന്നിലുണ്ട്. മിടുക്കികളും മിടുക്കന്മാരുമായ ചെറുപ്പക്കാർ നരക യാതന അനുഭവിക്കുകയാണ്. ഒരു ജോലിയുണ്ട് എന്നൊരു ആശ്വാസം മാത്രമാണ് അവർക്കുള്ളത്. കുടുംബത്തിന്

ചെറിയൊരു കൈത്താങ്ങ്. ഈ ചിന്ത മാത്രമാണ് അവരെ മുന്നോട്ട് നയിക്കുന്നത്.

സ്ത്രീകളും യുവാക്കളും രാവിലെ 8 മണി മുതൽ 10 മണി വരെ ജോലി ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാതെയാണ് ജോലി ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു. അക്കാര്യത്തിൽ നമ്മൾ എന്തുചെയ്തു? നമ്മൾ ഇതൊക്കെ കാണുകയും കാണുന്നില്ലെന്ന് നടിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ട്. തൊഴിലാളി ക്ഷേമത്തിനെന്ന് പറയുന്ന നിരവധി പദ്ധതികൾ നമുക്കുണ്ട് - ക്ഷേമനിധി ബോർഡുകൾ, ക്ഷേമം ഉറപ്പാക്കാൻ നിരവധി പദ്ധതികൾ. പക്ഷേ തൊഴിലുടമകളിൽ നിന്നുള്ള വിഹിതം യഥാസമയം പിരിച്ചെടുക്കുന്നതിൽ സർക്കാരിന് ബാദ്ധ്യതയില്ലേ? ആ അനാസ്ഥ കാരണം ഇതെല്ലാം തകിടം മറിയുന്നുണ്ട്. സർക്കാരിന്റെയും തൊഴിൽ ഉടമയുടെയും വിഹിതം യഥാസമയം വന്നാൽ മാത്രമേ ക്ഷേമപദ്ധതികൾ സമ്പുഷ്ടമാവുകയുള്ളു. ഇത് കാലാകാലങ്ങളിൽ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. ഇക്കാര്യം ബില്ലിൽ വേണമോയെന്നുള്ളതല്ല. മിനിമം കൂലി ഉറപ്പുവരുത്താനും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള എല്ലാ സംവിധാനവും ഉണ്ടാക്കാൻ സർക്കാർ ശ്രദ്ധിക്കണം. ഏത് സമയത്തും പിരിച്ചുവിടാവുന്ന അവസ്ഥ വ്യാപാരമാളുകളിൽ ഒളിഞ്ഞിരിപ്പുണ്ട്.

യൗവ്വനം കഴിഞ്ഞാൽ  അവരെയൊക്കെ പുറത്താക്കും.

ഒരു കാലത്ത്  ഗ്രാമത്തിന്റെ ഐശ്വര്യമായിരുന്ന പെട്ടിക്കട, ബാർബർ ഷോപ്പ്, പലചരക്ക് കട, അവിടെ കാളവണ്ടിയിൽ എത്തുന്ന പലചരക്കുകൾ, സൗഹൃദം, കൂട്ടായ്മ, പാടത്തുനിന്നും വരുന്ന ഞാറ്റുപാട്ടുകൾ, ജോലി കഴിഞ്ഞ് പലചരക്കുകടയിൽ എത്തുന്ന കർഷകൻ അങ്ങനെ പറയാൻ നിരവധി. സൗന്ദര്യത്തിന്റെയും നന്മയുടെയും വിത്തുകൾ നമ്മുടെ നാട്ടിൽ നിന്നും അകന്ന് പോവുകയാണ്. തോട്ടിൽ കുളിക്കുന്ന കർഷകൻ, കുട്ടികൾ, ഓട്ടുകമ്പനിയിൽ നിന്നും വരുന്ന സൈറൻ, നാടകാവതരണങ്ങൾ അങ്ങനെയുള്ള സൗഹൃദാന്തരീക്ഷം ഇന്ന് ഗ്രാമങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. നവ ലിബറൽ നയങ്ങൾ നടപ്പിലാക്കാൻ നാം ഓരോരുത്തരും മുന്നിട്ടിറങ്ങുമ്പോൾ എല്ലാ നന്മകളേയും ഇല്ലാതാക്കുന്ന അവസ്ഥ നമുക്ക് മാറ്റിയെടുക്കണം. അങ്ങനെ ഈ ബിൽ, തൊഴിലാളി വർഗ്ഗത്തിന് പുതിയ മാനം നൽകാൻ, അവരുടെ സംസ്കാരം ഊട്ടി ഉറപ്പിക്കാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.  ഞാൻ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാ ഗോപി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. കേരളത്തിലെ കടകളും വാണിജ്യ സ്ഥാപനങ്ങളും ഏറ്റവും അധികം തൊഴിൽ ചൂഷണം നടക്കുന്ന

മേഖലയാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരിൽ എത്ര പേർ സർക്കാർ കണക്കിൽപ്പെടുന്നുണ്ട്. തൊഴിലാളികളിൽ മഹാഭ്രരിക്ഷവും സ്ഥാപനങ്ങളിലെ രേഖകളിലോ സർക്കാരിന്റെ കണക്കുകളിലോ ഇല്ലാത്തവരാണ്. ഈ തൊഴിലാളികളിൽ ഭ്രരിപക്ഷവും സ്ത്രീകളാണ്. തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന സേവനവേതന വ്യവസ്ഥകളൊന്നും ഈ രംഗത്ത് പാലിക്കപ്പെടുന്നില്ല. കുറഞ്ഞ വേതനവും കൂടുതൽ സമയം അദ്ധ്വാനവുമാണ് ഈ മേഖലയിൽ നടക്കുന്നത്. ഒരുപക്ഷേ, ഇതര തൊഴിൽ മേഖലകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ വേതനമാണ് തൊഴിലാളികൾക്ക് ഇവിടെ ലഭിക്കുന്നത്. ലഭിച്ച വേതനത്തിന്റെ നാലിരട്ടി സമയം തൊഴിലാളികൾക്ക് ജോലി ചെയ്യേണ്ടിവരുന്നു. തൊഴിൽ സുരക്ഷിതത്വം ഷോപ്പ് തൊഴിലാളികൾക്ക് വെറും സ്വപ്നം മാത്രമാണ്. ഏത് നിമിഷവും തൊഴിൽ നഷ്ടപ്പെടാവുന്ന സാഹചര്യമാണ് ഈ തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്നത്. പ്രതിദിനം 8 മണിക്കൂർ ജോലി ചെയ്യണമെന്നിരിക്കെ ഏകദേശം 12 മണിക്കൂർ വരെ ജോലി ചെയ്യേണ്ട സാഹചര്യമാണ് ഈ മേഖലയിലുള്ളത്. പക്ഷേ, വേതനം വളരെ തുച്ഛവും. ഈ മേഖലയിൽ ഒരിക്കലും അവധി ലഭിക്കാത്ത സാഹചര്യമാണ്. ഒരുപക്ഷേ ഹർത്താലുകളെ പ്രണയിക്കുന്ന തൊഴിലാളികൾ ഈ മേഖലയിൽ ഉള്ളവരായി നാം

കാണുന്നു. കാരണം കുടുംബത്തോടൊപ്പം വീട്ടിൽ കഴിയാൻ കിട്ടുന്ന അപൂർവ്വ അവസരമാണ് ഹർത്താലുകൾ എന്ന് അവർ പറയുന്നു. കേരളത്തിലെ ഏറ്റവും വലിയ അസംഘടിത മേഖലയാണ് ട്രേഡ് യൂണിയൻ. ഈ ട്രേഡ് യൂണിയനുകൾക്ക് കടന്നുചെല്ലാൻ കഴിയാത്ത ഇരുമ്പു മറകൾക്കും അപ്രഖ്യാപിത തൊഴിലുടമ നിയമങ്ങൾക്കുള്ളിലും ബന്ധനസ്ഥരാണ് ഇവർ. അതുകൊണ്ട് തൊഴിൽ നിയമങ്ങളോ അവധി ആനുകൂല്യങ്ങളോ ഇതര വിഭാഗം തൊഴിലാകൾക്കുള്ള അവകാശങ്ങളോ ലഭിക്കാത്ത വലിയ തൊഴിലാളി വിഭാഗം ഇവർക്കിടയിലുണ്ട്.

കടകളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ മഹാഭൂരിപക്ഷവും സ്ത്രീകളാണ്. പുരുഷ തൊഴിലാകളെക്കാൾ വളരെ കുറഞ്ഞ വേതനമാണ് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കുന്നത്. പണിയെടുക്കുന്ന തൊഴിൽ ദിനങ്ങളിൽ പ്രതിദിനം 100 മുതൽ പരമാവധി 250 രൂപ വരെയാണ് സ്ത്രീ തൊഴിലാളികൾ വേതനം പറ്റുന്നത്. വലിയ വ്യാപാര സ്ഥാപനങ്ങളായ വൻകിട തുണിക്കടകൾ, സ്വർണ്ണക്കടകൾ, സൂപ്പർ ബസാറുകൾ, വ്യാപാര മാളുകൾ എന്നിവ അനുദിനം പെരുകിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളിലും വലിയൊരു ശതമാനം സ്ത്രീ തൊഴിലാളികളാണുള്ളത്. ഇവിടങ്ങളിലെ ജോലി അലങ്കാരമായി കാണുന്ന പൊങ്ങച്ച സംസ്കാരം നിലനിൽക്കുന്നതുകൊണ്ട് കുറഞ്ഞ

വേതനവും കൂടുതൽ സമയം ജോലിയും എന്ന സമവാക്യമാണ് നിലവിലുള്ളത്. ഗ്രാമങ്ങളിലെ ദരിദ്രരും പാവപ്പെട്ടവരുമായ സാധാരണക്കാരാണ് മിക്കവാറും കടകളിലും വൻകിട സ്ഥാപനങ്ങളിലും ജോലിക്കെത്തുന്നത്. യഥാസമയം ഭക്ഷണം കഴിക്കാനോ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനോ കഴിയാത്ത സാഹചര്യമാണ് ഈ മേഖലയിൽ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ചെറിയ സ്ഥാപനങ്ങളിൽ ഇത്തരം സൗകര്യങ്ങളുടെ അഭാവമാണ് പ്രശ്നമെങ്കിൽ വലിയ സ്ഥാപനങ്ങളിൽ സമയക്കുറവും തിരക്കുകളുമാണ് പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്. തന്മൂലം ഉണ്ടാകുന്ന ശാരീരിക അസ്വസ്ഥകളും മാനസിക പിരിമുറുക്കങ്ങളും ആരും ശ്രദ്ധിക്കാറില്ല. സ്ത്രീ തൊഴിലാളികൾ വലിയ തോതിൽ ലൈംഗിക ചൂഷണം നേരിടുന്ന മേഖലയാണിത്. നിയമസഭയിൽ 2011-ൽ അവതരിപ്പിച്ച 43- ാം നമ്പർ ബിൽ ഉണ്ട്. പകൽ സമയം നിന്നുമാത്രം ജോലി ചെയ്യാൻ വിധിക്കപ്പെട്ട നിൽപ്പുതൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഇരുന്ന് പണിയെടുക്കാനുള്ള അവകാശം നിഷേധിക്കുന്നതിനെതിരെ കോഴിക്കോട്ടും തൃശ്ശൂരും തിരുവനന്തപുരത്തും നടന്ന സമരം ഈ സർക്കാർ കാണുകയോ കേൾക്കുകയോ ചെയ്യാതെ പോയി. മാധ്യമങ്ങളിൽ അത് വലിയ വാർത്തയായിരുന്നു. ഇപ്പോൾ എല്ലാം കെട്ടടങ്ങി.

വൻകിട മുതലാളിമാരുടെ സമ്മർദ്ദത്തിന് മാത്രം വഴങ്ങിക്കൊണ്ട് സർക്കാർ കീഴടങ്ങിയതുകൊണ്ടാവാം അന്വേഷണമോ നടപടികളോ ഉണ്ടായില്ല. ആദിവാസികളുടെ നിൽപ്പ് സമരത്തെ കണ്ടില്ലെന്നു നടിക്കുന്ന അതേ സമീപനമായിരുന്നു ഷോപ്പ് തൊഴിലാളികളുടെ ഇരിക്കുവാനുള്ള അവകാശ സമരത്തോട് സർക്കാർ അനുവർത്തിച്ച സമീപനവും. ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ഉപഭോക്താക്കളുടെ മുന്നിൽ കെട്ടിയൊരുങ്ങി നിൽക്കാൻ വിധിക്കപ്പെട്ട, സൗന്ദര്യ ചൂഷണത്തിന് അറിഞ്ഞുകൊണ്ട് നിന്നുകൊടുക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരാണ് ഈ മേഖലയിലെ സ്ത്രീ തൊഴിലാളികൾ. രാവിലെ 7 മണിക്ക് വീട്ടിൽ നിന്നിറങ്ങി രാത്രി 8-9 മണിക്കാണ് വീട്ടിൽ തിരിച്ചെത്തുന്നത്. പകൽ ജീവിതം പൂർണ്ണമായും നഷ്ടപ്പെട്ട തൊഴിലാളികളാണ് ഈ മേഖലയിലെ സ്ത്രീ തൊഴിലാളികൾ. വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ നിന്ന് സ്ഥാപനങ്ങളുടെ പ്രകാശപൂരിതമായ ചുമരുകൾക്കുള്ളിലേയ്ക്ക് പകൽമുഴുവൻ വലിച്ചെറിയപ്പെടുന്ന വരാണ്. സാമൂഹ്യ പരിഷ്ക്കർത്താവായ വി. ടി. ഭട്ടതിരിപ്പാട് സ്വപ്നം കണ്ടതുപോലെ അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്കല്ല മറിച്ച് വാണിജ്യ സ്ഥാപനങ്ങളുടെ തടവറയിലേയ്ക്കാണ് സ്ത്രീ ജീവിതങ്ങൾ തള്ളിമാറ്റപ്പെട്ടിരി ക്കുന്നത്. മിക്കവാറും വൻകിട സ്ഥാപനങ്ങൾക്ക് തൊഴിൽശക്തി റിക്രൂട്ട്മെന്റ് ചെയ്ത് നൽകുന്നത് ഏതെങ്കിലും സ്വകാര്യ

എംപ്ലോയ്മെന്റ് ബ്യൂറോകളാണ്, തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തവരാണ്. നല്ല ഒരു ശതമാനം തൊഴിലാളികൾ ഇത്തരം മേഖലയിലുണ്ട്. എംപ്ലോയ്മെന്റ് സ്ഥാപനങ്ങൾ നടത്തുന്ന വേതന ചൂഷണവും ശ്രദ്ധിക്കേണ്ട കാര്യമാണ്.

സംസ്ഥാന യൂത്ത് കമ്മീഷൻ ചെയർമാൻ ശ്രീ. വി. വി. രാജേഷിന്റെ നേതൃത്വത്തിൽ കമ്മീഷൻ അംഗങ്ങൾ ഷോപ്പുകളും സ്ഥാപനങ്ങളും സന്ദർശിച്ച് തൊഴിലാളികളുടെ അവസ്ഥ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കിയതായി പത്രത്തിൽ വായിക്കുകയുണ്ടായി. 2014 ജൂൺ മാസം ആറാം തീയതി ഈ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി റിപ്പോർട്ട് ചെയ്തിരുന്നു. യൂത്ത് കമ്മീഷൻ റിപ്പോർട്ട്, പത്ര മാധ്യമങ്ങളിലെ അന്വേഷണങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ഇത്തരം ഒരു നിയമ നിർമ്മാണ വേളയിൽ വിശദമായി പഠിച്ച് പരിഗണിക്കേണ്ടതാണ്. ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് മേഖലയിലെ സംഘടിത ട്രേഡ് യൂണിയനുകളുടെ അഭാവവും സ്ഥാപന മുതലാളിമാരുടെ സാമ്പത്തിക സ്വാധീനവുംമൂലം ഈ മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നിയമങ്ങളുടെ യാതൊരു ആനുകൂല്യവും ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. ഈ സർക്കാരിന്റെ ഭരണകാലത്ത് തൊഴിൽ വകുപ്പ്

നോക്കുകുത്തിയായിരിക്കുക യാണ്. നിയമം പ്രാവർത്തികമാക്കുണ്ടോയെന്ന് പരിശോധിക്കുന്നില്ല. തൊഴിൽ വകുപ്പ് അധികൃതർ ശക്തമായി ഇടപെടുന്നില്ല. തൊഴിലാളികൾക്ക് നിയമപരിരക്ഷ ഉറപ്പുവരുത്താൻ ഫലപ്രദമായി ഇടപെടുന്നില്ല. ഇത്തരം സാഹചര്യത്തിൽ നിയമനിർമ്മാണം നടത്തിയതുകൊണ്ട് എന്താണ് പ്രയോജനം? ഈ ഭേദഗതി ബില്ലിൽ പറയുന്ന നിർദ്ദേശങ്ങൾ പലതും അംഗീകരിക്കാൻ കഴിയില്ല. വൻകിട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കെല്ലാം ഹോസ്റ്റൽ സൗകര്യം ഉറപ്പുവരുത്തുന്ന രീതിയിൽ നിയമത്തിൽ മാറ്റം വരണം. തൊഴിലുടമകൾ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന പരിമിതമായ ഹോസ്റ്റൽ സൗകര്യം ഗൾഫിലെ ലേബർ ക്യാമ്പുകളെപ്പോലും നാണിപ്പിക്കുന്ന തരത്തിലാണ്. കേരളത്തിൽ വാഗൺ ട്രാജഡി ആവർത്തിച്ചാലും അത്ഭുതപ്പെടേണ്ടതില്ല. നിയമലംഘനത്തിന് ഇടത്തരം വൻകിട സ്ഥാപനങ്ങൾ നൽകേണ്ട പിഴത്തുക അയ്യായിരമോ പതിനായിരമോ ആക്കി ഉയർത്തിയാൽ പോര. അത് അമ്പതിനായിരമോ ഒരു ലക്ഷമോ ആക്കി വർദ്ധിപ്പിക്കണം. അതുപോലെ തന്നെ കട വ്യാപാര സ്ഥാപനങ്ങളെ മൂന്നായി തരംതിരിച്ചുള്ള വിശദമായ ആലോചനകളുടെ അടിസ്ഥാനത്തിലാവണം. ബില്ലിലെ ഭേദഗതി നിർദ്ദേശങ്ങൾ കൂടുതൽ സമഗ്രവും ഫലപ്രദവുമാകുന്നതിന് വിശദമായ ചർച്ചകൾ എല്ലാതരത്തിലും നടപ്പാക്കേണ്ടതുണ്ട്.

ഈ ബിൽ ഞാൻ നിരാകരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്ന തിനായി 31-12-2014 വരെ വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ 1960-ൽ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിൽ വന്നതാണ്. അന്ന് കേരളത്തിലുണ്ടായിരുന്ന കടകളും വാണിജ്യസ്ഥാപനങ്ങളും ഏകദേശം 10 ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്ന അവസ്ഥയിലായിരുന്നു. എന്നാൽ കേരളത്തിലെ പെട്ടിക്കടകൾ മുതൽ ഐ.ടി. സ്ഥാപനങ്ങൾ, വൻകിട ഷോപ്പിംഗ് മാളുകൾ വരെ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 1960-ൽ നിന്ന് വ്യത്യസ്തമായി ജീവനക്കാരുടെ സേവന-വേതന-നിയമന വ്യവസ്ഥകളിൽ കാതലായ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇപ്പോൾ അവതരിപ്പിക്കുന്നത്. ഇതിനുമുമ്പ് 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന

തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വളരെയധികം പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. ഇന്ന് ഏതൊരു സ്ഥാപനത്തിലും ഈ പരിഷ്കൃത യുഗത്തിൽ ജോലി കൊടുക്കുമ്പോൾ അവർക്ക് നിയമന ഉത്തരവ് കൊടുക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ ഈ സ്ഥാപനങ്ങളിലൊന്നും നിയമന ഉത്തരവ് നൽകുന്നില്ല. നാലോ അഞ്ചോ കൊല്ലം ഒരു സ്ഥാപനത്തിൽ ജോലി ചെയ്താൽ ആ ജോലിക്ക് ഒരു എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന മര്യാദപോലും ഈ സ്ഥാപനങ്ങൾ കാണിക്കുന്നില്ല. അതുപോലെ ഇവരുടെ സർട്ടിഫിക്കറ്റുകൾ വാങ്ങിവച്ചതിനുശേഷം ഉടമയുടെ സമ്മതമില്ലാതെ ജോലി അവസാനിപ്പിച്ച് പോകുകയാണെങ്കിൽ അവർക്ക് സർട്ടിഫിക്കറ്റുകൾ തിരിച്ചുകൊടുക്കുന്നില്ല. ഏതാണ്ട് നമ്മുടെ സ്വകാര്യ വിദ്യാഭ്യാസ മാനേജ്മെന്റുകൾ നാലോ അഞ്ചോ വർഷത്തെ ഒരു കോഴ്സിന് ചേർന്ന് കഴിഞ്ഞാൽ രണ്ടുവർഷം കഴിയുമ്പോൾ സാമ്പത്തികമായ പ്രയാസംകൊണ്ട് പഠിപ്പ് ഉപേക്ഷിച്ച് പോകുകയാണെങ്കിൽ അവരുടെ സർട്ടിഫിക്കറ്റ് തിരിച്ചുകിട്ടണമെങ്കിൽ ഷൈലോക്കിനെപ്പോലെ അങ്ങോട്ട് പൈസ വാങ്ങുന്ന അവസ്ഥയാണ് ഈ സർട്ടിഫിക്കറ്റുകൾ തിരിച്ചുവാങ്ങുമ്പോൾ സ്വകാര്യ മാനേജ്മെന്റുകൾ കാണിക്കുന്നത്. സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കൽ മാത്രമല്ല

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ 1964-ലെ ഹൈജീൻ കൊമേഴ്സ് ആന്റ് ഓഫീസസ് കൺവെൻഷൻ നമ്പർ 120 - വാണിജ്യസ്ഥാപനങ്ങളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ശുചിത്വ പരിപാലനം നൽകുന്നതിന്റെ ആവശ്യകത ഊന്നൽ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിയമന ഉപാധികൾ നിയന്ത്രിക്കുക, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, ആക്ടിലെ വ്യവസ്ഥകൾക്ക് കീഴിലുള്ള ശിക്ഷ വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായുള്ള വ്യവസ്ഥകൾ ചേർത്തുകൊണ്ട് 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ച സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. നിലവിലെ വ്യവസ്ഥ പ്രകാരം നിലവിലുള്ള സ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചിട്ടില്ല. എന്നാൽ ഈ ബില്ലിൽ സെക്ഷൻ 2(1 എ)- ബിഗ് എസ്റ്റാബ്ലിഷ്മെന്റ് (വലിയ സ്ഥാപനം) - ആയിരക്കണക്കിനാളുകൾ ജോലി ചെയ്യുന്ന സൂപ്പർ മാളുകൾ നമ്മുടെ രാജ്യത്തുണ്ട്. ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന സ്ഥാപനങ്ങളെ ഇതിൽ ബിഗ് എസ്റ്റാബ്ലിഷ്മെന്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സെക്ഷൻ (10 എ)- മീഡിയം എസ്റ്റാബ്ലിഷ്മെന്റ് - അതായത് ആറു മുതൽ പത്തൊമ്പതുവരെ തൊഴിലാളികളെ

ജോലിക്ക് നിയോഗിക്കുന്ന സ്ഥാപനങ്ങൾ. സെക്ഷൻ (15 എ)- സ്മാൾ എസ്റ്റാബ്ലിഷ്മെന്റ് - തൊഴിലാളികൾ ഇല്ലാത്ത സ്ഥാപനങ്ങൾ മുതൽ അഞ്ചുവരെ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന സ്ഥാപനം. ഇതിന്റെ ഉദ്ദേശ്യം, 1960-ൽ നിയമം പ്രാബല്യത്തിൽ വന്നപ്പോഴുള്ള സാഹചര്യമല്ല ഇന്ന് നിലവിലുള്ളത്. സംസ്ഥാനത്തെ പെട്ടിക്കടകൾ മുതൽ വലിയ ഷോപ്പിംഗ് മാളുകൾ, ഐ.ടി. കമ്പനികൾ മുതലായവ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. നിയമം നിലവിൽ വന്നപ്പോൾ ചെറുകിട കച്ചവടസ്ഥാപനങ്ങളായിരുന്നു ഭൂരിപക്ഷവും. ചെറുതും ഇടത്തരവും സ്ഥാപനങ്ങളെപ്പോലെ വലിയ സ്ഥാപനങ്ങളെ കണക്കാക്കാൻ കഴിയില്ല. വലിയ സ്ഥാപനങ്ങൾ നിർബന്ധമായും തൊഴിലാളികൾക്ക് നൽകേണ്ട പല വ്യവസ്ഥകളും ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനനുസൃതമായി ചട്ടങ്ങളിലും സമഗ്രമായ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. നിലവിൽ സ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചിട്ടില്ല. സെക്ഷൻ 5 ഡി - issue of Appointment letter - എല്ലാ വലിയ സ്ഥാപനങ്ങളിലും തൊഴിലാളികളെ നിയമിക്കുമ്പോൾ Appointment letter നൽകണം. സെക്ഷൻ 5 ഇ - prohibition of retaining education certificate or experience certificate - തൊഴിലാളികളുടെ ഒറിജിനൽ വിദ്യാഭ്യാസ

സർട്ടിഫിക്കറ്റും പരിചയ സർട്ടിഫിക്കറ്റും തൊഴിലുടമ കൈവശം വയ്ക്കുന്നത് നിരോധിക്കുന്നു. സെക്ഷൻ 5 എഫ് - issue of Service Certificate - എല്ലാ തൊഴിലുടമകളും തൊഴിലാളികൾ അവർ ജോലി ചെയ്ത കാലയളവിലെ സേവന സർട്ടിഫിക്കറ്റ് നൽകണം. പെൻഷൻ, നീക്കം ചെയ്യുമ്പോൾ, മറ്റൊരു ജോലി ലഭിച്ച് പിരിയുമ്പോൾ ഇത് ബാധകമാണ്. നിലവിലെ നിയമത്തിൽ തൊഴിലാളികളെ നിയമിക്കുമ്പോൾ ഉടമ പാലിക്കേണ്ടതായ വ്യവസ്ഥകൾ ഒന്നും തന്നെയില്ല. തൊഴിലാളികൾക്ക് നിയമനോത്തരവ് നൽകാതിരിക്കുക, തൊഴിലാളികളുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് പിടിച്ചുവയ്ക്കുക, സേവന സർട്ടിഫിക്കറ്റ് നൽകാതിരിക്കുക തുടങ്ങിയ നിരവധി പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതോടെ തൊഴിലാളികളെ നിയമിക്കുമ്പോൾ നിയമനോത്തരവും അവർ തൊഴിലിൽ നിന്ന് പിരിയുമ്പോൾ സർവ്വീസ് സർട്ടിഫിക്കറ്റും തൊഴിലാളികൾക്ക് നൽകുന്നതിന് തൊഴിലുടമ നിർബന്ധിതനാകും. ഇതുവഴി തൊഴിലാളികൾക്ക് ആവശ്യാനുസൃതം മെച്ചപ്പെട്ട തൊഴിൽ കണ്ടെത്തുവാൻ സാധിക്കും. അതുപോലെ 50-ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ഉടമ നിർബന്ധമായും തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം ചെയ്തുകൊടുക്കണം. സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ

വേണ്ടുന്ന സൗകര്യങ്ങൾ തൊഴിലുടമ നിർബന്ധമായും ചെയ്തിരിക്കണം. നിലവിലെ നിയമത്തിൽ ജീവനക്കാർക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ല. 50-ൽ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റൽ സൗകര്യം ജീവനക്കാർക്ക് ഏർപ്പെടുത്തുവാൻ വേണ്ടിയുള്ളതുകൂടിയാണ് ഈ നിയമം. സ്ഥാപനത്തിൽ പൊതുവായ ശുചിത്വം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയും ജീവനക്കാർക്ക് ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയും സാനിറ്റേഷൻ എന്ന വാക്കുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയാണിത്. അതുപോലെ നിയമത്തിന്റെ 29-ാം വകുപ്പുപ്രകാരമുള്ള നിലവിലെ പിഴ ശിക്ഷയുടെ തോത് 1960-ൽ പ്രാബല്യത്തിൽ വന്നതും നാളിതുവരെ പരിഷ്ക്കരിച്ചിട്ടില്ലാത്തതുമാണ്. ഇത് കാലോചിതമായി പരിഷ്ക്കരിക്കുന്നത് നിയമത്തിലെ വ്യവസ്ഥകൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും അതുവഴി തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ മെച്ചപ്പെടുത്തുവാനും സാധ്യമാകും. രജിസ്ട്രേഷൻ എടുക്കുക, പുതുക്കുക, സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുക, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വരുത്തേണ്ട ഭേദഗതികൾക്കായുള്ള അപേക്ഷ നൽകുക തുടങ്ങിയ ചുമതലകളിൽ വീഴ്ച വരുത്തുന്ന തൊഴിലുടമയ്ക്ക്

ലഭിക്കാവുന്ന പിഴ ശിക്ഷ 250 രൂപ എന്നത് 5000 രൂപയായി ഉയർത്തുന്നതിന് ബില്ലിൽ വ്യവസ്ഥയുണ്ട്. അതുപോലെ നിയമലംഘനം തുടരുന്ന ഓരോ ദിവസത്തേയ്ക്കും ചുമത്താവുന്ന പിഴശിക്ഷ 10 രൂപയിൽ നിന്ന് 100 രൂപയായി വർദ്ധിപ്പിക്കുന്നു. ജോലിക്കാരുടെ ജോലി സമയം, വിശ്രമ സമയം, സ്ഥാപനം തുറക്കുന്നതിനും അടക്കുന്നതിനുമുള്ള സമയം, അവധികൾ, അവധി വേതനം, വീക്ക്ലി ഓഫ് തുടങ്ങിയ വ്യവസ്ഥകളിൽ ലംഘനമുണ്ടായാൽ പിഴ ശിക്ഷ 250 രൂപ വീതമെന്നത് 5000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നിയമലംഘനം തുടർന്നാൽ 5000 രൂപ എന്ന പിഴശിക്ഷ 10000 രൂപയായി വർദ്ധിപ്പിക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചട്ടങ്ങളിലെ വ്യവസ്ഥകളിലെ ലംഘനങ്ങൾക്കുള്ള പിഴ ശിക്ഷ 50 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിക്കുന്നു. ഈ തുണിക്കടകളിലെ പാവം മിണ്ടാപ്രാണികളായ ചെറുപ്പക്കാരും ചെറുപ്പക്കാരികളും അവരുടെ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നവരല്ല. തുണിക്കടയിലെ മറ്റൊരു ബൊമ്മയായി, മണിക്കൂറുകളോളം ഇരിക്കാൻപോലും കഴിയാതെ നിൽക്കുന്നവരാണ് അവർ. ലോകവ്യാപകമായി തൊഴിലാളികൾക്ക് നൽകുന്ന പരിരക്ഷയാണ് എട്ടുമണിക്കൂർ ജോലിയെന്നുള്ളത്. പല മാളുകളിലും പന്ത്രണ്ട് മണിക്കൂറും പതിനഞ്ച് മണിക്കൂറും നിസ്സഹായരായി അടിമകളെപ്പോലെ ജോലി ചെയ്യുന്ന ചെറുപ്പക്കാരും

ചെറുപ്പക്കാരികളുമുണ്ട് എന്നത് നമുക്ക് വിസ്മരിക്കാൻ പറ്റില്ല. അതുപോലെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ക്രഷുകൾ സ്ഥാപിച്ച് സൗകര്യം ചെയ്യണം എന്ന വ്യവസ്ഥ ഈ ബില്ലിലുണ്ട്. തുണിക്കെട്ട് ചുമക്കുന്നതിനുള്ള ഭാരം 75 കിലോഗ്രാം എന്നുള്ളത് 55 കിലോഗ്രാമാക്കി മാറ്റിയിട്ടുണ്ട്. ചെറുകിട കച്ചവടക്കാരെ ഞാൻ കുറ്റം പറയുന്നില്ല. നമ്മുടെ രാജ്യത്തെ മാളുകൾ പരിഷ്ക്കാരത്തിന്റെ പ്രതീകമാണ്. ആധുനിക നാഗരികതയുടെ ഏറ്റവും വലിയ ഒരു തെളിവായി മാളുകളെ നമ്മൾ കൊണ്ടാടുന്നു. ആധുനിക കാലഘട്ടത്തിൽ മാളുകളുടെ വരവിനെ എതിർക്കുന്നില്ല. പക്ഷേ ഈ മാളുകളിൽ അവരുടെ ലാഭവും അവരുടെ പരസ്യങ്ങളും അവരുടെ കണ്ണഞ്ചിപ്പിക്കുന്ന ആഡംബരങ്ങളുമെല്ലാം ഒരു കുറവുമില്ലാതെ നടക്കുകയാണ്. അവിടെ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് മാത്രം മാന്യമായ ജീവിതമില്ലെന്ന് വരുന്നത് അംഗീകരിക്കാനാവില്ല. നമ്മുടെ രാജ്യത്തെ വൻകിട മാളുകളും വൻകിട തുണിക്കടകളും വൻകിട സൂപ്പർ സ്റ്റോറുകളുമെല്ലാം ഓരോ ദിവസവും അനേകം ബ്രാഞ്ചുകൾ തുടങ്ങിക്കൊണ്ടിരിക്കുകയാണ്. ഷാരൂഖ് ഖാന് കോടികൾ നൽകി എറണാകുളത്തെ ഒരു തുണിക്കട തുടങ്ങി. നിർഭാഗ്യവശാൽ അധികം വൈകാതെ അത് പൂട്ടിപ്പോയി. മിനിഞ്ഞാന്ന് സ്വർണ്ണക്കടയുടെ അഞ്ച് ബ്രാഞ്ചുകളാണ് കേരളത്തിൽ ഐശ്വര്യാബച്ചനും മഞ്ജു വാര്യരും പ്രഭുവും ചേർന്ന്

ഉദ്ഘാടനം ചെയ്തത്

അതെല്ലാം അവരുടെ വളർച്ചയുടെ തെളിവാണ്. അത്തരത്തിലുള്ള സ്ഥാപനങ്ങൾ വളരുന്നതിന് ആരും എതിരല്ല. പക്ഷേ, ബോണസോ, ഗ്രാറ്റുവിറ്റിയോ, പ്രൊവിഡന്റ് ഫണ്ടോ, പെൻഷനോ, ഉത്സവബത്തയോ ഒന്നും ഈ പാവങ്ങൾക്ക് ലഭിക്കുന്നില്ല. നിങ്ങളുടെ താൽപ്പര്യം ഒരു പണത്തൂക്കം മുന്നിലെന്ന് പരസ്യം ചെയ്യുമ്പോൾ തങ്ങൾക്കുവേണ്ടി എല്ലുമുറിയെ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ താൽപ്പര്യംകൂടി ഈ പണത്തൂക്കത്തിനൊപ്പം കണക്കാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാളുകൾ മനുഷ്യന്റെ ആർത്തിയെ ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങളാണ്. അവന്റെ ഉപഭോഗ തൃഷ്ണയെയാണ് മുതലാക്കുന്നത്. ഭാഗ്യക്കുറി നറുക്കെടുപ്പും ഡിസ്കൗണ്ടും പ്രഖ്യാപിച്ച് ഉപഭോക്താക്കളെ മായിക വലയത്തിലാക്കുന്നു. ഈ മാളുകളുടെ വർണ്ണ പ്രപഞ്ചത്തിൽ തകർന്ന് തരിപ്പണമാകുന്ന ചെറുകിട വ്യാപാരികളുടെ ശമ്ശാന ഭൂമിയായി കേരളത്തിലെ പല പ്രദേശങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. ഒരു വമ്പൻ മാൾ വരുമ്പോൾ അതിന്റെ ചുറ്റുപാടുമുള്ള ഒരുപാട് ചെറുകിട കച്ചവടക്കാരുടെ ആപ്പീസ് പൂട്ടുന്നുവെന്നുള്ളതും നമ്മൾ കാണണം. ലിഫ്റ്റും എസ്കലേറ്ററും ചെറിയ അമ്യൂസ്മെന്റ് പാർക്കുമുണ്ടാക്കി കുട്ടികളെയെല്ലാം പാട്ടിലാക്കിയും ബലൂൺ

മനുഷ്യരെയെല്ലാം രംഗത്തിറക്കി ആധുനിക സാങ്കേതിക വിദ്യയും ആധുനിക പരസ്യ തന്ത്രങ്ങളും പരമാവധി ഉപയോഗപ്പെടുത്തി കോടിക്കണക്കിന് രൂപയുടെ ടേൺ ഓവർ ഉണ്ടാക്കുന്ന മാളുകൾ പാവപ്പെട്ട തൊഴിലാളികളെ അവരെ പ്രാകൃതമായ യുഗത്തിലെ അടിമകളെപ്പോലെ ചൂഷണം ചെയ്യുന്നത് പരിഷ്കൃത സമൂഹത്തിലെ ഒരു ഗവൺമെന്റിനും നോക്കി നിൽക്കാനാവില്ല. എന്തിന്റെ പേരിലാണ് പ്രതിപക്ഷം ഈ ബില്ലിനെ എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഭരണകക്ഷി കൊണ്ടുവരുന്ന ഏതൊരു നല്ല കാര്യത്തെയും എതിർക്കുകയെന്ന പ്രതിപക്ഷത്തിന്റെ പരമ്പരാഗതമായ ശൈലിയുടെ പ്രതിഫലനമായിരിക്കാം എതിർപ്പ് എന്ന് ഞാൻ കരുതുന്നു. നിങ്ങളും ഞങ്ങളും ഒരുപോലെ ഇതാവശ്യമാണെന്ന് കരുതുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഈ ബില്ലിനെ പിന്താങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

The Kerala Shops and Commercial Establishments (Amendment) Bill

നമ്മുടെ കേരളത്തിന്റെ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ അവതരിപ്പിച്ചത് സ്വാഗതാർഹം തന്നെയാണ്. ശ്രീ. സി.പി. മുഹമ്മദിന് കാര്യങ്ങൾ അറിഞ്ഞുകൂടാത്തതുകൊണ്ട് എല്ലാ കാലത്തും പ്രസംഗിച്ച ഒരു ശീലം ഇവിടെ ആവർത്തിച്ചുവെന്നേയുള്ളൂ. ശ്രീ. ഷിബു ബേബി ജോൺ കൊണ്ടുവന്നിട്ടുള്ള നിയമത്തിൽ ഇദ്ദേഹം ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉള്ളടക്കത്തോട് പൂർണ്ണമായും യോജിപ്പാണ്. പക്ഷേ, ഞാൻ അതിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും എന്ന നിയമത്തിന്റെ ചില ഭേദഗതികളാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. 1960 കഴിഞ്ഞ് 54 വർഷം പിന്നിട്ടിരിക്കുന്നു. ഇക്കഴിഞ്ഞ 54 വർഷക്കാലം കേരളത്തിന്റെ കടകളിലും വാണിജ്യ രംഗങ്ങളിലുമെല്ലാം ഒട്ടനവധി മാറ്റങ്ങളുണ്ടായിട്ടുണ്ട്. ചില ചില്ലറ കാര്യം പറഞ്ഞ് താൽക്കാലിക ആശ്വാസംകൊള്ളുന്നതിനുപകരം ആ മാറ്റങ്ങളൊക്കെ പരിശോധിച്ചുകൊണ്ട് ഒരു സമഗ്രമായ നിയമനിർമ്മാണമായിരുന്നു ഇവിടെ വേണ്ടിയിരുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ വാണിജ്യ മേഖലയെ സംബന്ധിച്ച് ഇതുവരെ സമഗ്രമായ പഠനം നടത്തിയിട്ടില്ല. ഇന്നത്തെ കാലഘട്ടത്തിൽ ഒരു സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിലയിൽ

തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം കൊടുക്കത്തക്ക വിധത്തിലുള്ള ഒരു നിയമ നിർമ്മാണത്തിനാണ് രൂപം കൊടുക്കേണ്ടതെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് നിങ്ങൾ നിർദ്ദേശിച്ച കാര്യങ്ങളോട് വിയോജിപ്പല്ലായുള്ളത്. കേരളത്തിന്റെ 50-55 വർഷക്കാലത്തെ അനുഭവം എടുത്താൽ നമ്മുടെ പഴയ ഗ്രാമീണ സമൂഹത്തിൽ നിന്നും വലിയ മാറ്റങ്ങൾ സംഭവിച്ചു. ധാരാളം ചെറുകിട പട്ടണങ്ങൾ ഉയർന്നുവന്നു. വ്യാപാര സ്ഥാപനങ്ങൾ വർദ്ധിച്ചുവന്നു. മനുഷ്യന്റെ വാങ്ങാനുള്ള ക്രയശക്തിയിൽ മാറ്റങ്ങൾ സംഭവിച്ചു. വിദേശ മലയാളികളുടെ സാധ്യതകൾ കേരളത്തിന്റെ വാണിജ്യ രംഗത്താണ് വലിയ തോതിൽ ഉപയോഗിച്ചിട്ടുള്ളത്. ഇന്നാണെങ്കിൽ വിവര സാങ്കേതിക വിദ്യയുടെ വലിയ കുതിപ്പാണ്. അവസാനമായി പുറത്തുവന്നിരിക്കുന്ന വാർത്ത വിദേശ ബഹുരാഷ്ട്ര കമ്പനികൾക്ക് അവരുടെ നിക്ഷേപം അവർ ഉദ്ദേശിച്ച നിലയിൽ ഇന്ത്യയിൽ സ്ഥാപിച്ചെടുക്കാൻ സാധിച്ചില്ല. അങ്ങനെ വന്നപ്പോൾ ആധുനിക കാലഘട്ടത്തിൽ ഓൺ ലൈൻ വ്യാപാരമെന്ന പുതിയ ഒരു സംരംഭവുമായി രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ആളുകൾക്ക് ആവശ്യമുള്ള അവശ്യ വസ്തുക്കൾ അവരുടെ വീട്ടിൽ നിന്ന് ഓൺ ലൈൻ വഴി ഓർഡർ നൽകിയാൽ അത് അവരുടെ വീട്ടിൽ എത്തിച്ച് കൊടുക്കും. ഗവൺമെന്റിന് ലഭ്യമാകാൻ സാധ്യതയുള്ള ടാക്സ് വൻ

തോതിൽ വെട്ടിപ്പ് നടത്താൻ ഇതുകൊണ്ട് സാധിക്കും. ഇതിന് ഇന്ത്യാ ഗവൺമെന്റ് എല്ലാ വാതിലുകളും തുറന്നുകൊടുത്തിരിക്കുകയാണ്. വിദേശ നിക്ഷേപം വ്യാപാര രംഗത്ത് പുതിയ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുകയാണ്. പഴയ വ്യാപാര രംഗത്ത് പണിയെടുക്കുന്നതിൽ നിന്നും വ്യത്യസ്തമായ രീതികൾ വന്നിരിക്കുകയാണ്. അതുമാത്രമല്ല ഇന്നുള്ള വ്യാപാര രംഗത്തെ ചെറുകിട, മദ്ധ്യ, വൻകിട എന്നീ മൂന്ന് വ്യാപാര സ്ഥാപനങ്ങളാക്കി തിരിച്ചിട്ടുണ്ട്. ഇതിൽ നിന്ന് വ്യത്യസ്തമായ ഐ.ടി മേഖല പുതിയ ഒരു രംഗമായി വന്നിട്ടുണ്ട്. ഐ.ടി. രംഗത്ത് പ്രവർത്തിയെടുക്കുന്ന തൊഴിലാളികളുടെ, ജീവനക്കാരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കാറ്റഗറികൂടി കൂട്ടിച്ചേർക്കേണ്ടതല്ലേ; കാരണം അവരുടെ പ്രശ്നങ്ങൾ ഇതിൽ നിന്ന് വ്യത്യസ്തമായി രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഭാഗമായി വലിയ സ്ഥാപനങ്ങൾ അവരുടെ ഷോപ്പുകളിലൊക്കെ തൊഴിലാളികളെ നിരീക്ഷിക്കുന്നതിനുവേണ്ടി ക്ലോസ്ഡ് സർക്യൂട്ട് ടി.വി. പോലുള്ള പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരു തൊഴിലാളിക്ക് അൽപ്പനേരംപോലും വിശ്രമിക്കാനോ, എന്തെങ്കിലും ക്ഷീണം വന്നാൽ കുറച്ച് സമയം പോലും മാറിയിരിക്കാനോ കഴിയാത്ത നിലയിൽ അവരുടെ അദ്ധ്വാനത്തെ മുഴുവൻ പിഴിഞ്ഞെടുക്കുന്ന നിലയിലേയ്ക്ക് ഇത്തരം സംവിധാനങ്ങൾ വന്നിട്ടുണ്ട്.

അങ്ങനെയൊക്കെയുള്ള പുതിയ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് കേരളത്തിന്റെ വാണിജ്യ മേഖലയെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തേണ്ടതുണ്ട്. കേരളത്തിൽ ആകെ ഏഴ് ലക്ഷത്തോളം വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇതിൽ ഏതാണ്ട് 5.2 ലക്ഷം ചില്ലറ വിൽപ്പന ശാലകളും അതിൽത്തന്നെ അരലക്ഷത്തിലധികം മൊത്ത വ്യാപാര സ്ഥാപനങ്ങളും ഒരു ലക്ഷത്തിൽപ്പരം ഹോട്ടലുകളുമുണ്ട്. ഇതുകൂടാതെ നമ്മുടെ നാട്ടിൽ തട്ടുകടകൾ, പെട്ടിക്കടകൾ, തെരുവോര കച്ചവട സ്ഥാപനങ്ങൾ, സെൽഫ് എംപ്ലോയ്മെന്റ് സ്കീം അനുസരിച്ച് സ്വയം തൊഴിൽ ചെയ്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന കച്ചവടക്കാരുമുണ്ട്. ഇങ്ങനെ വ്യത്യസ്തമായ മേഖലകളിലേയ്ക്ക് വന്നിട്ടുണ്ട്. കേരളത്തിൽ ഈ സ്ഥാപനങ്ങളിലെല്ലാംകൂടി ഏകദേശം 20 ലക്ഷം പേർ ജോലി ചെയ്യുന്നുണ്ട്. ഈ തൊഴിലാളികളുടെ ക്ഷേമവും തൊഴിലുറപ്പും ഈ സമഗ്ര നിയമനിർമ്മാണത്തിൽ കൊണ്ടുവരേണ്ടതായിരുന്നു. ഇതിൽ നിങ്ങൾ നിർദ്ദേശിച്ചിട്ടുള്ള നിയമന ഉത്തരവ് കൊടുക്കുക തുടങ്ങിയ നിയമപരമായ നടപടികളൊന്നും കച്ചവടക്കാർ പൊതുവെ മുൻകാലങ്ങളിൽ ഒരു തൊഴിൽ സംരക്ഷണത്തിന്റെയോ തൊഴിലാളി സംരക്ഷണത്തിന്റെയോ ഭാഗമായുള്ള സഹായങ്ങളൊന്നും ഉണ്ടാകാറില്ല. അതെല്ലാം ഒരു നിയമനിർമ്മാണത്തിലൂടെ

ഉറപ്പുവരുത്തുന്നത് നല്ലതാണ്. തുണി ഷോപ്പുകളിൽ ജോലി ചെയ്യുന്നവരിൽ വലിയ ഒരു വിഭാഗവും സ്ത്രീകളാണ്. സ്ത്രീകളുടെ ഹോസ്റ്റൽ സൗകര്യങ്ങൾ അതുപോലുള്ള മറ്റ് കാര്യങ്ങൾ, സജ്ജീകരണങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടത് ആവശ്യമാണ്. ഇവിടെ യഥാർത്ഥത്തിൽ നിയമങ്ങളില്ലാത്തതുകൊണ്ടല്ല, ആ നിയമങ്ങൾ ദുരുപയോഗപ്പെടുത്തുകയാണ്. നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥന്മാർ അതിൽനിന്ന് വ്യതിചലിക്കുകയാണ്. അവർ പലപ്പോഴും അഴിമതിക്കാരായി മാറുകയാണ്. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങൾ ഈ രംഗത്ത് വരുന്നുണ്ട്. അവയ്ക്ക് പരിഹാരം കാണാനുള്ള ഫലപ്രദമായ ഇടപെടൽ നമുക്കുണ്ടാകണം.

ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണിവരെയൊക്കെ ജോലി ചെയ്യേണ്ടിവരുക, പന്ത്രണ്ട് മണിക്കൂറിലധികം ജോലി ചെയ്യേണ്ടിവരുക ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെ തൊഴിൽ രംഗത്തുണ്ട്. അവയെല്ലാം പരിഹരിക്കാനാവശ്യമായ നിയമങ്ങളുണ്ടാക്കുകയും ആ നിയമങ്ങൾ ശക്തമായി നടപ്പിൽ വരുത്തുകയും ചെയ്യണം. അവധി, പ്രസവാനുകൂല്യങ്ങൾ, റസ്റ്റ് റൂം, കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനും കുഞ്ഞുങ്ങളെ വളർത്താനുമുള്ള ക്രഷ് (യൂറോപ്യൻ രാജ്യങ്ങളിലൊക്കെ ഇത് കുറെക്കൂടി മെച്ചപ്പെട്ട നിലയിലുണ്ട്) തുടങ്ങിയ ജീവൽപ്രധാനമായിട്ടുള്ള കാര്യങ്ങളൊക്കെ പഴുതുകൾ അടച്ചുകൊണ്ട്

നിയമനിർമ്മാണത്തിലൂടെ ഉറപ്പുവരുത്തിക്കൊടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് Kerala Shops & Commercial Establishment Welfare Fund Board രൂപീകരിച്ചിരുന്നു. ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. അതിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് മെച്ചപ്പെട്ട നിലയിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇവിടെ ഇരുപത് ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നതിൽ അഞ്ചു ലക്ഷം പേർ മാത്രമാണ് ക്ഷേമനിധിയിൽ ഇപ്പോൾ അംഗങ്ങളായിട്ടുള്ളത്. എല്ലാവർക്കും ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയണം. ഇപ്പോൾ നൽകിവരുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. തൊഴിലാളികൾക്കുനേരെ വരുന്ന തെറ്റായ നടപടികളിൽ ശിക്ഷയുടെ പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 250 രൂപ 5000 രൂപയാക്കി ശിക്ഷാ ഫീസ് വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ട്. 1960-ൽ 250 രൂപയെന്നുപറയുന്നത് ഇപ്പോഴത്തെ 5000 രൂപയ്ക്ക് തുല്യമാണ്. നിയമം ഇല്ലാത്തതുകൊണ്ടല്ല, പിന്നെ എന്തുകൊണ്ടാണ് ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അത് തൊഴിൽ മേഖലയിൽ ഒഴിവാക്കാൻ സാധിക്കണം. കേരളത്തിൽ തൊഴിലാളിവർഗ്ഗ സംഘടനകൾ വളരെ

സംഘടിതമാണ്. അതുകൊണ്ട് അവരുടെ കൂടി സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് തൊഴിൽരംഗം സംശുദ്ധമാക്കാനും ഇവിടെ പാസ്സാക്കുന്ന നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുമുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്ത് ഉണ്ടാകണം. കേരളത്തിൽ ഏറ്റവും കൂടുതൽ വ്യാപാരം നടക്കുന്നത് പലചരക്ക് വ്യാപാരമാണെങ്കിൽ രണ്ടാമത്തേത് ആഭരണ വ്യാപാരമാണ്. കേരളത്തിൽ വാണിജ്യരംഗത്ത് ഏതാണ്ട് ഇരുപത്തിയൊന്ന് ശതമാനവും ആഭരണ വ്യാപാരമാണ്. 21 ശതമാനം വരുന്ന ആഭരണ വ്യാപാര രംഗത്ത് വലിയ തോതിൽ വ്യാപാരം നടക്കുന്നു. അത് നമ്മുടെ സംസ്ഥാനത്തിന്റെ ഒരു വലിയ രംഗമാണ്. ആ രംഗങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്ക് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നാണ് അതിന്റെ ഉടമകൾ പറയുന്നതെങ്കിലും ഫലത്തിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇതിൽ വേതന വർദ്ധനവിനെക്കുറിച്ചുള്ള കാര്യങ്ങൾ പരാമർശിക്കുന്നില്ല. ഈ രംഗങ്ങളിലൊക്കെ ജോലിചെയ്യുന്ന, പ്രത്യേകിച്ച് ആഭരണവ്യാപാരം ഇപ്പോൾ കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പരിഷ്കാരങ്ങളുടെ ഫലമായി ഉയർന്നുവരുന്ന പുതിയ സംരംഭങ്ങളുടെ ഭാഗമായി ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, മൊബൈൽ വ്യാപാരങ്ങൾ, സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാരങ്ങൾ ഇവയൊക്കെയാണ്

ഇപ്പോൾ അതിവേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഹോട്ടലുകൾ അതിവേഗത്തിൽ വ്യാപാരം വർദ്ധിച്ചുവരുന്ന രംഗമാണ്. ഈ രംഗങ്ങളിലെല്ലാം ജോലി ചെയ്യുന്നവരുടെ പ്രത്യേകതകൾ കണക്കിലെടുത്ത് ജനറലൈസ് ചെയ്യുന്നതിനുപകരം ഓരോ രംഗത്തിന്റേയും......... ഇപ്പോൾ ഹോട്ടൽ മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രശ്നങ്ങളിൽ ശുചിത്വം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. ഇവിടെ ശ്രീ. പുരുഷൻ കടലുണ്ടി നിർദ്ദേശിച്ചിരിക്കുന്ന ആരോഗ്യപ്രശ്നം ഒരു പ്രധാന വിഷയമാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പ്രത്യേകം അനുബന്ധമായി കൂട്ടിച്ചേർത്തുകൊണ്ട് മെച്ചപ്പെട്ട നിലവാരം ഉണ്ടാക്കിയെടുക്കാൻ സാധിക്കണം. തൊഴിൽരഹിതരായിട്ടുള്ള ആളുകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. 40 ലക്ഷത്തോളം തൊഴിൽ രഹിതർ ഇന്ന് കേരളത്തിലുണ്ട്. അതിൽത്തന്നെ 25 ലക്ഷത്തോളം ആളുകൾ എസ്.എസ്.എൽ.സി. കഴിഞ്ഞവരും ഏഴ് ലക്ഷത്തിൽപ്പരം ആളുകൾ പ്ലസ് ടു കഴിഞ്ഞിട്ടുള്ളവരും മൂന്ന് ലക്ഷത്തിലധികം ആളുകൾ ബിരുദധാരികളും 60,000-ത്തോളം ആളുകൾ പോസ്റ്റ് ഗ്രാജ്വേറ്റ്സുമാണ്. ഇങ്ങനെയെല്ലാമുള്ളവർ ഇപ്പോൾ ഈ തൊഴിൽ മേഖലയിലേക്ക് വലിയ തോതിൽ കടന്നുവന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവർതന്നെ കൂലി കുറഞ്ഞിട്ടുള്ള ജോലികളിൽ ഏർപ്പെടുകയാണ്.

അങ്ങനെയുള്ള പൊതുസ്ഥിതിതന്നെ കേരളത്തിൽ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇവർക്കെല്ലാം പ്രത്യേക സംരക്ഷണം ഉറപ്പുവരുത്താനും അവരുടെ യോഗ്യതകൾക്കനുസരിച്ച് പരിഗണന ലഭ്യമാക്കാനും കഴിയത്തക്ക നിലയിലുള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. കേരളത്തിൽ ആഭ്യന്തര വരുമാനത്തിന്റെ 23 ശതമാനവും ഈ വാണിജ്യരംഗത്തുനിന്നാണ്. അതിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ രംഗത്ത് ഇടപെടാൻ കഴിയേണ്ടതുണ്ട്. 60 വർഷങ്ങൾക്കുമുമ്പുള്ള സാഹചര്യങ്ങളിൽനിന്ന് വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് ഇതിനെ ഒന്നുകൂടി വിപുലീകരിച്ച് ആവശ്യമായ ഭേദഗതികളോടുകൂടി ഈ നിയമത്തിന്റെ ഭേദഗതികൾ അവതരിപ്പിക്കുന്ന അവസരത്തിൽ ഇത് മെച്ചപ്പെടുത്താൻ കഴിയണം. ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്ന മറ്റൊരുകാര്യം, ഇന്ത്യാ ഗവൺമെന്റ് ഒരു കരട് നിയമം പാസ്സാക്കിയിട്ടുണ്ട്. ഇന്നത്തെ ലേബർ ആക്ട് അനുസരിച്ച് 20-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളെ പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ള നിബന്ധനകളാണ്. കേന്ദ്രഗവൺമെന്റ് 20 എന്നത് 40 ആയി ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, കേന്ദ്രഗവൺമെന്റ് ഏതാണ്ട് നാല്പതോളം കേന്ദ്ര തൊഴിൽനിയമങ്ങളും 150-ഓളം സംസ്ഥാന നിയമങ്ങളും ആവശ്യമില്ലെന്നുകണ്ട് തുടർ നിയമത്തിൽ

ഭേദഗതി വരുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നാല്പതോളംപേർ ജോലിചെയ്യുന്ന സ്ഥാപനങ്ങളെ ഈ തൊഴിൽ നിയമത്തിന്റെ പരിധിക്ക് പുറത്താക്കിക്കഴിഞ്ഞിരിക്കുകയാണ്. നിങ്ങളിപ്പോൾ നിർദ്ദേശിക്കപ്പെട്ടതിൽ അഞ്ച് പേർ തൊഴിൽ ചെയ്യുന്ന രംഗത്തെ പരിഗണിക്കുന്നുണ്ട്. അതുപോലെതന്നെ ഇരുപത് തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെ തൊഴിൽ നിയമത്തിന്റെ പരിധിയ്ക്കകത്ത് നിങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഉറച്ചുനിന്ന് കേന്ദ്ര മൂലനിയമം തെറ്റായ നിലപാടിൽ വരികയാണെങ്കിൽ അതിനെ പ്രതിരോധിക്കണം. ഇവിടെ യു.ഡി.എഫ്. ഇരുപത് പേർ വരെ എന്ന് നിജപ്പെടുത്തിക്കൊണ്ട് തൊഴിൽ നിയമം ഇരുപതിന് മുകളിൽ അംഗീകരിക്കപ്പെടുന്ന എന്നുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആ നിലപാടിന്റെ അടിസ്ഥാനത്തിൽ ശക്തമായ സമീപനം സ്വീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ ശക്തമായി പ്രതികരിക്കാനുള്ള ത്രാണി കാണിക്കണം. ഉദാഹരണത്തിന് പാർലമെന്റിൽ ഇവിടത്തെ പ്രധാന കക്ഷിയായിട്ടുള്ള കോൺഗ്രസ്സ് പാർട്ടി തൊഴിലാളി വിരുദ്ധ നിയമങ്ങൾക്ക് പിന്തുണ കൊടുത്ത് ഈ നിയമം പാസ്സാക്കിയിട്ടുണ്ട്. ഈ നിയമം കേന്ദ്രത്തിൽ പാസ്സാക്കാൻ കൂട്ടുനിന്നിട്ടുണ്ട്. അതുപോലെ തൊഴിലാളി വിരുദ്ധ സമീപനങ്ങൾക്ക് പാർലമെന്റിൽ വോട്ട് ചെയ്യുന്ന

ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇത് ഒരു തെറ്റായ നിലപാടാണ്. കേരളത്തിന്റെ സാഹചര്യങ്ങളിൽ കേരളത്തിലെ ജനങ്ങൾ വളരെ സംഘടിതമായിട്ടുതന്നെ പോരാടി ട്രേഡ് യൂണിയൻ അവകാശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ തൊഴിലവകാശങ്ങളും നേടി വളർന്നുവന്നിട്ടുള്ള ഒരു സംസ്കാരമുണ്ട്. ആ സംസ്കാരത്തിന്റെ ഫലമായി നിൽക്കുന്ന സാഹചര്യങ്ങളെ ഒന്നുകൂടി വിപുലീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കാര്യങ്ങൾ വിശദമായിട്ടുള്ള ചർച്ചക്ക് വിധേയമാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, പൊതുവെ ഇവിടെ വന്ന നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. തുറന്ന മനസ്സോടുകൂടി സബ്ജക്ട് കമ്മിറ്റി ഈ വിഷയം ചർച്ചചെയ്യുമ്പോൾ ഇതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അല്ലെങ്കിൽ കുറച്ചുകൂടി ഇഫക്ടീവാക്കാൻ എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അത് സ്വീകരിക്കുന്നതായിരിക്കും. ഒരു ലംഘനത്തിന് പ്രതിദിനം10 രൂപയെന്നുള്ളത് 100 രൂപായാക്കി വർദ്ധിപ്പിച്ചത് തന്നെ അപര്യാപ്തമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഈ

വിഷയങ്ങളെല്ലാംതന്നെ സബ്ജക്ട് കമ്മറ്റിയിൽ ചർച്ച ചെയ്ത് നമുക്ക് പരിഹരിക്കാൻ സാധിക്കും. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതിനോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. നമ്മുടെ തൊഴിൽ നിയമങ്ങൾ മാറ്റിയതുകൊണ്ട് മാത്രം ഇത് ഇഫക്ടീവാകില്ല. നമ്മളെല്ലാം ആത്മപരിശോധന നടത്തേണ്ട ഒരു കാര്യമുണ്ട്. കേരളത്തെക്കുറിച്ചുള്ള പ്രചരണം മിലിറ്റന്റ് ട്രേഡ് യൂണിയനുകളുടെ നാടാണെന്നാണ്. അസംഘടിത മേഖലയിലേക്ക് വരുമ്പോൾ വ്യാപകമായ നീതിനിഷേധവും തൊഴിൽ നിയമങ്ങളുടെ ലംഘനവും നിലനില്ക്കുകയാണ്. ശ്രീ.പുരുഷൻ കടലുണ്ടി സൂചിപ്പിച്ചതുപോലെ അടിമകളെപ്പോലെ പണിചെയ്യുന്ന സാഹചര്യം കേരളത്തിലുണ്ട് എന്നത് ഒരു വസ്തുതയാണ്. അത് കേവലം ഒരു ലേബർ ഡിപ്പാർട്ടുമെന്റിനെക്കൊണ്ടുമാത്രം പരിഹരിക്കാവുന്ന കാര്യമല്ല. ഇതുസംബന്ധിച്ച് സഭ വളരെ ഗൗരവത്തിൽ ചർച്ച ചെയ്യേണ്ടതാണ്. ഈ നിയമങ്ങൾ നടപ്പിലാക്കുമ്പോൾ ട്രേഡ് യൂണിയനുകളുടെ ഒരു പ്രധാനപ്പെട്ട ഉത്തരവാദിത്വം കൂടി നിറവേറ്റുന്നത് എങ്ങനെ ഫലപ്രദമായി സാധിക്കും എന്നുള്ളതും കൂടി മുഖ്യധാരാ ട്രേഡ് യൂണിയനുകളെല്ലാം ചേർന്ന് ചർച്ച ചെയ്തുപോയാൽ മാത്രമേ ഇത് നൂറു ശതമാനം ഫലപ്രദമാകുകയുള്ളൂ എന്നത് ഞാൻ സമ്മതിക്കുന്നു. ഐ.ടി. മേഖലയും ഇതിന്റെ പരിധിയിൽ വരുന്നതാണ്. നമ്മൾ പൊതുവെ ഐ.ടി. വ്യവസായത്തെ

സ്വാഗതം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ കൈക്കൊണ്ടിട്ടുള്ള സമീപനം നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മാത്രമേ ആ മേഖലയിൽ പരിശോധനയുള്ളൂ. അല്ലാതെ നമ്മൾ അങ്ങോട്ട് കടന്നുചെന്ന് സാധാരണ പരിശോധിക്കാറില്ല. എന്നാൽ അവരുമായി ചർച്ച ചെയ്ത് അവരുടെ ചില ആവശ്യങ്ങളുണ്ട്, നിയമലംഘനം പലതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതെല്ലാംകൂടി ചേർത്തുകൊണ്ടുള്ള ഒരു ബില്ലിനെക്കുറിച്ച് ലേബർ ഡിപ്പാർട്ടുമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കുറച്ചുകൂടി ചർച്ചകൾ ആവശ്യമുണ്ട്. ഐ.ടി.മേഖലയ്ക്ക് ആന്റി ഐ.ടി. മേഖല എന്ന ഫീലിംഗ് വരാതെയും എന്നാൽ അവിടത്തെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ചില തീരുമാനങ്ങളെക്കുറിച്ചുമുള്ള ഒരു ബില്ലുതന്നെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വേതന പരിഷ്ക്കാരം - ഇപ്പോൾ അതിന്റെ മിനിമം വേജസ് പുതുക്കുന്ന പ്രക്രിയ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ ഒരു കാര്യത്തിൽ എനിക്ക് യോജിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അത് പാക്കേജ് ചെയ്യുന്ന തൊഴിലാളികൾക്കനുകൂലമായാണ് പാക്കേജ് ചെയ്തെങ്കിലും തികച്ചും തൊഴിലാളി വിരുദ്ധമായിട്ടുള്ള ഒരു സമീപനമാണ് എന്നതിൽ സംശയമില്ല. കഴിഞ്ഞ മാസം പ്രധാനമന്ത്രി അഭിസംബോധന ചെയ്ത ഇൻഡ്യൻ ലേബർ മിനിസ്റ്റേഴ്സിന്റെ

കോൺഫറൻസിൽ ഞാനും പങ്കെടുത്തിരുന്നു. അതിൽ ഇ.പി.എഫ്.-ന്റെ പോർട്ടബിലിറ്റിയെക്കുറിച്ചും മറ്റും എല്ലാവരെയും വികാരം കൊള്ളിക്കുന്ന രീതിയിൽ മനോഹരമായ ഒരു പ്രസംഗം തന്നെയായിരുന്നു പ്രധാനമന്ത്രി നടത്തിയതെങ്കിലും ആ കോൺഫറൻസിന്റെ അന്തഃസത്ത എന്നുപറഞ്ഞാൽ, ഇനിമുതൽ സ്ഥാപനങ്ങളിൽ പരിശോധനയില്ല. കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളിൽ മാത്രമേ ഇനിമുതൽ ഇൻസ്പെക്ടർ പരിശോധിക്കാൻ പോകാവൂ. കമ്പ്യൂട്ടർതന്നെ റാൻഡമായിട്ടാണ് സെലക്ട് ചെയ്യുന്നത്. ഈ പറയുന്നത് കേട്ടാൽ തോന്നും തൊഴിലാളികൾ കാരണമാണ് ഇവിടെയൊന്നും സംഭവിക്കാത്തതെന്ന്. ഈ നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. അങ്ങനെ ഒട്ടനവധി കാര്യങ്ങളിൽ ഭയങ്കരമായ പ്രോ-കോർപ്പറേറ്റ് സമീപനവുമായി വരുന്നുണ്ട്. കേരളത്തിന്റെ തനതായ നിയമങ്ങളിൽ നിന്നുകൊണ്ട് നമ്മുടെ രീതിയിൽ മുന്നോട്ടുപോകാമെങ്കിലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് , മിനിമം വേജസ് ആക്ട് എന്നിവയടക്കം പ്രധാനപ്പെട്ട സെൻട്രൽ ആക്ട് വരുമ്പോൾ അതിനെ എങ്ങനെ പ്രതിരോധിക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് വളരെ ഗൗരവത്തിൽ ആലോചിക്കേണ്ട കാര്യമാണ്. ആശങ്കയോടുകൂടിത്തന്നെയാണ് ഞാൻ അതിനെ സമീപിക്കുന്നത്. ഭരണകക്ഷിക്ക് പാർലമെന്റിൽ ഒറ്റയ്ക്ക് ഭൂരിപക്ഷമുള്ള സ്ഥിതിക്ക് സെൻട്രൽ ആക്ട് തടയുന്നതിന് ചില

ബുദ്ധിമുട്ടുകളുണ്ട്. എങ്കിൽപ്പോലും നമുക്ക് നമ്മുടെ പ്രതിഷേധം അറിയിക്കണം. തീർച്ചയായും നമ്മുടെ അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്. ഇഷ്ടമില്ലാത്തവരെ എപ്പോൾ വേണമെങ്കിലും ഫയർ ചെയ്യാവുന്ന ഒരു ഹയർ ആന്റ് ഫയർ സംവിധാനത്തിലേക്കാണ് കേന്ദ്രഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത് രാജ്യത്തെ തൊഴിലാളി സമൂഹത്തിനും തൊഴിലാളിവർഗ്ഗത്തിനും ഇത് ഗുണകരമല്ല എന്നതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ആ കാര്യങ്ങളിൽ കഴിയുന്ന രീതയിൽ നമുക്ക് ഒരുമിച്ച് മുന്നേറാം. ഈ നിയമം ഇഫക്ടീവാക്കാൻ സബ്ജക്ട് കമ്മറ്റിയിൽ തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്ത് തീരുമാനമെടുത്ത് മുന്നോട്ടുകൊണ്ടുപോകാം. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

(മി. ഡെപ്യൂട്ടി സ്പീക്കർ)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പുരുഷൻ കടലുണ്ടി അങ്ങയുടെ നിരാകരണ പ്രമേയം പ്രസ്സ് ചെയ്യുണ്ടോ?

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. പുരുഷൻ കടലുണ്ടി അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്; ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ

വിദ്യുത്ച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച 7-ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഒരു കാര്യത്തിൽ ചെയറിന് പ്രത്യേക നന്ദിയുണ്ട്. അംഗങ്ങൾ സംസാരം സ്വയം നിയന്ത്രിക്കണമെന്നൊരു ചെറിയ നിർദ്ദേശം 1.30 നാണ് മുന്നോട്ടു വച്ചത്. അത് എല്ലാ അംഗങ്ങളും അതിന്റേതായ ഗൗരവത്തിൽ സ്വീകരിച്ചു. രണ്ട് ബില്ലുകളാണ് ചുരുങ്ങിയ സമയംകൊണ്ട് അവതരിപ്പിച്ചത്. എല്ലാ അംഗങ്ങളോടുമുള്ള ചെയറിന്റെ നന്ദി പ്രത്യേകം അറിയിക്കുന്നു. അടുത്ത ദിവസങ്ങളിലും ഈ മാതൃക പിന്തുടരണം എന്നുകൂടി ചെയർ അഭ്യർത്ഥിക്കുന്നു.

ഓർഡർ ............ഓർഡർ...........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 4-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.05-ന് പിരിഞ്ഞു.)